തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

# ജീവനും വെളിച്ചവും

ഏപ്രിൽ 2026




## ഉയിർപ്പ്:
## നിരാശയിൽനിന്നും
## പ്രത്യാശയിലേക്കും
## തകർച്ചയിൽനിന്നും
## ഉയർച്ചയിലേക്കും
## നമ്മെ നയിക്കുന്നു.

# WILL Centre, Palayalam



*Earn while learn*

'വിൽ' സെന്ററിൽ നിന്നും ജർമ്മനിയിലേക്ക്
പോകുന്ന യുവ പ്രതിഭകൾക്ക്

## ആശംസകൾ

**+2 കഴിഞ്ഞോ?**
ജർമനിയിൽ
സൗജന്യമായി
നഴ്സിംഗ് പഠിക്കാം

നഴ്സിംഗ്
Bsc/GNM
കഴിഞ്ഞവരാണോ?

ഹോട്ടൽ
മാനേജ്മെന്റ്
കഴിഞ്ഞവരാണോ?

ജർമനിയിൽ ജോലി ചെയ്യാം........

**ജർമൻ ഭാഷാപഠനത്തിനുള്ള പുതിയ ബാച്ച്
ഉടൻ ആരംഭിക്കുന്നു**

## A1, A2, B1, B2

തിരുവനന്തപുരം ലത്തീൻ അതിരൂപതാസ്ഥാപനം

**WAVES** INTERNATIONAL LANGUAGE LEARNING CENTRE
Near St. Joseph's Cathedral, Palayam-695033, Trivandrum, Kerala, India.
Phone: +91 9188 925901, 7994299960. www.willcentre.in, email: info@willcentre.in

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 ഏപ്രിൽ | പുസ്തകം 68 | ലക്കം 4

**രക്ഷാധികാരി:**
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

**സഹരക്ഷാധികാരി:**
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
മോൺ. യൂജിൻ എച്ച്. പെരേര

**ഉപദേശക സമിതി:**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. സനീഷ് എസ്. എം.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. ബീഡ് മനോജ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സഖറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ.നിജു അജിത്ത്
ഫാ. ഫ്രെഡി സോളമൻ

**പത്രാധിപർ:**
ഫാ. വിജിൽ ജോർജ്ജ്

**സഹ പത്രാധിപർ:**
ബർഗ്മാൻ തോമസ്

**പത്രാധിപ സമിതി:**
മോൺ. ജയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
സുനിൽ സി. ഇ.
ഡോ. ഐറിസ് കൊയ്‌ലിയോ
ജോൺസൺ റോച്ച്

**മാനേജർ (പരസ്യ വിഭാഗം):**
ഫാ. മനീഷ് പീറ്റർ

**കവർ & ലേ-ഔട്ട്:**
സതീഷ് ജി.

**വിലാസം**
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com
www.latinarchdiocesetrivandrum.org
www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

## മുഖവിചാരം

ദൈവം സ്നേഹമാണ് (1യോഹ 4:7). ലോകത്താകെയും സ്നേഹം മഞ്ഞുപോലെ തണുത്തുറഞ്ഞുപോവുകയും വെറുപ്പ് തീജ്വാലപോലെ ആളിക്കത്തുകയും ചെയ്യുന്ന ഒരു കാലത്താണ് നാം ജീവിക്കുക. രാജ്യങ്ങളും അധികാരങ്ങളുംതമ്മിൽ യുദ്ധം ചെയ്യുമ്പോൾ, കുട്ടികളും സ്ത്രീകളുമുൾപ്പെടെ അനേകായിരം മണ്ണായും കൽച്ചീളുകളായും അവശേഷിക്കുമ്പോൾ അതിൽ എന്നും പാപം ഉണ്ട്. അപരനോടുള്ള വെറുപ്പിലും വിദ്വേഷത്തിലും അപരനോടുകാട്ടുന്ന സ്നേഹരാഹിത്യത്തിലും വിധിന്യായങ്ങളിലും അപരനെ കുറ്റപ്പെടുത്തുന്ന നോട്ടത്തിൽപോലും പാപം ഉണ്ട്.

സംവത്സരങ്ങൾക്കുമപ്പുറം, ഇവ്വിധം പാപങ്ങൾ നിറഞ്ഞ അസംഖ്യം സ്ഥിതിവിശേഷങ്ങൾക്കുമുൻപിലാണ് ക്രിസ്തു പിറവികൊണ്ടത്. ആരാണ് ക്രിസ്തു എന്ന ചോദ്യത്തിന് സ്നേഹത്തിന്റെ സുവിശേഷമാണ് ക്രിസ്തു എന്നുത്തരം. സ്നേഹത്തെക്കുറിച്ച് ലോകത്തിലാദ്യം പറഞ്ഞതും ക്രിസ്തുവാണ്. മുപ്പത്തിമൂന്നു വർഷത്തെ ആ ജീവിതവും ചിന്തകളും 'നിങ്ങൾ പരസ്പരം സ്നേഹിക്കുക' എന്ന ഒറ്റ വാചകത്തിന്റെ വജ്രത്തിളക്കത്തിലേക്ക് ചെത്തിമിനുക്കിയെടുത്തു. ക്രിസ്തു സ്നേഹത്തെയും, ജീവിതത്തെയും ദൈവത്തിന്റെ വെളിച്ചത്തിൽ ദർശിച്ചു. എല്ലാത്തിന്റെയും അവസാനവാക്ക് സ്നേഹം ആയിരിക്കണമെന്ന് ആഗ്രഹിച്ചു. അതുകൊണ്ടാണ് തിരുവത്താഴ മേശയിൽവച്ച്, ഇനിമുതൽ ഞാൻ നിങ്ങളെ ശിഷ്യരെന്നു വിളിക്കില്ല, സ്നേഹിതരെന്നുമാത്രമേ വിളിക്കൂ എന്നു പ്രഖ്യാപിച്ചത്.

സ്നേഹം പ്രവൃത്തിയുടെ ഭാഷയാണ്. പ്രവൃത്തികളിൽ സ്നേഹമില്ലെങ്കിൽ അത് പൂർണമായും അപ്രത്യക്ഷമാവും. ഓരോ മനുഷ്യനും മറ്റെല്ലാവരോടും എല്ലാത്തിനോടും സാത്മീഭവിക്കുന്നിടത്ത് സ്നേഹം ഉത്ഭവിക്കും. സ്നേഹം മാനവികതയുടെ പര്യായം ആകുന്നത് അങ്ങനെയാണ്. മനുഷ്യവംശത്തിന്റെ മുഴുവൻ നന്മയും നേടുക എന്നത്, സാർവകാലികവും സാർവദേശീയവും സാർവജനീനവുമായ സ്നേഹമല്ലാതെ മറ്റെന്താണ്? ലോകം മുഴുവനും എക്കാലവും ഏറ്റുപാടാൻ സ്നേഹപൂർവം ക്രിസ്തു ജീവിക്കുകയായിരുന്നു. സ്നേഹം അതിന്റെ പൂർണതയിലെത്താൻ സ്വജീവിതം പീഡാസഹനത്തിനും കുരിശുമരണത്തിനും ഉയിർപ്പിനും സമർപ്പിച്ചു. ലോകത്തിലെ സകല മനുഷ്യർക്കുംവേണ്ടി അർപ്പിച്ച ഒരു ജീവിതമായിരുന്നു അത്. മൂന്നേ മൂന്നു ദശകം മാത്രം നീണ്ട ഒരു സാർഥകജീവിതം. പന്ത്രണ്ടാംവയസ്സിൽ ലഭിച്ച അവബോധം ഒടുവിൽ മുപ്പത്തിമൂന്നാം വയസ്സിൽ മരക്കുരിശിൽ പൂർത്തീകരണം.

ക്രിസ്തു കുരിശിൽ മരിച്ചു എന്നതിലുപരി കുരിശേറി മരിക്കാൻ ഒരു ജീവിതം കരുതിവച്ചു എന്നതാണ്. അവനറിയാമായിരുന്നു, കുരിശിൽ മരിക്കാൻ സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷയുടെ ഒരു ശരീരം വേണമെന്ന്. അവനെ കുരിശിൽ തറച്ചു. അവൻ കുരിശിൽ മരിച്ചു. പക്ഷേ, മരിക്കാൻ കഴിയാത്ത ഒരു ജീവിതം കുരിശിൽ തറച്ചുകിടന്നു. അഥവാ സ്നേഹം കുരിശിൽ ചൊരിഞ്ഞു കിടന്നു; രക്തം സ്നാതംചെയ്ത സ്നേഹം. അനശ്വരസ്നേഹം. സ്നേഹത്തിന്റെ നിത്യമുദ്ര.

ഏവർക്കും ഉയിർപ്പാശംസകൾ...




### ആർദ്രതയുടെ നോമ്പുകാലം
**ദീപ ജോണി, പുതുക്കുറിച്ചി**

കഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ദീപക്കച്ചന്റെ നോമ്പുകാല ലേഖനം മികവുറ്റതായിരുന്നു. നോമ്പുകാലമെല്ലാം ഓരോ വാർഷികാചരണമായി മാറുന്നതിൽ ഖേദമുണ്ട്. കരുണയുടെയും സ്നേഹത്തിന്റെയും ആർദ്രതയുടെയും ഉറവകൾ വറ്റിപ്പോകുന്നില്ലേ? ഭക്ഷണ നിയന്ത്രണം പാലിച്ച് ഉപവാസത്തിൽ നാം തൃപ്തിയടയുന്നു. കൂടെയുള്ളവരുടെയും അയൽക്കാരുടെയും നൊമ്പരംപോലും നാം അറിയുന്നില്ല. ക്രിസ്തു നമ്മിൽ നിന്നേറെ ദൂരെയാണ്. ഹൃദയസ്പർശിയായ ലേഖനം. അഭിനന്ദനങ്ങൾ.

### ലത്തീൻ സമുദായത്തിന്റെ ദീനരോദനങ്ങൾ
**സിനി സെൽവനായകം, വിഴിഞ്ഞം**

ജോസഫ് ജൂഡിന്റെ ലേഖനം വായിച്ചു. "അവഗണിക്കപ്പെടുന്ന ലത്തീൻസമുദായം' എന്ന തലക്കെട്ടുള്ള ദീനരോദന ലേഖനങ്ങൾ പത്രമാസികകളിൽ ധാരാളമായി വായിക്കുന്നു. പക്ഷേ, എന്നുമെന്നും സമുദായത്തോടുള്ള അവഗണന തുടരുകയും ഒരു ദീനരോദനം മാത്രമായി അവശേഷിക്കുകയും ചെയ്യുന്നു. ലേഖനമെഴുതി ലത്തീൻസമുദായത്തെ ശാക്തീകരിക്കാൻ ഒരിക്കലും കഴിയുകയില്ല. ആരെയും കുറ്റപ്പെടുത്തുകയല്ല, സ്വയം വിമർശനം നടത്തിയാൽ യാഥാർഥ്യങ്ങൾ ബോധ്യപ്പെടും. തീരദേശത്തെ ജനതയെ രാഷ്ട്രീയ സാക്ഷരരാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പിന്നീടവർ വളർന്നുകൊള്ളും. ഈ അവഗണയുടെ അർഥമെന്തെന്ന് മനസ്സിലാവും.

### അർഥപൂർണമായ വനിതാദിന കവിതകൾ
**സിസിലി, കുമാരപുരം**

വനിതാ ദിനവുമായി ബന്ധപ്പെട്ട വിവർത്തന കവിതകൾ എല്ലാം തന്നെ ഒന്നിനൊന്ന് മികച്ചതായിരുന്നു. സ്ത്രീകളുടെ അവകാശവും തുല്യതയും ലിംഗനീതിക്കുവേണ്ടിയുള്ള പോരാട്ടവും കവിതകളിൽ വായിച്ചെടുക്കാം. കവികൾക്കും വിവർത്തകർക്കും ഒരു ലവ് ഇമോജി. അതുപോലെ റീഷ്മ സൈമൺ രചിച്ച സന്യസ്ഥരുടെ ജീവിതം പറയുന്ന 'ത്യാഗത്തിന്റെ കനൽരതം' എന്ന കവിതയും മനോഹരമായിരുന്നു. അഭിനന്ദനങ്ങൾ.

### യൗസേപ്പിതാവിന്റെ ജീവിതം ഒരു ആത്മീയ തീർഥയാത്ര
**ജോൺ ജോസഫ്, പുത്തൻതോപ്പ്**

യൗസേപ്പിതാവിനെക്കുറിച്ച് ജോയി ജോൺ എഴുതിയ ലേഖനം നന്നായിരുന്നു. യൗസേപ്പിതാവിന്റെ ജീവിതം തൊട്ടറിഞ്ഞ ആത്മീയ തീർഥയാത്രയായിരുന്നു പ്രസ്തുത മനോഹര ലേഖനം. വിശുദ്ധരുടെ ജീവിതം അനുകരിക്കാനും അനുസരിക്കുവാനും വേണ്ടിയാണ് തിരുനാളുകൾ. നമ്മുടെ കുടുംബങ്ങളിൽ പ്രകാശം പരത്തുന്ന യൗസേപ്പിതാവ് നമ്മുടെ കുടുംബങ്ങളെയും തിരുക്കുടുംബംപോലെ ശ്രേഷ്ഠമാക്കാൻ കരുത്തുള്ളവനാണ്. ആധുനിക അണുകുടുംബങ്ങൾക്കെന്നും വെല്ലുവിളിയാണ് നസ്രത്തിലെ തച്ചന്റെ ജീവിത വഴികൾ. ലേഖകന് അഭിവാദ്യങ്ങൾ!

### മുഖവിചാരം ഹൃദ്യം
**ജോസ് ഫ്രാങ്ക്ളിൻ, മൂങ്ങോട്**

മാർച്ച് ലക്കത്തിലെ മുഖവിചാരം ഹൃദ്യമായിരുന്നു. തപസ്സുകാലത്തെ ധന്യമാക്കുവാൻ വേണ്ടതെല്ലാം മുഖവിചാരം തന്നു. ആത്മീയ ജീവിതത്തിന്റെ വ്യത്യസ്ത അർഥതലങ്ങൾ അന്യരെയും ചേർത്തണയ്ക്കുമ്പോൾ മാത്രമേ പൂർണമാവുകയുള്ളൂ. അതാണ് ക്രൈസ്തവ ആധ്യാത്മിക തേജസ്സിന്റെ പൊരുളും ഉൾപ്പൊരുളും ഉൾപ്പുളകവും. സ്നേഹത്തിന് പുത്തൻ ദാർശനിക മാനങ്ങൾ പകർന്നു തരാൻ നസ്രായന് കഴിഞ്ഞു. പാദം കഴുകി ചുംബിച്ച ക്രിസ്തുവിന്റെ പാദം പിന്തുടരാനുള്ള അനുഗ്രഹീതമായ നോമ്പുകാലത്തെക്കുറിച്ചുള്ള അത്യുത്തമ 'മുഖവിചാര'ത്തിന് നന്ദി. പ്രത്യാശ നിറഞ്ഞ ഈസ്റ്ററാശംസകൾ നേരുന്നു.















# താളുകളിൽ


## ഇടയ സന്ദേശം ........ 06
മോസ്റ്റ്. റവ. ഡോ. തോമസ് ജെ.നെറ്റോ

## ലേഖനം

കല്ലറയും കടന്ന് ........ 08
ഫാ. തോമസ് പാട്ടത്തിൽചിറ CMF

പണിക്കാർ ഉപേക്ഷിച്ചകല്ല് മൂലക്കല്ലായി ഭവിച്ചു ........ 12
ഫാ. ജോണി പുത്തൻവീട്ടിൽ IVDei

സൂസപാക്യം പിതാവിന്റെ മൂന്നു കുറവുകൾ ........ 14
ഫാ. വർഗീസ് ജോസഫ്

ഉത്ഥിതന്റെ സമ്മാനം:
''സമാധാനം നിങ്ങളോടുകൂടെ'' ........ 18
റവ. ഡോ. ലോറൻസ് കുലാസ്

അവധിക്കാല വിശ്വാസോത്സവം:
ഒരു ആത്മീയ സംരംഭം ........ 20
പ്രീതി ഫ്രാങ്ക്ളിൻ

തണലിടങ്ങളിലെ ചെറുതല്ലാത്ത ഉയിർപ്പ് ........ 22
മീഡിയ ടീം, ജീവനും വെളിച്ചവും

പശ്ചിമേഷ്യൻ സമാധാന കാഴ്ചപ്പാട്
ലിയോ പാപ്പയിലൂടെ ........ 28
എം. ജോൺസൺ റോച്ച്

മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ട് ........ 34
സ്മിത ജി. കെ & ബനഡിക്ട്

## കവിത

മഗ്ദലനയുടെ പെസഹാക്കാലം ........ 11
ഐറിസ്

താളം ........ 25
ഫാ. ബിജോയ് കെ. സി.

## ടാക്കീസ് ........ 32
ഭീഷ്മർ എന്ന സിനിമയുടെ വായന -സുനിൽ സി.ഇ.

## കാനോൻ നിയമം ........ 17

## സ്റ്റുഡന്റ്സ് ഫോറം ........ 26


## ചരിത്രപഥം ........ 30

## വചന ജ്വാല ........ 36

## വാർത്തകൾ ........ 38

## നീർച്ചാൽ ........ 40

## നേർക്കാഴ്ച ........ 42


REJOISE
HE IS RISEN



"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല. അവൻ ഉയിർപ്പിക്കപ്പെട്ടു"(ലൂക്കാ 24:5). പ്രത്യാശയുടെ ഈ സന്ദേശമാണ് ഉത്ഥാനപുലരിയിൽ സുഗന്ധദ്രവ്യങ്ങളുമായി യേശുവിന്റെ കല്ലറയുടെ അടുത്തേക്കുപോയ സ്ത്രീകൾ ശ്രവിച്ചത്.

എല്ലാ പ്രതീക്ഷകളെയും ഉജ്ജീവിപ്പിക്കുന്ന തിരുനാളാണ് ഉയിർപ്പ്. എല്ലാം അവസാനിച്ചു, ഇനിയൊരു പ്രതീക്ഷയുമില്ലെന്നു കരുതുന്നിടത്ത്, എല്ലാം പുതുതായി തുടങ്ങുകയാണ് ഉയിർപ്പിലൂടെ. ഇനിയെന്ത് എന്ന ചിന്തയിൽ യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്ന ശിഷ്യരുടെ അടുക്കലേക്ക് കടന്നുവരുന്ന ഉത്ഥിതൻ അവർക്ക് നൽകുന്നത് സമാധാനവും പരിശുദ്ധാത്മാവിനെയുമാണ് (യോഹ 20:19-23). കുരിശുമരണത്തോടെ എല്ലാം അവസാനിച്ചു എന്നുകരുതിയ ശിഷ്യരിൽ ചിലർ തങ്ങളുടെ പഴയ തൊഴിലായ മീൻപിടുത്തത്തിലേക്ക് മടങ്ങിപ്പോയി. രാത്രിമുഴുവൻ അധ്വാനിച്ചിട്ടും ഒന്നുംകിട്ടാതെ നിരാശയോടെ മടങ്ങിയെത്തുന്ന അവരെ കടൽത്തീരത്ത് കാത്തുനിൽക്കുന്ന ഉത്ഥിതന്റെ ചിത്രം ഹൃദയസ്പർശിയാണ്. പിന്നെ, അവരിൽ സംഭവിക്കുന്നത് പുതിയ തുടക്കങ്ങളും വലിയ അധ്വാനഫലങ്ങളുമാണ്( യോഹ. 21: 1-14). എല്ലാം കഴിഞ്ഞെന്നുകരുതി നിരാശയോടെ മ്ലാനവദനരായി ജറുസലേംവിട്ട് എമ്മാവൂസിലേക്കുപോയ ആ രണ്ട് ശിഷ്യന്മാരോടൊപ്പം ഉത്ഥിതൻ യാത്രചെയ്യുന്നതും അവർക്ക് വചനം വ്യാഖ്യാനിച്ച് കൊടുക്കുന്നതും അപ്പംമുറിച്ച് പങ്കുവച്ചുനൽകുന്നതും അതിലൂടെ അവരുടെ ഹൃദയങ്ങൾ ജ്വലിക്കുന്നതും കണ്ണുകൾ തുറന്നു ഉത്ഥിതനെ തിരിച്ചറിയുന്നതുമെല്ലാം അവരെ നയിച്ചത് പുത്തൻ ചുവടുവയ്പുകളിലേക്കായിരുന്നു.

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി 15:14). ഉയിർപ്പിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ് പൗലോസ് അപ്പസ്തോലന്റെ ഈ വാക്കുകൾ. മരണം ജീവിതത്തിന്റെ അവസാന വാക്കല്ല എന്ന് ഉയിർപ്പ് ഉദ്ഘോഷിക്കുന്നു. അതുകൊണ്ടാണ് അപ്പസ്തോലൻ ഇപ്രകാരം ചോദിച്ചത്: "മരണമേ, നിന്റെ വിജയമെവിടെ? മരണമേ, നിന്റെ ദംശനമെവിടെ?"(1 കോറി 15: 54-55).

തിന്മയ്ക്കെതിരെ നന്മനേടിയ വിജയമാണ് ക്രിസ്തുവിന്റെ ഉയിർപ്പ്. ഉയിർപ്പിന്റെ അനുഭവം സ്വായത്തമാക്കാൻ ഉത്ഥിതൻ നമുക്ക് തുറന്നുതരുന്ന മാർഗം തിന്മയെ നന്മകൊണ്ടും (മത്താ 5:38-42), പ്രലോഭനങ്ങളെ വചനംകൊണ്ടും (മത്താ 4: 4-9), പീഡിപ്പിക്കുന്നവരെ ക്ഷമിക്കുന്ന സ്നേഹംകൊണ്ടും (ലൂക്കാ 23:34) നേരിടുന്ന മാർഗമാണ്. ദുഃഖവെള്ളിയിലൂടെയാണ് ഉയിർപ്പുഞായറിലേക്ക് യേശു പ്രവേശിച്ചത്. അതേവഴി തന്നെയാണ് ഇന്ന് ക്രിസ്തുവിശ്വാസിയുടെ മുന്നിലും തെളിയുന്നത്. തന്റെ ഉയിർപ്പിലൂടെ ക്രിസ്തു പുതിയ ജീവിതത്തിലേയ്ക്കുള്ളവഴി നമുക്കായി തുറന്നുതന്നു.

ഉത്ഥിതനായ ക്രിസ്തു ഇന്നും ജീവിക്കുന്നു. ഒരു പഴമൊഴി ഇങ്ങനെ പറയുന്നു: "പോകാൻ ഒരിടം, കാത്തിരിക്കാൻ ഒരാൾ, ഇത്രയുമുണ്ടെങ്കിൽ ജീവിതം സഫലമായി.' ഈസ്റ്റർ ഈയൊരു പ്രത്യാശയാണ് നമുക്കുനൽകുന്നത്. പോകാൻ ഒരിടവും കാത്തിരിക്കാൻ ഒരാളും നമ്മെ സംബന്ധിച്ച് ഉത്ഥിതനായ ക്രിസ്തുവാണ്. പലതരം സങ്കടങ്ങളും നൊമ്പരങ്ങളും ആകുലതകളും നിരാശകളും നമ്മുടെ ജീവിതത്തെ അലട്ടുന്നുണ്ടാകാം. പക്ഷേ ഓർക്കുക, ഒരിക്കലും അണയാത്ത പ്രത്യാശയുടെ വിളക്കുമായി ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥൻ നമ്മുടെ ജീവിതങ്ങളിലേക്ക് ഇപ്പോഴും കടന്നുവരുന്നുണ്ട്.



• ലേഖനം • ഫാ. തോമസ് പാട്ടത്തിൽചിറ CMF

# കല്ലറയും കടന്ന്

കല്ലറയുംകടന്നുപോകാൻ
ആ മനുഷ്യപുത്രനെ
പ്രാപ്തനാക്കിയത്
ലോകത്തിലും,
ലൗകികമായവയിലും
നിന്നെല്ലാം അവൻ
കാത്തുസൂക്ഷിച്ച
ഒരു താത്വികദൂരം
കൂടിയായിരുന്നു.
സ്വർഗവും
സ്വപിതാവുമൊഴികെ
ബാക്കി സകലതിൽനിന്നും
അന്ത്യത്തോളം
അവൻ സസൂക്ഷ്മം
ഒരു കല്ലേറകലം
പാലിച്ചിരുന്നു.

കല്ലറയുടെ കവാടവും കടന്ന്കൈയുംവീശി നടന്ന് നീങ്ങിയ നീതിമാനായ ഒരു മനുഷ്യൻ! മൂന്നുനാൾമുമ്പ് മൂന്നാണികളിൽ അവനെ മരക്കുരിശിൽ തൂക്കിക്കൊന്ന്, അടക്കിയ ഒട്ടുമിക്കവരും ആ കല്ലറ എല്ലാറ്റിന്റെയും ഒടുക്കമാണെന്ന് കരുതിയിരുന്നു. പക്ഷേ, മൂന്നാംപക്കം അവൻ മരണമയക്കത്തിൽനിന്നും മെല്ലെ മിഴിതിരുമ്മി ഉണർന്നു! കല്ലറയും കടന്നുപോകാൻ ആ മനുഷ്യപുത്രനെ പ്രാപ്തനാക്കിയത് ലോകത്തിലും, ലൗകികമായവയിലും നിന്നെല്ലാം അവൻ കാത്തുസൂക്ഷിച്ച
ഒരു താ
ത്വി



ക ദൂ
രം കു ടി
യാ യി രു ന്നു .
സ്വർഗവും സ്വപിതാവുമൊഴികെ ബാക്കി സകലതിൽനിന്നും അന്ത്യത്തോളം അവൻ സസൂക്ഷ്മം ഒരു കല്ലേറകലം (ലൂക്കാ22:41) പാലിച്ചിരുന്നു. അതുകൊണ്ടുതന്നെ, മണ്ണിന്റെ മണമുള്ള ഒന്നിനെയുംവിട്ടുപോകാൻ അവന് ഒട്ടും വിഷമമില്ലായിരുന്നു. അവന്റെ പുനരുത്ഥാനത്തിന്റെ പൊൻപ്രഭ പടരുന്ന പുണ്യദിനങ്ങളിൽ ആ താത്വികദൂരത്തിന്റെ ചില മാനങ്ങളെ ക്രിസ്ത്യാനിയായ നീ മനനവിധേയമാക്കുന്നത് ഉചിതമായിരിക്കും.

ആദ്യമായി, ആഹാരത്തിൽനിന്നുള്ള അകലമാണ്. ഉണ്ണുന്നവരാണ് മനുഷ്യരായ നാം. നമ്മുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ് ആഹാരം. ശരീരത്തിനു ശക്തിയും ശേഷിയും പകരുന്നത് പോഷകഗുണമുള്ള ആഹാരപദാർത്ഥങ്ങളാണ്. അതുകൊണ്ടുതന്നെ, ഭോജനസമ്പാദനത്തിനുവേണ്ടിയാണ് ജീവജാലങ്ങൾ സമയത്തിന്റെ സിംഹഭാഗവും ചിലവഴിക്കുന്നത്.

എന്നാൽ, മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നായ ആഹാരത്തിൽനിന്നും ഒരു നിശ്ചിതഅകലം പാലിക്കാൻ മനുഷ്യനായിരുന്നിട്ടും ക്രിസ്തുവിനു കഴിഞ്ഞു. ആഹാരം അവനൊരു ആകുലതയായിരുന്നില്ല. അവിഞ്ഞുതീരുന്ന ആഹാരത്തോടും ആവിയായിപ്പോകുന്ന പാനീയത്തോടുമൊന്നും അവനു ആസക്തിയില്ലായിരുന്നു. മരുഭൂമിയിലെ പൊള്ളുന്ന മണലിൽ ജലപാനംപോലുമില്ലാതെ നീണ്ട നാല്പതു ദിനരാത്രങ്ങൾ ചിലവഴിച്ചുകൊണ്ടാണ് അവൻ തന്റെ ദൗത്യജീവിതം ആരംഭിച്ചത്. കടലുകരിഞ്ഞപ്പോഴും, തൊണ്ട വരണ്ടപ്പോഴും പ്രലോഭനങ്ങളെ പരാജയപ്പെടുത്താനുള്ള ആത്മീയബലം അവനുണ്ടായിരുന്നു. കാരണം, കേവലം അപ്പം മാത്രമായിരുന്നില്ല അവന്റെ ഉപജീവനം (ലൂക്കാ4:4). വായിലേയ്ക്ക് പോകുന്ന നശ്വരമായ അപ്പത്തിൽനിന്നുമുള്ള അവന്റെ അകലം ദൈവപിതാവിന്റെ വായിൽ നിന്നുവരുന്ന വചനമാകുന്ന അനശ്വര അപ്പത്തിലേയ്ക്ക് അവനെ അടുപ്പിച്ചു. നിത്യജീവന്റെ അപ്പത്തിനുവേണ്ടിയുള്ള അധ്വാനത്തിനാണ് അവൻ വിലകല്പിച്ചത് (യോഹ.6:27). ആർക്കുംഅറിയാത്ത ആഹാരമായിരുന്നു അവന്റെ വിശപ്പ് അകറ്റിയിരുന്നത് (യോഹ.4:32). വിശപ്പിന്റെവിളി കേട്ടവനാണവൻ! ഭക്ഷണത്തെക്കാൾ മൂല്യമുള്ളതായി മറ്റുപലതുമുണ്ടെന്നു അവൻ പഠിപ്പിച്ചു (ലൂക്കാ12:23). ആഹാരത്തെക്കുറിച്ച് ആവലാതിപ്പെടാതെ, വിതയ്ക്കാത്തവയുടെയും, വിളവെടുക്കാത്തവയുടെയുംപോലും വിശപ്പടക്കുന്ന വിശ്വപാലകന്റെ (സങ്കീ.136:25; മത്താ.6:26)) കരുതലിൽ കണ്ണടച്ചുവിശ്വസിക്കാനാണ് അവൻ തന്റെ ശിഷ്യഗണത്തിനു ശിക്ഷണംകൊടുത്തത്. ഒടുവിൽ, ജലപാനമില്ലാതെ മണിക്കൂറുകൾ നീണ്ട വിചാരണവിധികൾക്കുശേഷം ഒട്ടിയവയറുമായി ഒരു തടിക്കുരിശിൽ തലതാഴ്ത്തി! അതെ, അടുപ്പിനോടും, അപ്പത്തോടുമൊന്നും അവന് അധികം അടുപ്പമില്ലായിരുന്നു.

രണ്ടാമതായി, ആടയിൽനിന്നുള്ള അകലമാണ്. ഉടുക്കുന്നവരാണ് മനുഷ്യരായ നാം. ഇതര ജീവികളിൽനിന്നും നമ്മെ വ്യത്യസ്തരാക്കുന്ന ഘടകങ്ങളിൽ ഒന്നാണ് വസ്ത്രം. നമ്മുടെ സംസ്കാരത്തിന്റെയും വ്യക്തിത്വത്തിന്റെയും അഭിമാനത്തിന്റെയും അടയാളമാണ് നാം അണിയുന്ന ആടകൾ.

എന്നാൽ, മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നായ ആടയിൽനിന്നും ഒരു നിശ്ചിതഅകലം പാലിക്കാൻ മനുഷ്യനായിരുന്നിട്ടും ക്രിസ്തുവിനു കഴിഞ്ഞു. പുൽത്തൊട്ടിയിലെ പിള്ളക്കച്ചയിൽ (ലൂക്കാ2:7) തുടങ്ങി പാറയിൽവെട്ടിയൊരുക്കിയ കല്ലറയിലെ വെള്ളക്കച്ചയിൽ (യോഹ.19:40) ഒടുങ്ങിയ അവന്റെ വാഴ്‌വിലെ വാസകാലത്തിൽ വസ്ത്രങ്ങളോട് അവനു വലിയ വാത്സല്യമൊന്നുമില്ലായിരുന്നു. കാരണം, വസ്ത്രത്തെക്കാൾ വിലയുള്ളതായി പലതുമുണ്ടെന്ന് അവനറിയാമായിരുന്നു (മത്താ.6:25). ആടകൾ അവനു ആവശ്യം മാത്രമായിരുന്നു, ആഢംബരമായിരുന്നില്ല. വസ്ത്രങ്ങളെപ്പറ്റി വ്യാകുലപ്പെടാതെ, വയലിലെ നൂൽനൂൽക്കാത്ത ലില്ലികളെപ്പോലും അഴകോടെ അണിയിച്ചൊരുക്കുന്ന സ്വർഗപിതാവിന്റെ പരിപാലനയിൽ ശരണപ്പെടാനാണ് അവൻ തന്റെ ശിഷ്യസമൂഹത്തെ ശീലിപ്പിച്ചത്. വസ്ത്രങ്ങളുടെ ഭാണ്ഡങ്ങൾ ഒരിക്കലും ഒരു ഭാരമാകരുതെന്ന് അവൻ നിഷ്കർഷിച്ചു (മർക്കോ 6:9). അതുകൊണ്ടുതന്നെ രണ്ടുടുപ്പുകളിൽ ഒന്ന് ഇല്ലാത്തവന്റെ അവകാശമാണെന്നും (ലൂക്ക 3:11), മേലങ്കി എടുക്കുന്നവനു കുപ്പായംകൂടി കൊടുക്കണമെന്നും (ലൂക്കാ6:29) അവൻ പഠിപ്പിച്ചു. ആഹാരത്തെപ്പോലെതന്നെ ആടയും അവനൊരു ആകുലതയായിരുന്നില്ല. മണ്ണുകൊണ്ടുമെനഞ്ഞ ശരീരത്തെയല്ല മറിച്ച്, ആത്മാവിനെ ആവരണംചെയ്യുന്ന ശുദ്ധതയുടെ ശുഭ്രവസ്ത്രത്തിലേയ്ക്കാണ് അവൻ തന്റെ അനുയായികളുടെ ദൃഷ്ടി തിരി ച്ചത്. അതുകൊ ണ്ടായിരിക്
കാം



താബോറിന്റെ നിറുകയിൽ അവന്റെ വസ്ത്രം വെണ്മയോടെ തിളങ്ങിയതും (മത്താ.17:2)! എല്ലാറ്റിനുമൊടുവിൽ, അല്പവേഷധാരിയായി അവന് കുരിശിൽകിടക്കേണ്ടിവന്നു. തന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കാനും, അങ്കി ചിട്ടിയിട്ടെടുക്കാനും അവൻ വിട്ടുകൊടുത്തു. അതേ, ഉടുപ്പിനോടൊന്നും അവന് അധികം അടുപ്പമില്ലായിരുന്നു.

മൂന്നാമതായി, ആലയത്തിൽനിന്നുള്ള അകലമാണ്. ഉറങ്ങുന്നവരാണ് മനുഷ്യരായ നാം. കയറിക്കിടക്കാൻ സ്വന്തമായ ഒരു വാസയിടം ഏതൊരാളുടെയും സ്വപ്നമാണ്. തിരികെവരാനൊരിടവും, തലചായ്ക്കാൻ തരിമണ്ണും, സുരക്ഷിതമായി കഴിയാൻ കുറച്ചു സ്ഥലവുമൊക്കെ ആഗ്രഹിക്കാത്തവർ ആരാണുള്ളത്? മണിമന്ദിരങ്ങൾ മെനയുന്നതിൽ മനുഷ്യർ, പ്രത്യേകിച്ച് മലയാളികൾ, തമ്മിലുള്ള മത്സരത്തിനു വീറുംവാശിയും നാൾതോറും ഏറിവന്നിട്ടേയുള്ളൂ. എന്നാൽ, മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നായ പാർപ്പിടത്തിൽനിന്നും ഒരു നിശ്ചിതഅകലം പാലിക്കാൻ മനുഷ്യനായിരുന്നിട്ടും ക്രിസ്തുവിനു കഴിഞ്ഞു. പിറന്നുവീണത് സത്രത്തിൽ പോലും സ്ഥലംലഭിക്കാതെ, കന്നുകാലികൾ കടംകൊടുത്ത ഒരു കച്ചിക്കിടക്കയിൽ. അതുപോലും ഉപേക്ഷിച്ച് ഒരു പാതിരാവിൽ പരദേശത്തേയ്ക്ക് പലായനംചെയ്തു. അവിടെ നാളുകൾ നീണ്ട അഭയാർത്ഥിവാസം. പിന്നീട്, പ്രായം പന്ത്രണ്ട് പൂർത്തിയാകുംവരെ വളർത്തുപിതാവ് കെട്ടിയുണ്ടാക്കിയ ഒരു കൊച്ചുവീട്ടിൽ കഴിഞ്ഞു. കേവലമൊരു കടമ്പയ്ക്കുള്ളിൽ ഒതുങ്ങിക്കൂടേണ്ടവനല്ല താനെന്ന തിരിച്ചറിവിൽ വീടുവിട്ടു. മുപ്പതാംവയസ്സുവരെ ആരാലും അറിയപ്പെടാതെ എവിടെയൊക്കെയോ താമസിച്ചു. ശേഷമുള്ള പരസ്യജീവിതത്തിന്റെ മൂന്നുവർഷങ്ങളിൽ സ്വഭവനത്തിൽ വിരളമായിമാത്രം കയറിയിറങ്ങിയ വെറുമൊരു വഴിപോക്കനായിരുന്നു അവൻ. പിറന്നയിടവും വളർന്നയിടവും താണ്ടിയുള്ള ആ താപസന്റെ തിരക്കേറിയ യാത്രയിൽ പലപ്പോഴും മയക്കവും വിശ്രമവും വള്ളപ്പടവിലും, വഴിയോരങ്ങളിലും, വിജനപ്രദേശങ്ങളിലും, മരത്തണലിലും, മലയോരങ്ങളിലുമൊക്കെ ആയിരുന്നു! കിളികളും കീ



ടങ്ങളും വരെ കൂടുകൂട്ടിയ ഭൂമിയിൽ തന്റേതായി ഒരു വീടില്ലാഞ്ഞതിനെ ഓർത്ത് ഒരിയ്ക്കലും അവന്റെ മുഖം വാടിയില്ല. വാഴ്വിലെ വെറുമൊരു വസതിയെക്കുറിച്ച് വ്യസനിക്കാതെ, വിണ്ണിലെ നിത്യതയുടെ വെൺകൂടാരങ്ങളെ ലക്ഷ്യമാക്കി ജീവിക്കാൻ അവൻ അനുയായികളെ ആഹ്വാനം ചെയ്തു. അവന് ആകെയുണ്ടായിരുന്ന അടുപ്പം താൻ വാസ്തവത്തിൽ ആയിരിക്കേണ്ട തന്റെ പിതാവിന്റെ ഭവനത്തോട് മാത്രമായിരുന്നു (ലൂക്കാ2:46; യോഹ.2:17).

അതുകൊണ്ടുതന്നെ, ആഹാരവും ആടയും എന്നപോലെ ആലയവും അവനൊരു ആകുലതയായിരുന്നില്ല. സർവതിന്റെയും സമാപ്തിയിൽ, തലചായ്ക്കാൻ തരിയിടവും പാദങ്ങളൂന്നാൻ ഒരടി പച്ചമണ്ണുമില്ലാതെ നിലത്തിനും നീലാംബരത്തിനും നടുവിൽ ആ നസ്രായൻ തൂങ്ങിനിന്നു! അതേ, കിടപ്പാടത്തോടൊന്നും അവന് അധികം കടപ്പാടില്ലായിരുന്നു.

സുഹൃത്തേ, നൈമിഷികങ്ങളായ സകലതിൽനിന്നും താത്വികമായ ഒരു കല്ലേറകലം മാറിനടന്നവന്റെ ചരിത്രം കല്ലറയുടെ ചുവരുകളും കടന്നുപോവുകയാണ്. ആ കർത്താവാണ് ക്രിസ്ത്യാനിയായ നിന്റെ വിശ്വാസത്തിന്റെ കാതൽ. അവന്റെ അനുയായിയായ നിന്റെ ജീവിതവും ജഡകുടീരം പിന്നിട്ട് പോകേണ്ടതുതന്നെ. അതിനു നിന്റെ ഗുരുവിനെപ്പോലെ നീയും നിന്റെ അനുദിനജീവിതത്തിൽ പലതിൽനിന്നും അല്പം അകലം പാലിക്കേണ്ടതുണ്ട്. നിന്റെ ജീവിതത്തിൽ ഒന്നും വേണ്ടെന്നല്ല, ഒടുവിൽ ഒന്നും നീ കൊണ്ടുപോകുന്നില്ല എന്നതാണ് വിവക്ഷ. ആകയാൽ, ലൗകികമായ ഒന്നിനോടും അത്യാഗ്രഹം അരുത്. അവയൊക്കെ പൂഴിയിൽ നിന്നെ പൂഴ്ത്തിനിർത്തുകയേയുള്ളൂ. ഭൂമിയിൽ നിന്നെ ഭാരപ്പെടുത്തുകയേയുള്ളൂ. വിശ്വാസിയായ നിന്റെ ജീവിതം ലേശംകൂടി ലഘുവാകട്ടെ. സ്വർഗമായിരിക്കട്ടെ നിന്റെ സ്വപ്നം. കല്ലറയും കടന്നുപോയവൻ-നിന്റെ രക്ഷകൻ-കുറവുകൾക്ക് കുറവില്ലാത്ത നിന്റെ ഇഹലോകജീവിതത്തിൽ വലിയൊരു വെല്ലുവിളിയാണ്. അവനോട് ആവുന്നത്ര അടുത്തു നില്ക്കുക. വശ്യതയുടെ ശക്തിയുള്ള സകലവിധ ആധുനിക വിഗ്രഹങ്ങളിൽനിന്നും അകന്നുനില്ക്കാൻ ആ അടുപ്പം നിന്നെ സഹായിക്കും. ഒരുനാൾ കല്ലറയും കടന്ന് നടന്നുനീങ്ങാൻ നിനക്കും കഴിയും.

•

• കവിത • ഐറിസ്



# മഗ്ദലനയുടെ പെസഹാക്കാലം

നീ ഇപ്പോഴും
ഒടുവിലത്തെ അത്താഴമൊ
രുക്കുന്നു
പ്രിയരെ ചേർത്തണയ്ക്കുന്നു

വിടയോതുംമുൻപേ
പ്രിയപാദങ്ങൾ  ഓരോന്നായി
കൈകളിലെടുക്കുന്നു

(പ്രണയം  തിരഞ്ഞ് പിൻചെന്നവ
അപമാനത്താൽ വിണ്ടുകീറിയവ
 ആട്ടിയോടിക്കപ്പെട്ട വഴികളിൽ കല്ലു
കൾ തുളച്ചവ
ഒറ്റിക്കൊടുക്കപ്പെട്ട്  നിറംകെട്ടവ
കാതങ്ങൾ അശരണമായി അല
ഞ്ഞവ
തനിച്ച് താണ്ടാൻ ഏറെയുണ്ടെന്ന്
തളരുന്നവ)
കുളിർനീരാൽ കഴുകി
മേലങ്കിയാൽ തുടച്ച്
മുഖം ചേർത്ത് മുകർന്ന്
ഇണങ്ങർ തമ്മിലിങ്ങനെ വേണമെന്ന്
പറയാതെ പറയുന്നു നീ



മാംസമായും ചോരയായും
അലിഞ്ഞൊന്നായവരെ അടർത്തിമാ
റ്റാൻ കാലമായെന്നറിയുന്നു
വഴിയിനി പലതായൊഴുകിയാലും
ഉയിർ പങ്കിട്ടവർ ഒന്നായിരിക്കുമെന്ന്
വാക്കാകുന്നു
അന്നമായും ദാഹത്തെളിയായും
തന്നെത്തന്നെ മുറിച്ച് വിളമ്പുന്നു

നീ  ആകാശങ്ങൾ കരേറിയതിൽ
പിന്നെ
മരുക്കളിൽനിന്ന് മരുക്കളിലേക്ക്
പുറങ്കടലിലേക്ക്
ഓർമയിൽനിന്നുമടർത്തി
വൻകരകളിൽനിന്ന്
അവരെന്നെ ആട്ടിയോടിച്ചു
നിന്റെ ഉയിരിൽനിന്നെന്നെ
പറിച്ചുമാറ്റി
വെറും ഉടലെന്ന് കല്ലെറിഞ്ഞു

അരികിലിരുത്താതെ
അയിത്തമെന്ന് നീക്കിയകറ്റി
നീ  സ്നേഹമൂട്ടിയ അത്താഴമേശയിൽ
നിന്ന്
നിന്റെ വാക്കിന്റെ ആകാശങ്ങളിൽ
നിന്ന്
നിന്നെ പങ്കിടുന്ന ഉടലാഴങ്ങളിൽ
നിന്ന്
എന്നെ തള്ളിയകറ്റി
നീയിതെല്ലാമറിയുന്നുവോ പ്രിയനേ

അതിശയങ്ങൾ വഴി നടത്തവേ
ഒച്ചയില്ലാതൊടുങ്ങിയവർ പെണ്ണാടു
കൾ
പതംപറഞ്ഞ്  തിരിച്ചുവരികയാണ്
എന്നിലൂടെ

 (ഞാനോ
നിന്റെ വഴികളിലെന്നും
വിശപ്പാറ്റി
നിനക്കുറങ്ങാൻ കാവലുതപ്പായി
നിന്റെ കാൽ കഴുകി പനിനീർ ചാലിച്ച്
നിനക്കൊപ്പം കാതങ്ങൾ താണ്ടി
നിനക്കൊപ്പം കനവ് നെയ്ത്
നിന്റെ വാക്കും വഴിയും
പകലും ഇരവും
തെരുവും ഊരും പങ്കിട്ട്
നിന്റെ കുരിശിൻകീഴിൽ
എന്തിനുമേതിനും കരുത്തേറ്റ്
കവിതയായുയർത്തവൾ )

മുഴുമിക്കാത്ത വാഴ്‌വുമായി
നീ വീണ്ടും വീണ്ടുമെത്തുമ്പോൾ
നിന്നെ ഒലിയായറിഞ്ഞ്
പല കൈവഴികളിലേക്ക്
തുടരുകയാണ്  നാം
സ്നേഹധീരരായ്

കാഴ്ചയുടെ പടവിൽ ഇന്ന്
നിന്നെയും കാത്തിരിക്കുന്നു ഞാൻ
കുളിർത്ത നീരുറവയിൽ
നാമന്യോന്യം
(നാമിരുവർ മാത്രമല്ല
മണ്ണിൽ മുളപൊട്ടി
വെയിലുംനിലാവും വളർത്തിയ
വാഴ്‌വിൻ  കണികകളോരോന്നും)
പാദം  കഴുകിച്ച്
മുകർന്ന് ചേർത്തണയ്ക്കും

അനന്തമായി നീയിങ്ങനെ
കുരിശേറുമ്പോൾ
ഇണങ്ങർ തമ്മിൽ
ഇങ്ങനെയല്ലാതെന്തെന്ന്
എന്റെ മൗനവും മടങ്ങുന്നു

• ലേഖനം • ഫാ. ജോണി പുത്തൻവീട്ടിൽ IVDei





# പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായി ഭവിച്ചു

ട്വന്റി20 ക്രിക്കറ്റ് ലോകകപ്പ് ഫൈനൽ മത്സരം കഴിഞ്ഞതിനു പിന്നാലെ, സഞ്ജു സാംസൺ ഗ്രൗണ്ടിൽ മുട്ടുകുത്തി കൈകളുയർത്തി പ്രാർഥിക്കുന്ന ചിത്രം പങ്കുവച്ച് അമ്മ ലിജി വാട്സാപ് സ്റ്റാറ്റസിൽ കുറിച്ചു; 'പണിക്കാർ ഉപേക്ഷിച്ച കല്ല് മൂലക്കല്ലായി ഭവിച്ചു. ദൈവത്തിനു സ്തുതി.' ബൈബിളിലെ ഈ സങ്കീർത്തന വാക്യം മകന്റെ ജീവിതവുമായി എത്രത്തോളം ചേർന്നു നിൽക്കുന്നുവെന്ന് മറ്റാരേക്കാളും നന്നായി അറിയാം ഈ അമ്മയ്ക്ക്. അതേസമയം അമ്മയുടെ ഫോണിലേക്ക് സഞ്ജുവിന്റെ സന്ദേശമെത്തി; 'നന്ദി അമ്മ... ഈ ജീവിതം തന്നതിന്.'

കേരളത്തിന്റെ അഭിമാന താരവും ഭാരതത്തിലെ കായിക ലോകത്തിന്റെ പ്രതീക്ഷയുമായ സഞ്ജു സാംസൺ വലിയ നന്മയുടെയും പ്രതീക്ഷയുടെയും വെളിച്ചംനൽകി നിലകൊള്ളുമ്പോൾ എല്ലാവരും അഭിമാനപൂർവം ഈ കളിക്കാരനെ നോക്കിനിൽക്കുന്നു. യഥാർത്ഥത്തിൽ സഞ്ജു സാംസൺ നൽകുന്ന വലിയൊരു മാതൃകയുണ്ട്. ജീവിതത്തിന്റെ പരാജയങ്ങളിലൊന്നും മനസ്സ് മടുക്കാതെ, ഹൃദയം നുറുങ്ങാതെ, പ്രതീക്ഷ നഷ്ടപ്പെടാതെ നിലകൊണ്ട നിമിഷങ്ങൾ... തിരസ്കരണങ്ങളും അപമാനങ്ങളും മാറ്റിനിർത്തലുകളും ഏറ്റുവാങ്ങുമ്പോഴൊക്കെയും തകർന്നു പോകാതെ പിടിച്ചുനിന്ന മുഹൂർത്തങ്ങൾ... കാരണം, അദ്ദേഹത്തിന്റെ ഉള്ളിൽ പ്രത്യാശയുടെ ഒരു കനൽ എന്നും ഉണ്ടായിരുന്നു; അപ്പനുകൊടുത്ത വാഗ്ദാനം, രാജ്യത്തോടുള്ള പ്രതിബദ്ധത, ജന്മനാടിനോടുള്ള നന്മയുടെ ബലം.

സഞ്ജു ജനിച്ചു വളർന്നത് തിരുവനന്തപുരം വിഴിഞ്ഞത്തെ കടലോര പ്രദേശത്താണ്. കടലിന്റെ ഓളവും തീരവും പ്രതീക്ഷയുടെ അടയാളങ്ങളാണ്. സഞ്ജുവും കടലിന്റെ മനസ്സ് ഉൾക്കൊണ്ട്, പ്രതീക്ഷ നഷ്ടപ്പെടാതെ അചഞ്ചലമായി തന്റെ ലക്ഷ്യത്തിനുവേണ്ടി നിലകൊള്ളുകയും, ആ ലക്ഷ്യത്തിനരികിൽ എത്തിയപ്പോൾ അമിതാഹ്ലാദം കാണിക്കാതെ കാത്തിരിക്കുകയും, സമ്പൂർണ വിജയം നേടിയപ്പോൾ നിഷ്കളങ്കമായ പുഞ്ചിരിയോടെ ലോകത്തെ അഭിവാദ്യം ചെയ്യുകയുംചെയ്തു. ജീവിതത്തിന്റെ പരാജയത്തിൽ തകർന്നുപോകാത്തവനേ ജീവിതവിജയത്തിൽ അഹങ്കരിക്കാതിരിക്കാനാകൂ. സഞ്ജു എന്ന കായികതാരം നൽകുന്ന നന്മയുടെ ഒരു മാതൃക കൂടിയാണിത്. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളെയും അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും കഴിയുന്ന, നഷ്ടങ്ങളിൽ നിരാശപ്പെടാനോ നേട്ടങ്ങളിൽ അഹങ്കരിക്കാനോ പാടില്ല എന്ന വലിയ ഒരു മാതൃക.

ഒരു ദേശത്തിനുമാത്രം പരിചയമുണ്ടായിരുന്ന സഞ്ജു ഇന്ന് കേരളത്തിന്റെയും ഭാരതത്തിന്റെയും മാത്രമല്ല ക്രിക്കറ്റിനെ സ്നേഹിക്കുന്ന സകലരുടെയും അഭിമാനതാരമായി മാറി. സഞ്ജുവിനെ ഞാൻ അറിയുന്ന കാലംമുതൽ ഇന്നോളം സഞ്ജുവിനോട് സംസാരിക്കുമ്പോഴൊക്കെ ലഭിക്കുന്ന പ്രത്യാശയുടെ, ലാളിത്യത്തിന്റെ അനുഭവം എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. നാട്ടിൽ വരുമ്പോഴൊക്കെ തിരുവനന്തപുരം കോവളത്ത് ആഴാകുളത്ത് സ്ഥിതിചെയ്യുന്ന ഐ.വി.ഡി സെമിനാരിയിൽ വരികയും അവിടെ കുഞ്ഞു സെമിനാരിയൻസിനോടൊപ്പം, ബ്രദേഴ്സിനോടൊപ്പം ക്രിക്കറ്റ് കളിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ വലുപ്പമോ താരബലമോ ഒരിക്കലും അതിനൊന്നും തടസ്സമായില്ല. സെമിനാരിയിലെ കുട്ടികളോടൊപ്പം ക്രിക്കറ്റ് കളിച്ച് അവരെ സന്തോഷിപ്പിച്ച് മടങ്ങും. പലപ്പോഴും സെമിനാരിയുടെ ചാപ്പലിൽ വന്ന് ദൈവാനുഗ്രഹത്തിനായി ദീർഘനേരം പ്രാർത്ഥിക്കുന്ന സഞ്ജുവിനെ ഇപ്പോഴും ഓർക്കുന്നു. അദ്ദേഹത്തിന്റെ ജീവിതപങ്കാളി ചാരുവും മിക്കപ്പോഴും കൂടെ ഉണ്ടാകാറുണ്ട്.




സഞ്ജു കടന്നുപോയ വഴികളെല്ലാം അത്ര സുഗമമായ, സന്തോഷപ്രദമായ ഒന്നായിരുന്നില്ല. ഒരുപാട് പ്രയാസങ്ങളിലൂടെ സങ്കടപ്പെടുന്ന അനുഭവങ്ങളിലൂടെ കടന്നുപോയാണ് ഇന്നുകാണുന്ന അംഗീകാരത്തിന്റെ അഭിമാനതലത്തിൽ എത്തിച്ചേർന്നത്. അദ്ദേഹത്തിന്റെ ഈ ജീവിതാനുഭവം സഹനത്തിന്റെ ഒരു അനുകരണീയ മാതൃകയാണ്. സഞ്ജു ഒരു കായികതാരത്തിനപ്പുറം മനുഷ്യസ്നേഹികൂടിയാണ്. മറ്റുള്ളവരുടെ ദുഃഖത്തിൽ, വേദനയിൽ ഭാഗഭാക്കാകുന്ന സഞ്ജുവിനെ പലപ്പോഴും കാണുവാൻ സാധിച്ചു. ആഴാകുളം ക്രിസ്തുരാജ ദേവാലയത്തിന്റെ ഉത്തരവാദിത്തം വഹിക്കുന്ന സമയത്ത് അവിടെ നാലോളം ഭവനങ്ങൾ സഞ്ജുവിന്റെ സാമ്പത്തിക സഹായത്താൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. മാത്രമല്ല, വിവിധ സാഹചര്യങ്ങളിൽ സാമ്പത്തിക സഹായം ആവശ്യമുള്ള അനേകരെ സഹായിക്കാൻ മുന്നോട്ടുവന്നു. കണ്ണൂരിൽ മടക്കാംപൊയിൽ എന്ന സ്ഥലത്ത് ഒരു സാധുമനുഷ്യന്റെ തകർന്ന ഭവനത്തിനുവേണ്ടി ചെറിയ സാമ്പത്തിക സഹായം ആവശ്യപ്പെട്ടപ്പോൾ നിറഞ്ഞ മനസ്സോടെ ആ ഭവനത്തിന്റെ പണി പൂർണമായും ചെയ്തുകൊടുത്തു. അപരന്റെ ദുഃഖവും വേദനയും നൊമ്പരവും തിരിച്ചറിയാൻകഴിവുള്ള വ്യക്തിയാണെന്ന് തെളിയിച്ചു.

ഇനിയും ഏറെ വളരാനുള്ള, ഉയരാനുള്ള, വലിയ ലക്ഷ്യങ്ങളിൽ എത്തിച്ചേരാനുള്ള സഞ്ജുവിന്റെ പ്രതീക്ഷയെ അഭിമാനത്തോടെ കാണുന്നു. ഓരോ വിജയം നേടുമ്പോഴും മുട്ടുകുത്തി സ്വർഗത്തിലേക്കുനോക്കി കുരിശുവരയ്ക്കുന്ന ദൃശ്യം ശ്രദ്ധേയമാണ്. തന്റെ ശക്തിയിലോ ബലത്തിലോ അല്ല, കർത്താവിന്റെ കൃപയാലാണ് എന്റെ വിജയം എന്നാണ് ആ ദൃശ്യത്തിലൂടെ വെളിപ്പെടുക. ആ ജീവിതത്തിൽ ദൈവാനുഗ്രഹത്തിന്റെ, സംരക്ഷണത്തിന്റെ കോട്ട എന്നും ഉണ്ട്. കേരളത്തിന്റെ ഈ പുത്രൻ രാജ്യത്തിന്റെ പ്രതീക്ഷയായി, കായികലോകത്തിന്റെ അഭിമാനമായി എന്നും തുടരുവാൻ സർവശക്തൻ ഇടവരുത്തട്ടെ! ഓരോരുത്തരുടെയും അധ്വാനവും ത്യാഗവും ഫലപ്രദമാകുന്നത് ദൈവം കരംപിടിക്കുമ്പോഴാണ്. പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞു എന്ന് കരുതിയ കല്ല് ക്രിക്കറ്റ് ലോകത്തിന്റെ മൂലക്കല്ലായി ഭവിക്കുവാൻ വലിയവനായ ദൈവം തീരുമാനം എടുത്തുവെങ്കിൽ തീർച്ചയായും സഞ്ജു ഇനിയും അനേകർക്ക് പ്രതീക്ഷനൽകി ഉയർന്നുനിൽക്കും. തന്റെ ഭാരിച്ച ഉത്തരവാദിത്തം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിലകൊള്ളുവാൻ സഞ്ജുവിന് സാധ്യമാകട്ടെ.

•

• ലേഖനം • ഫാ. വർഗീസ് ജോസഫ്
പ്രീഫെക്റ്റ്, സെന്റ് വിൻസെന്റ് സെമിനാരി





# സൂസപാക്യം പിതാവിന്റെ മൂന്നു കുറവുകൾ

**അദ്ദേഹത്തിന്റെ കുറവുകൾ ദൈവത്തോടുള്ള അഗാധമായ സ്നേഹവും സഭയോടുള്ള വിധേയത്വവും മനുഷ്യരോടുള്ള അനുകമ്പയുമാണ്. ആ കുറവുകളാണ് മതത്തിനുമപ്പുറം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയമേഖലകളിൽ അദ്ദേഹത്തെ എന്നും ഓർക്കാൻകഴിയുന്ന വിധത്തിൽ വ്യത്യസ്തനാക്കി മാറ്റുന്നത്.**



# കാണാൻ കൊതിക്കുന്ന ഒരു ജീവിത മാതൃക

ടി. ദേവപ്രസാദ്, മുൻ എക്സിക്യൂട്ടീവ് എഡിറ്റർ, ദീപിക

തലസ്ഥാനത്തെ ഒരു നിത്യാരാധന കേന്ദ്രത്തിൽ പലപ്പോഴും കാണുന്ന ഒരു പതിവ് കാഴ്ച. റിട്ടയർചെയ്ത ഒരു ബിഷപ്പ് മിക്കവാറും അവിടെത്തന്നെ ഇരിക്കുന്നു. സഭാശുശ്രൂഷയുടെ ഏറ്റവും ശക്തമായ മുഖം. തന്നോടുകൂടി ആയിരിക്കുവാനാണ് ഒന്നാമതായി താൻ വിളിക്കപ്പെട്ടതെന്ന് ബോധ്യമുള്ള ഒരു പുരോഹിതൻ. ഇത്തരം ബിഷപ്പുമാർ നമ്മുടെ കെട്ടകാലത്തിന്റെ അനുഗ്രഹംതന്നെ.

രണ്ടു വർഷക്കാലമാണ് സൂസപാക്യം പിതാവിനൊപ്പം സെമിനാരിയിൽ ജീവിക്കുവാനുള്ള ഭാഗ്യമുണ്ടായത്. കൂടെ ജീവിക്കുമ്പോഴാണ് കൂടുതൽ കാര്യങ്ങൾ മനസ്സിലാകുക. അങ്ങനെ മനസ്സിലായതിൽ പലതും അസാധാരണമായ കാര്യങ്ങളാണ്. പിതാവ് ചെയ്യുന്ന പല കാര്യങ്ങളിലും വ്യത്യസ്തത ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ എപ്പോഴും നിഴലിച്ചിരുന്ന ഒരു ചോദ്യം ഇതാണ്: സാധാരണ കാര്യങ്ങളിൽപോലുമുള്ള അസാധാരണത്വം എങ്ങനെ ശരിയാകും? ചെറിയ ചെറിയ കാര്യങ്ങളിൽപോലും എല്ലാവരും ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമായ ഒരു പാതയിൽ സഞ്ചരിക്കുന്നത് ഒരു കുറവല്ലേ? അങ്ങനെ ചില കുറവുകളുടെ തുറന്നുകാട്ടലാണ് ഇവിടെ.

**ഒന്ന്, അലാറം തെറ്റിച്ചുള്ള പള്ളിയിൽപ്പോക്ക്:** പിതാവിന്റെ ഫോണിൽ രാവിലെ എഴുന്നേൽക്കാനായി നാലുമണിക്കാണ് അലാറം സെറ്റ്ചെയ്തു വച്ചിരുന്നത്. ശാരീരിക ബുദ്ധിമുട്ട് ഉണ്ടായപ്പോൾ എല്ലാവരും നിർബന്ധിച്ച് അഞ്ചുമണിയാക്കി. കുറച്ചുസമയംകൂടി ഉറങ്ങുന്നത് ആരോഗ്യത്തിന് നല്ലതാണ് എന്ന കാരണത്താലാണ് ആ നിർബന്ധം ഉണ്ടായത്. എന്നാൽ ചില സമയങ്ങളിൽ അലാറം കേൾക്കാറുമില്ല. ഈ സമയങ്ങളിൽ താൻ ഉറങ്ങിപ്പോയാൽ പള്ളിയിലെത്താൻ വൈകുമോ എന്നായിരുന്നു പിതാവിന്റെ ആശങ്ക. അതുകൊണ്ട് ഒട്ടുമിക്ക ദിവസങ്ങളിലും അതിരാവിലെ രണ്ടും മൂന്നും മണിക്ക് എഴുന്നേറ്റ് കുളിച്ച് പള്ളിയിൽ പോകാൻ ഒരുങ്ങും. പിന്നീടാവും സമയം ശ്രദ്ധിക്കുന്നത്. നേരത്തെ ഉണർന്നു എന്നറിയുമ്പോഴും ളോഹയിട്ട് റെഡിയായി മുറിയിൽ ഇരിക്കും, 'പള്ളിയിൽ പോകാൻ വൈകുമോ എന്ന പേടിയിൽ'. അലാറം തെറ്റി ഉറങ്ങിപ്പോകുന്നവരും താമസിച്ച് എഴുന്നേൽക്കുന്നവരും നിരവധിയാണ്. എന്നാൽ നേരത്തെ എഴുന്നേൽക്കുന്നത് അപൂർവ കാഴ്ചയാണ്. എന്നാൽ പിതാവിന്റെ കാര്യത്തിൽ ഞങ്ങൾക്ക് അതൊരു സ്ഥിരം കാഴ്ചയായിരുന്നു. പള്ളി ഒരു നിറവായി കണ്ടവർക്ക് അലാറം ഒരു കുറവാകുമെന്ന് പിതാവ് പലപ്പോഴും തെളിയിച്ചുകൊണ്ടേയിരുന്നു. മണിക്കൂറുകൾ നീണ്ട പള്ളിയിലെ പ്രാർഥനയും എല്ലാ രഹസ്യങ്ങളും ആവർത്തിച്ചു ചൊല്ലിക്കൊണ്ടുള്ള ജപമാലകളും സമയംതെറ്റിയുള്ള ദൈവത്തോടുള്ള ബന്ധവും ഒരു കുറവാണെങ്കിൽ ആ കുറവ് പിതാവിനെ വല്ലാതെ ബാധിച്ചിരിക്കുന്നു.

**രണ്ട്, സ്വപ്നം തച്ചുടച്ച് ആശുപത്രി കിടക്ക:** പൗരോഹിത്യ ജീവിതത്തിന്റെ ശുശ്രൂഷാമേഖലകൾ അധികവും സെമിനാരിയിലായിരുന്നു എന്ന് പലപ്പോഴും പിതാവ് അഭിമാനപൂർവം പറയാറുണ്ട്. ആയതിനാൽ വിശ്രമജീവിതവും സെമിനാരിയിലായതിൽ സന്തോഷവുമുണ്ടായിരുന്നു. ഒരിക്കൽ സെമിനാരിയിൽ വച്ച് ശാരീരിക അസ്വസ്ഥതകൾ കൂടിയപ്പോൾ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. വാർധക്യസഹജമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ താമസം ആശുപത്രിക്കു സമീപം ആയിരിക്കണമെന്നും എന്തെങ്കിലും അസ്വസ്ഥത വന്നാൽ ഉടൻ എത്തിക്കണമെന്നും ഡോക്ടർമാർ നിർദേശിച്ചു. ഒത്തിരി ആലോചനകൾക്കൊടുവിൽ വിശ്രമജീവിതം വൈദിക മന്ദിരത്തിലേക്ക് മാറ്റാമെന്നൊരാലോചനയിൽ രൂപത മെത്രാന്മാർ ഈ കാര്യം പിതാവിനെ വളരെ സൗമ്യതയോടെ അറിയിച്ചു. സെമിനാരിയിൽ ആയിരിക്കാൻ കൊതിച്ചിരുന്ന പിതാവ് ആ മാറ്റം എങ്ങനെ അംഗീകരിച്ചു എന്നത് ഒരു സമസ്യയായി തോന്നി. ഇപ്പോഴും മനസ്സിലാക്കാൻ കഴിയാത്ത ആ സമ്മതത്തിനിടയിൽ പിതാവ് പറഞ്ഞ ആ വാക്ക് ഹൃദയത്തിൽ വല്ലാതെ തൊട്ടു; 'എന്റെ അധികാരികൾ എന്നോടൊരു കാര്യം പറയുമ്പോൾ അത് അനുസരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. അത് എന്റെ നല്ലതിന് ആയിരിക്കുമല്ലോ!' തന്റെ ഇഷ്ടങ്ങളും സ്വപ്നങ്ങളും വിചാരിച്ചതുപോലെ മുന്നോട്ടുപോകുന്നില്ല എന്നറിയുമ്പോഴും എതിർവാക്ക് പറയാത്ത അനുസരണയുടെ ആ കുറവ് എന്നെ അതിശയിപ്പിക്കുന്നു.

**മൂന്ന്, കൈ കൊടുക്കാത്ത പിതാവ്:** ഒരാളുടെ സഹായം (Bystander) അത്യാവശ്യമായി വന്ന ഒരു ഘട്ടം ഉണ്ടായിരുന്നു. ബൈസ്റ്റാൻഡേഴ്സിനെ സഹായത്തിന് നിർത്താം എന്ന് പറയുമ്പോൾ വേണ്ട എന്ന് ആവർത്തിച്ചു പറയും. നടക്കുമ്പോൾ സഹായത്തിന് കൈകൊടുത്താൽ പരമാവധി ഒഴിവാക്കും. ഞാൻ ഒറ്റയ്ക്ക് നടന്നുകൊള്ളാമെന്ന് വാശി കാണിക്കും. പരിമിതമായ സാഹചര്യങ്ങളിൽ പരാതികൾ പറയാതെ ജീവിക്കുമ്പോഴും പറയുന്നത് ഇങ്ങനെയാണ്: 'ആർക്കും ഭാരമാകാതെ ജീവിക്കണം.' അതെ, നടക്കുമ്പോൾ ഭൂമിക്കുപോലും ഭാരമാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്ന ശ്രേഷ്ഠപുരോഹിതൻ ഞങ്ങളുടെ ഇടയിൽ ജീവിക്കുന്നു എന്നത് ഒരു മഹാദ്ഭുതമാണ്. പരിചരിക്കപ്പെടാൻ

ഇഷ്ടപ്പെടുന്ന മനുഷ്യരുള്ള ഇക്കാലത്ത് കൈത്താങ്ങുകൊണ്ടു പോലും ആർക്കും ഭാരമാകരുതെന്ന് ഒരാൾ ചിന്തിക്കുമ്പോൾ അത് മറ്റൊരു കുറവല്ലേ!

മൂന്നല്ല ഇങ്ങനെ മുന്നൂറോളം കുറവുകൾ ജീവിതത്തിൽ സൂക്ഷിക്കുന്ന ശ്രേഷ്ഠപുരോഹിതനാണ് സൂസപാക്യം പിതാവ്. അദ്ദേഹത്തിന്റെ കുറവുകൾ ദൈവത്തോടുള്ള അഗാധമായ സ്നേഹവും സഭയോടുള്ള വിധേയത്വവും മനുഷ്യരോടുള്ള അനുകമ്പയുമാണ്. ആ കുറവുകളാണ് മതത്തിനുമപ്പുറം സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയമേഖലകളിൽ അദ്ദേഹത്തെ എന്നും ഓർക്കാൻകഴിയുന്ന വിധത്തിൽ വ്യത്യസ്തനാക്കി മാറ്റുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സ്വരത്തിന് ഇന്നും ബഹുമാനവും ആദരവുമുള്ളത്. കുറവുകൾ കുറയാതിരിക്കട്ടെ! കാരണം പിതാവിന്റെ കുറവാണ് ഞങ്ങളുടെ നിറവ്!

•

# സൂര്യപ്രകാശം പരത്തുന്ന ഒരു മനുഷ്യൻ

**എ. കെ. ബാലൻ, സി. പി. ഐ(എം) കേന്ദ്രകമ്മിറ്റി അംഗം**

ആർച്ച് ബിഷപ്പ് സൂസപാക്യം തിരുമേനിയെ തിരുവനന്തപുരത്തുള്ള കുമാരപുരം സെന്റ് പയസ് പള്ളിയോടുചേർന്നുള്ള താമസസ്ഥലത്തുപോയി കണ്ടു. തിരുമേനിക്ക് 80 വയസ്സായി. പഴയ ആരോഗ്യം ഇല്ല. വാർദ്ധക്യസഹജമായ രോഗങ്ങൾ അലട്ടുന്നുണ്ട്. ആർച്ച്ബിഷപ്പ് സ്ഥാനത്തുനിന്ന് 2022ൽ വിരമിച്ചതിനുശേഷം മംഗലപുരം കൊയ്ത്തൂർകോണത്ത് സെമിനാരിയിൽ ആയിരുന്നു വിശ്രമജീവിതം. 2021ൽ ഞാൻ അദ്ദേഹത്തെ സെമിനാരിയിൽപോയി കണ്ടിരുന്നു. വിഴിഞ്ഞം തുറമുഖ പ്രശ്നം രൂക്ഷമായ ഘട്ടം. മത്സ്യത്തൊഴിലാളികൾ അനിശ്ചിതകാല പ്രക്ഷോഭത്തിനിറങ്ങിയ ഘട്ടത്തിലാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. ഈ വിവരം ബഹു. മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധയിലും പെടുത്തിയിരുന്നു.



തിരുമേനി സംസാരത്തിനിടയിൽ ഒരു കാര്യം പറഞ്ഞു; 'മുൻപ് കമ്മ്യൂണിസ്റ്റുകാർ ക്രൈസ്തവ സഭകളെ ശത്രുവായി കണ്ടുവരായിരുന്നു. ക്രൈസ്തവ സഭകൾ തിരിച്ചും. ഇപ്പോൾ രണ്ടു കൂട്ടരുടെയും നിലപാടിൽ മാറ്റം വന്നു. എങ്കിലും ഈ മാറ്റം കാണാത്തവർ ഇപ്പോഴുമുണ്ട്. സർക്കാർ മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിലെടുക്കണം. പുനരധിവാസം ഉറപ്പുവരുത്തണം. തൊഴിലിനും ഉറപ്പുണ്ടാകണം. സർക്കാർ തലത്തിൽ വിളിച്ചുചേർക്കുന്ന യോഗങ്ങൾ ഉദ്ദേശിച്ച ഫലം കാണുന്നില്ല. മുഖ്യമന്ത്രിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തണം. പിണറായി ഗവൺമെന്റിലൂടെ മാത്രമേ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാവുകയുള്ളൂ. ആ വിശ്വാസം എനിക്കുണ്ട്. സമരത്തെ പ്രകോപനപരമായി സമീപിക്കരുത്.' നീണ്ട സംഭാഷണത്തിലെ പ്രസക്തമായ ഭാഗമാണ് ഇവിടെ സൂചിപ്പിച്ചത്. പിന്നീട് സമരം സമാധാനപരമായി ഒത്തുതീർന്നു. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായി. ഈ സംരംഭത്തിൽ മാതൃകാപരമായ സമീപനവും ഇടപെടലും തിരുമേനിയുടെ ഭാഗത്തുനിന്ന് ഇല്ലായിരുന്നുവെങ്കിൽ വിഴിഞ്ഞം പദ്ധതി മറ്റൊരു ദിശയിലേക്ക് വഴിമാറിപ്പോകുമായിരുന്നു.

ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്താണ് ഡോക്ടർ ജോർജ് വഴി ഞാൻ തിരുമേനിയെ പരിചയപ്പെടുന്നത്. എസ് ഐ യു സി സഭയിൽ ഇല്ലാത്ത ഇതര സഭകളിൽ ചിതറിക്കിടന്ന നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് ഒരു സംവരണവും ഉണ്ടായിരുന്നില്ല. പിന്നാക്ക സമുദായ സർട്ടിഫിക്കറ്റും സംവരണവും ലഭിക്കുക എന്നത് ഇവരുടെ 60 വർഷത്തെ ആവശ്യമായിരുന്നു. ഈ ആവശ്യം ബഹു. മുഖ്യമന്ത്രി എന്റെ ശ്രദ്ധയിൽപ്പെടുത്തി. ആ ഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വകുപ്പ് മന്ത്രിയായിരുന്നു. പ്രശ്നം പരിഹരിച്ചു. അസാധാരണ ഇടപെടൽ ആയിരുന്നു അന്ന് നടത്തിയത്. സീറോമലങ്കര മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് ക്ലിമ്മിസ് തിരുമേനി, ആർച്ച്ബിഷപ്പ് സൂസപാക്യം എന്നീ മതമേലധ്യക്ഷന്മാരുടെ ഇടപെടലുകൾ ക്രിസ്ത്യൻ നാടാർ സംവരണപ്രശ്നം പരിഹരിക്കുന്നതിൽ നിർണായകമായിരുന്നു.

മന്ത്രിസ്ഥാനം ഒഴിവായതിനുശേഷം ഇപ്പോഴാണ് വീണ്ടും തിരുമേനിയെ കാണാൻപോകുന്നത്. പഴയ കാര്യങ്ങൾ ഒന്നും മറക്കാതെ അദ്ദേഹം ഓർമ്മപ്പെടുത്തി. അദ്ദേഹത്തെ തൊട്ടു വണങ്ങി യാത്ര തിരിച്ചു. മടക്കയാത്രയ്ക്കിടയിൽ തിരുമേനിയുടെ ഓരോ രംഗത്തെയും സംഭാവന ഒന്നിനുപിന്നാലെ ഒന്നായി മനസ്സിൽ തെളിഞ്ഞു. 16 ലക്ഷം വരുന്ന ലാറ്റിൻ ക്രിസ്ത്യൻ വിഭാഗം കേരളത്തിലുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് അതിരൂപതകൾ ഉണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത. 2.5 ലക്ഷം മത്സ്യത്തൊഴിലാളികൾ ഈ വിഭാഗത്തിൽ തിരുവനന്തപുരത്ത് ഉണ്ട്. തിരുമേനി ഇവരുടെ മനസ്സിൽ എളിമയുടെയും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പ്രതിപുരുഷനാണ്.

മദ്യവർജനം പരിസ്ഥിതി സംരക്ഷണം, ഫുട്ബോൾ അക്കാദമി, നിരവധി വിദ്യാലയങ്ങൾ, ശ്രദ്ധേയമായ ജൂബിലി ആശുപത്രി, ദിവ്യബലിയുമായി ബന്ധപ്പെട്ട വേറിട്ട അനുതാപ കീർത്തനം, സർവമത സമ്മേളനം തുടങ്ങി എത്രയോ നല്ല സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്തു. മനുഷ്യജന്മം എങ്ങനെ പൂർണതയിൽ സമാധാനത്തോടെയും സംതൃപ്തിയോടെയും രൂപപ്പെടുത്താൻ കഴിയുമെന്ന് തെളിയിച്ച അപൂർവ്വ വ്യക്തിത്വമാണ് തിരുമേനിയുടേത്. കർമനിരതമായ ജീവിതത്തിന്റെ സായാഹ്നത്തിൽപോലും ജ്വലിക്കുന്ന സൂര്യപ്രകാശം പരത്തുന്ന ഈ മനുഷ്യനെ ഒരു മതത്തിന്റെയും ചുവരുകൾക്കുള്ളിൽ തളച്ചിടാൻ കഴിയില്ല. എൺപതിന്റെ ധന്യതയിലെത്തിയ എമരിത്തസ് സൂസപാക്യം പിതാവിന് പ്രാർഥനാശംസകൾ... •



•കാനോൻ നിയമം

# ക്രൈസ്തവ മൃതസംസ്കാരം



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനെയും കാത്തിരിക്കുന്ന സുനിശ്ചിതമായ യാഥാർത്ഥ്യമാണ് മരണം. മൃതരുടെ സംസ്കാരം പലദേശത്തും വിവിധ സമൂഹങ്ങളിലും വൈവിധ്യം പുലർത്തുന്നതായി കാണാനാകും. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1176 -1185, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1680 -1690 എന്നിവ സഭാപരമായ മൃതസംസ്കാരവും മൃതസംസ്കാരാഘോഷവും വിവരിക്കുന്നു. CIC 1176, CCC 1680 -1683 എന്നിവ സഭാപരമായ മൃതസംസ്കാരം വിവരിക്കുന്നു.

CCC 1680 പ്രകാരം, എല്ലാ കൂദാശകളും, പ്രത്യേകിച്ച് ക്രൈസ്തവ പ്രാരംഭ കൂദാശകൾ (ജ്ഞാനസ്നാനം, ദിവ്യകാരുണ്യം, കുമ്പസാരം), ദൈവമക്കളുടെ അന്തിമ കടന്നുപോകലിനെ ലക്ഷ്യംവയ്ക്കുന്ന മരണത്തിലൂടെയുള്ള ഈ കടന്നുപോകൽ അവരെ ദൈവരാജ്യത്തിലെ ജീവിതത്തിലേക്ക് പ്രവേശിപ്പിക്കുന്നു. CCC 1176 പ്രകാരം, മൃതരായ ക്രിസ്തുവിശ്വാസികൾക്ക് സഭാപരമായ മൃതസംസ്കാരം നിയമപ്രകാരം നല്കേണ്ടതാണ്. അതായത് ആരാധനപരമായ നിയമങ്ങളിലെ നിർദേശങ്ങൾ പ്രകാരമാണ് ക്രിസ്തുവിശ്വാസികളുടെ മൃതസംസ്കാരം നടത്തേണ്ടത്.

മൂന്നു പ്രധാന ചൈതന്യങ്ങൾ അടങ്ങിയവയാണ് സഭാപരമായ മൃതസംസ്കാര കർമങ്ങൾ:

1. മരിച്ചവർക്കുവേണ്ടി ആധ്യാത്മിക സഹായം യാചിക്കുന്നു;

2. മൃതരുടെ ശരീരങ്ങളെ ആദരിക്കുന്നു;

3. ജീവിച്ചിരിക്കുന്നവർക്ക് പ്രത്യാശയുടെ ആശ്വാസം നല്കുന്നു.

സഭാപരമായ മൃതസംസ്കാരകർമം രണ്ടു രീതിയിൽ നിർവ്വഹിക്കാവുന്നതാണ്:

1. പരിപാവനമായ പാരമ്പര്യമനുസരിച്ചുള്ള മൃതസംസ്കാരകർമം. പരമ്പരാഗത രീതിയിലുള്ള മൃതസംസ്കാര കർമ്മം തുടരണമെന്ന് സഭ ശക്തമായി നിർദേശിക്കുന്നു.

2. ദഹിപ്പിക്കൽ നിരോധിച്ചിട്ടില്ല. ദഹിപ്പിച്ചുകൊണ്ടുള്ള മൃതസംസ്കാരം സഭ പ്രോത്സാഹിപ്പിക്കുന്നില്ല. 1917-ലെ കാനോൻ നിയമം 1203, 1240 എന്നിവ ദഹിപ്പിക്കൽ നിരോധിച്ചിരുന്നു. 08.05.1963-ൽ ഹോളി ഓഫീസിനുവേണ്ടിയുള്ള തിരുസംഘം പുറപ്പെടുവിച്ച 'Instruction Piam et Constantem' (Ref. AAS 56 (1964) 822 - 823) മൃതശരീരം ദഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന നിരോധനത്തിൽ അയവുവരുത്തിക്കൊണ്ട് "ക്രിസ്തീയ പഠനത്തിനു വിരുദ്ധമായ കാരണങ്ങൾക്കല്ലാത്തപക്ഷം ദഹിപ്പിക്കൽ നിരോധിച്ചിട്ടില്ല" എന്ന് മാറ്റം വരുത്തി. ആയതിനാൽ, സഭ നിർദേശിക്കുന്ന മാനദണ്ഡം പാലിച്ചുകൊണ്ട് മൃതശരീരം ദഹിപ്പിക്കുന്നതിന് തടസ്സമില്ലാത്തതാകുന്നു.

•



• ലേഖനം • റവ. ഡോ. ലോറൻസ് കുലാസ്
വൈസ് പ്രസിഡന്റ്, രാഷ്ട്രീയകാര്യ സമിതി
തിരുവനന്തപുരം ലത്തീൻ അതിരൂപത







# ഉത്ഥിതന്റെ സമ്മാനം: "സമാധാനം നിങ്ങളോടുകൂടെ"

വിമോചനത്തിനായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാധാരണക്കാരന്റെ ജീവിതത്തിൽ ലഭിക്കുന്ന ഭരണഘടനാപരമായ അവസരമാണ് വോട്ടവകാശം. എല്ലാ വിഭാഗം ജനങ്ങളുടെയും സമഗ്രമായ മോചനത്തിന്, സമാധാനത്തിന് യത്നിക്കുവാൻ പ്രാപ്തരായ ഭരണനേതൃത്വം ഇന്നിന്റെ ഏറ്റവും വലിയ ആവശ്യവുമാണ്. അപ്രകാരമുള്ള ഒരു നേതൃത്വം നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഉണ്ടാകട്ടെ!









എല്ലാ മനുഷ്യരും ഉള്ളിന്റെ ഉള്ളിൽ ആഗ്രഹിക്കുന്നത് സമാധാനമാണ്. എന്നാൽ, സൂഹത്തിൽ മനുഷ്യർ ഒട്ടേറെ സംഘർഷഭരിതമായ തിക്താനുഭവങ്ങളിലൂടെയാണ് ഓരോ നിമിഷവും കടന്നുപോകുന്നത്. ഈ അനുഭവം എക്കാലത്തും മനുഷ്യസമൂഹം കടന്നുപോകുന്ന വെല്ലുവിളികളാണ്. ഉയിർപ്പ് തിരുനാൾ നാം ഇന്ന് ആഘോഷിക്കുമ്പോൾ ആദ്യ ഉയിർപ്പ് തിരുനാൾ ആഘോഷിച്ചപ്പോൾ മനുഷ്യന്റെ അവസ്ഥ വിഭിന്നമായിരുന്നില്ലായെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

യേശുവിന്റെ മരണശേഷം ശിഷ്യരെല്ലാവരും നാനാവിധത്തിലുള്ള ഭയത്തിന്റെയും ആന്തരിക സംഘർഷത്തിന്റെയും നിരവധി സന്ദേഹത്തിന്റെയും നിഴലിലായിരുന്നു. സുവിശേഷംതന്നെ അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ചിലപ്പോൾ ഭയത്തിന് അടിമപ്പെട്ട് ജറുസലേംവിട്ട് പോകുന്നതായും (ലൂക്കാ 24:36-48) മറ്റ് ചിലരാകട്ടെ യഹൂദരെ ഭയന്ന് ഇരുളിന്റെയും ഏകാന്തതയുടെയും നടുവിലായിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു (യോഹ 20:19-23) അങ്ങനെ ശാരീരികവും മാനസികവും ആത്മീയവുമായ സംഘർഷത്തിന്റെയും സംശയത്തിന്റെയും അസ്വസ്ഥതകളിലായിരുന്നു ശിഷ്യർ. ഇവരുടെ നടുവിലേയ്ക്കാണ് ഹൃദയസ്പർശിയും അതേസമയം സുദൃഢവുമായ ഉത്ഥിതന്റെ വാക്കുകൾ; "നിങ്ങൾക്ക് സമാധാനം" (യോഹ 20:21) - വലിയ പ്രത്യാശയോടും പ്രതീക്ഷയോടും കൂടെ അവർ ശ്രദ്ധിക്കുവാൻ ഇടയായത്.

"ഷാലോം" അഥവാ സമാധാനം എന്ന ശക്തവും പ്രതീക്ഷാനിർഭരവുമായ ഒരു വാക്ക് എത്ര ആഴത്തിലാണ് അന്ധകാരത്തിലായിരുന്ന ശിഷ്യരെ പ്രകാശത്തിലേക്ക് നയിച്ചത്. "നിങ്ങൾക്ക് സമാധാനം" എന്ന് പറഞ്ഞുകൊണ്ട് നിരാശയുടെ നടുവിലായിരുന്ന ശിഷ്യരുടെ മധ്യത്തിലേക്ക് കടന്നുവരുമ്പോൾ ഒരു കേവല സമാധാനം അല്ല യേശു ഇവിടെ ആശംസിക്കുന്നത്. സമഗ്രമായ വിടുതലാണ് ഈ ആശംസയിലൂടെ ഉത്ഥിതൻ വാഗ്ദാനം ചെയ്യുന്നത്. അടച്ചിട്ട മാളികമുറിയിൽനിന്നും സ്വാതന്ത്ര്യത്തിന്റെ നീലാകാശത്തിലേക്ക് ഉത്ഥിതന്റെ 'സമാധാനം' അവരെ കൂട്ടിക്കൊണ്ടുപോകുന്നു. ശാരീരികമായ പീഡനങ്ങളോ ആത്മസംഘർഷങ്ങളുടെ പെരുമ്പറയോ ആത്മീയതയുടെ സന്ദേഹമോ ഉത്ഥിതനെ അനുഭവിച്ചതുമുതൽ അവരെ കീഴ്പ്പെടുത്തുന്നില്ല. സ്വാതന്ത്ര്യം അതിന്റെ സർവമേഖലകളിലും ശിഷ്യരുടെമേൽ ചിറകുവിടർത്തുന്ന ഏറെ മനോഹരവും ധൈര്യവും പകരുന്നതുമായ ഒരു പശ്ചാത്തലത്തിലേയ്ക്കാണ് ശിഷ്യർ ആനയിക്കപ്പെടുന്നത്. ഇതിനർത്ഥം വേദനയുടെ അനുഭവങ്ങളിലൂടെ അവർ കടന്നുപോകുന്നില്ല എന്നല്ല, ഏത് വേദനയും അഭിമുഖീകരിക്കാനുള്ള ആത്മധൈര്യവും ആന്തരിക സൗഖ്യവും 'സമാധാനം' എന്ന ഉത്ഥിതന്റെ ആശംസയിലൂടെ അവർക്ക് ലഭിച്ചുവെന്നുള്ളതാണ്.

ഇന്നിന്റെ സാമൂഹിക - രാഷ്ട്രീയ പശ്ചാത്തലത്തിൽ "നിങ്ങൾക്ക് സമാധാനം" എന്ന ഉത്ഥിതന്റെ വാക്കുകൾ നമുക്കെങ്ങനെ അനുഭവിക്കാനാകും. ആധുനികലോകം സംഘർഷങ്ങളുടെയും അസ്വസ്ഥതകളുടെയും തീച്ചൂളയിലൂടെ കടന്ന്പോയിക്കൊണ്ടിരിക്കുന്നു. പരസ്പരം യാതൊരു ശത്രുതയുമില്ലാത്ത പരസ്പരം അന്നുവരെ കാണുകപോലും ചെയ്യാത്ത യോദ്ധാക്കളും സാധാരണക്കാരുമാണ് യുദ്ധത്തിന് ഇരയായിത്തീരുന്നത്. പ്രത്യക്ഷമായ മരണവും പരോക്ഷമായി മരണതുല്യവേദനയും അനുഭവിക്കുന്ന നിരവധിപേരുടെ രോദനവും യാതനയുമാണ് യുദ്ധം സമ്മാനിക്കുന്നത്. ഇവയ്ക്കു നടുവിലാണ് "നിങ്ങൾക്ക് സമാധാനം" എന്ന ഉത്ഥിതന്റെ ഏറ്റവും വലിയ സമാധാനം ഇന്ന് ഈ ലോകത്തിൽ അനുഭവിക്കാൻ ഇടയാകേണ്ടത്. ഈ സന്ദർഭത്തിൽ ലിയോ പതിനാലാമൻ പാപ്പയുടെ വാക്കുകൾ അർത്ഥപൂർണമാകുന്നു: "ആകാശം സമാധാനത്തിന്റെ പാതകളാൽ നിറയട്ടെ... വിമാനങ്ങൾ എപ്പോഴും സമാധാനത്തിന്റെ വാഹനങ്ങളായിരിക്കട്ടെ. യുദ്ധം മരണത്തിന്റെ അന്ധകാരത്തിലേക്ക് മനുഷ്യനെ തള്ളിയിടുമ്പോൾ സമാധാനം ജീവന്റെ ഉയിർപ്പിലേക്ക് മനുഷ്യനെ നയിക്കുന്നു."

ആഗോള സമൂഹം യുദ്ധഭീഷണിയിൽ കഴിയുമ്പോൾ നമ്മുടെ രാജ്യത്തിനകത്തും സംസ്ഥാനത്തും സംഘർഷങ്ങളുടെ വലുതും ചെറുതുമായ നിരവധി സംഭവങ്ങൾ അരങ്ങേറുന്നുണ്ട്. നമ്മുടെ രാജ്യത്തിന്റെ വിവിധമേഖലകളിൽ പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന മിഷണറിമാർ ധാരാളം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. അവരുടെ ജീവൻതന്നെ അപകടത്തിലാകുന്നു. ഇവരോടൊപ്പം ന്യൂനപക്ഷ ക്രൈസ്തവസമൂഹം രാജ്യത്തിന്റെ പലമേഖലകളിലും വിവിധങ്ങളായി പീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം പ്രകടമായിത്തന്നെ വെല്ലുവിളിക്കപ്പെടുന്നു. നമ്മുടെ സംസ്ഥാനത്തിലേയ്ക്കും അതിരൂപതയിലേയ്ക്കും കടന്നുവരുമ്പോൾ മറ്റ് ചില അസ്വസ്ഥതകളും അരക്ഷിതാവസ്ഥയും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. വൻകിട വ്യവസായികളുടെയും കോർപ്പറേറ്റുകളുടെയും നിഗൂഢമായ പദ്ധതികളിലൂടെ നഷ്ടപ്പെടുന്ന സ്വസ്ഥതയും അനുഭവങ്ങളുമുണ്ട്. അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ ഭരണകൂടത്തിന്റെ ഒത്താശയോടെ വികസനത്തിന്റെ മറവിൽ ആവിഷ്കരിക്കുമ്പോൾ സാധാരണക്കാരായ മനുഷ്യരുടെ ജീവനും സ്വത്തും വിലമതിക്കാതെപോകുന്നു. തീരദേശ വികസനങ്ങൾക്കുവേണ്ടി കുടിയൊഴിക്കലുകളും പരമ്പരാഗതമായി കൈവശാവകാശമായി അനുഭവിച്ചിരുന്ന സ്വത്തിന് പട്ടയം നിഷേധിക്കപ്പെടുന്ന ഭവനങ്ങൾക്ക് രേഖയില്ലാതാക്കപ്പെടുന്ന അവസ്ഥകളും ഏറെ ആശങ്കപ്പെടുത്തുന്നുണ്ട്.

ഇവയുടെ നടുവിലേയ്ക്കാണ് ഇന്ന് ഉത്ഥിതൻ കടന്നുവന്ന് "നിങ്ങൾക്ക് സമാധാനം എന്ന് ആശംസിക്കുന്നത്. ഈ വാക്കുകൾ നമുക്ക് ഇന്ന് വാഗ്ദാനം ചെയ്യുന്നത് സമഗ്രമായ വിടുതലാണ്. ഈ നിതാന്ത ബോധ്യത്തിലേയ്ക്കാണ് ഉയിർപ്പ്തിരുനാൾ ആഘോഷിക്കുമ്പോൾ നാം പ്രവേശിക്കേണ്ടത്. വിമോചനത്തിനായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാധാരണക്കാരന്റെ ജീവിതത്തിൽ ലഭിക്കുന്ന ഭരണഘടനാപരമായ അവസരമാണ് വോട്ടവകാശം. എല്ലാ വിഭാഗം ജനങ്ങളുടെയും സമഗ്രമായ മോചനത്തിന്, സമാധാനത്തിന് യത്നിക്കുവാൻ പ്രാപ്തരായ ഭരണനേതൃത്വം ഇന്നിന്റെ ഏറ്റവും വലിയ ആവശ്യവുമാണ്. അപ്രകാരമുള്ള ഒരു നേതൃത്വം നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഉണ്ടാകട്ടെ! ആത്മധൈര്യവും അചഞ്ചലമായ വിശ്വാസവും കൈമുതലാക്കി നമ്മുടെ വേദനകളെ അതിജീവിക്കുവാൻ ഉയിർത്തെഴുന്നേറ്റ യേശു നമ്മെ അനുഗ്രഹിക്കട്ടെ!

•

• ലേഖനം • പ്രീതി ഫ്രാങ്ക്ളിൻ



# അവധിക്കാല വിശ്വാസോത്സവം: ഒരു ആത്മീയ സംരംഭം

അവധിക്കാലം കുട്ടികൾക്ക് വിശ്രമത്തിന്റെയും വിനോദത്തിന്റെയും സമയമായി മാറുന്ന ഇക്കാലത്ത്, വിശ്വാസത്തിൽ വളരാനും ദൈവവചനത്തെ അടുത്തറിയാനും അവസരം ഒരുക്കുന്ന ഒരു ആത്മീയ സംരംഭമാണ് Vacation Faith Fest (VFF) അഥവാ അവധിക്കാല വിശ്വാസോത്സവം. ഒരുകാലത്ത് VBS എന്ന പേരിൽ എല്ലാവർക്കും സുപരിചിതമായിരുന്ന ഈ വിശ്വാസപരിപാടി, ഇന്ന് പുതുമയുള്ള ആത്മീയദിശയും ഏകീകൃത മാതൃകയും കൈവരിച്ച് VFF എന്ന പേരിൽ സഭയുടെ വിശ്വാസാനുഭവമായി മാറിക്കഴിഞ്ഞു.

"ശിശുക്കളെ എന്റെ അടുക്കൽ വരാൻ അനുവദിക്കു..." (മത്തായി 19:14) എന്ന യേശുവിന്റെ ക്ഷണം സാക്ഷാത്കരിക്കുന്നതുപോലെ, അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഈ വിശ്വാസോത്സവം കുട്ടികളെ ബൈബിളിന്റെ ലോകത്തിലേക്ക് കൈപിടിച്ചു നടത്തുന്നു. വിനോദവും പഠനവും ആത്മീയ വളർച്ചയും സമന്വയിപ്പിച്ചുകൊണ്ട്, ദൈവവചനം ജീവിതവുമായി ബന്ധിപ്പിക്കുന്ന അനുഭവമാകുകയാണ് ഇവിടെ. കാലത്തിന്റെ പ്രവാഹത്തിൽ ചിലപ്പോൾ പാരഡി ഗാനങ്ങളും ആക്ഷൻ സോങ്ങുകളും പ്രധാനമാകുകയും ആത്മീയലക്ഷ്യം പിന്നിലേക്ക് നീങ്ങുകയും ചെയ്ത സാഹചര്യത്തിൽ, വിശ്വാസത്തിന്റെ യഥാർത്ഥ സാരാംശത്തിലേക്ക് കുട്ടികളെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമായാണ് KRLCC പൊതുവായ മാതൃകയായി VFF എന്ന ആശയം മുന്നോട്ടുവച്ചത്. ദൈവവചനകേന്ദ്രിതമായ പഠനവും അനുഭവപരിചയങ്ങളുമാണ് ഇതിന്റെ സത്ത.

കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ബൈബിളിലെ പുസ്തകങ്ങളിലൂടെ കുട്ടികളെ ആത്മീയ യാത്രയിലേക്ക് നയിക്കുന്ന പ്രത്യേക സമീപനമാണ് VFF സ്വീകരിച്ചിരിക്കുന്നത്. 2024-ൽ ഉത്പത്തി പുസ്തകത്തിലൂടെ സൃഷ്ടിയുടെ രഹസ്യങ്ങൾ തിരിച്ചറിഞ്ഞ കുട്ടികൾ, 2025-ൽ പുറപ്പാട് പുസ്തകത്തിലൂടെ ദൈവത്തിന്റെ മോചനാനുഭവം പഠിച്ചു. ഈ വർഷം 2026-ൽ ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ പുസ്തകങ്ങളിലൂടെ വിശുദ്ധജീവിതത്തിലേക്കുള്ള വിളിയും ദൈവത്തോടൊപ്പം നടക്കുന്ന വിശ്വാസയാത്രയും അനുഭവിക്കാൻ പോകുന്നു. VFF ഒരു ക്യാമ്പ് മാത്രമല്ല; അത് വിശ്വാസത്തിന്റെ വിത്ത് കുട്ടികളുടെ ഹൃദയത്തിൽ വിതയ്ക്കുന്ന ഒരു ആത്മീയ അനുഭവമാണ്. ഇവിടെ വചനം പഠിക്കുന്നില്ല, പഠിപ്പിക്കുന്നില്ല മറിച്ച് ജീവിക്കുന്നു; പ്രാർത്ഥന ചൊല്ലുകയല്ല, അനുഭവിക്കുന്നു; വിശ്വാസം ശ്രവിക്കുകയല്ല, വളരുന്നു. വിശ്വാസച്യുതി നേരിടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോൾ VFF നമ്മെ ഓർമ്മപ്പെടുത്തുന്നത് ഒരേയൊരു സത്യമാണ്: ഈ സമയവും കടന്നുപോകും, അവധിക്കാലം വരും പോകും, പക്ഷേ ഈ അവധിക്കാലത്ത് നമ്മുടെ കുഞ്ഞുങ്ങളിൽ വിതയ്ക്കുന്ന വിശ്വാസം ജീവിതകാലം മുഴുവൻ അവരിൽ നിലനിൽക്കും. "ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല." (സുഭാഷിതങ്ങൾ 22 : 6)

### എന്താണ് VFF?

ആദ്യകാലത്ത് വിശ്വാസസത്യങ്ങൾ പഠിക്കുക എന്ന ലക്ഷ്യംവച്ച് ആരംഭിച്ച അവധിക്കാല വിശ്വാസോത്സവം കഴിഞ്ഞ 3 വർഷമായി *വചനമേ എന്നിൽ നിറച്ചാലും* എന്ന ടാഗ് ലൈനോടെ വിശ്വാസ സത്യങ്ങൾക്കും പ്രാർഥനകൾക്കും ഒപ്പം വചനം പഠിപ്പിക്കുന്നു. എങ്ങനെയെന്നാൽ ഓരോ വർഷവും പറഞ്ഞിരിക്കുന്ന വചനഭാഗം അടിസ്ഥാനമാക്കിയുള്ള നാടകം, കളികൾ, പാട്ടുകൾ, പ്രവർത്തനങ്ങൾക്കായി വയസടിസ്ഥാനത്തിൽ വർക്ക് ബുക്കുകൾ ഒക്കെയും ഒരുക്കുന്നു. ഓരോ തലത്തിലുമുള്ള കുട്ടികൾക്ക് പ്രായാടിസ്ഥാനത്തിൽ ഏബ്ബൽ , ആബേൽ, എബ്രഹാം എന്നിങ്ങനെ 3 തരത്തിലുള്ള വർക്ക് ബുക്കുകൾ ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് VFF സംഘടിപ്പിക്കുന്നത്.

രസകരമായ കളികളും, ആസ്വാദ്യകരമായ പാട്ടുകളും, പ്രാർഥനയുടെ അന്തരീക്ഷവും, വചന പഠനവും സജീവമായ ചർച്ചകളും , വര, എഴുത്ത്, പാട്ട്, അഭിനയം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഒരു സമഗ്രപദ്ധതി.

### VFF 2026 സിലബസ്

ഈ വർഷം മുകളിൽ സൂചിപ്പിച്ചതുപോലെ ലേവ്യർ, സംഖ്യ, നിയമാവർത്തനം. അഞ്ചു ദിവസങ്ങളിലായി അഞ്ചു പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ദിവസവും മൂന്ന് പഠനപ്രവർത്തനങ്ങൾ. പഠനപ്രവർത്തനങ്ങൾ ചുമ്മാ ഒരു പ്രവർത്തനമല്ല ഒരു പ്രവേശന കളിയിലൂടെ ( Entry Game) ആരംഭിക്കുന്ന പ്രവർത്തനം, ബൈബിളിലൂടെയും, വർക്ക് ബുക്കുകളിലൂടെയും മുന്നോട്ട് പോകുന്നു. കളികളിലൂടെ ബൈബിൾ അറിയുവാനും വിശ്വാസസത്യങ്ങൾ മനസ്സിലാക്കുവാനും ഇത് പഠിതാക്കളെ പ്രാപ്തരാക്കുന്നു.

### ഈ വർഷത്തെ 5 പ്രമേയങ്ങൾ

» ദിവ്യകാരുണ്യം (ലേവ്യർ 1-10, ഹെബ്രായർ 7-11)

» കുമ്പസാരം ( ലേവ്യർ 11-27, റോമാ 2-8)

» ആധ്യാത്മിക ജീവിതം- ജീവിതയാത്ര (സംഖ്യ 1-36, വെളിപാട് 4-15)


» ദൈവസ്നേഹം (നിയമാവർത്തനം 1-19, 1 കോറിന്തോസ് 4-16)

» പരസ്നേഹം (നിയമാവർത്തനം 20-34, റോമാ 10-15)

### VFF ഒരു ദിവസം

എങ്ങനെയാണ് ഒരു ദിവസത്തെ VFF കടന്നു പോകേണ്ടത്. അതിനൊരു ക്രമമുണ്ട്.

- ബൈബിൾ പ്രതിഷ്ഠ
- തിരി തെളിയിക്കൽ
- പ്രാർഥനാഗാനവും വിശ്വാസപ്രമാണവും



- ഡെയിലി സ്കിറ്റ്
- ഗാനപരിശീലനം
- പഠനപ്രവർത്തനം (ഒരു ദിവസം 3 പഠന പ്രവർത്തനങ്ങൾ)
- ത്രികാല ജപം (ഉച്ചക്ക് 12 മണിക്ക്)
- ദിവ്യകാരുണ്യ വണക്കം
- ഇന്നത്തെ ആശംസ
- (എല്ലാ ദിവസവും സ്വാദിഷ്ടമായ ഭക്ഷണം ഒരുക്കുവാൻ മറക്കണ്ട.)

ഇതാണ് VFF. ഓരോ കളികളും പാട്ടുകളും ചുമ്മാ കുട്ടികളെ പിടിച്ചിരുത്താൻ മാത്രമുള്ളതല്ല, കുട്ടികൾക്ക് ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലും ഒപ്പം ബൈബിൾ ഭാഗങ്ങൾ പഠിക്കുവാൻ കഴിയുന്ന തരത്തിലും ഉള്ളതാണ്. ഉദാഹരണത്തിന് കഴിഞ്ഞ വർഷത്തിലെ ഒരു പാട്ട് താഴെ കൊടുക്കുന്നു.

**അഹറോനെ കുറിച്ചറിഞ്ഞാലോ**

മോശയ്ക്കുണ്ടൊരു കൂട്ടാളി
അഹറോനെന്നൊരു കൂട്ടാളി
പാവം വിക്കൻ മോശയ്ക്ക്
ദൈവം നൽകിയ കൂട്ടാളി
ഹോറോബ് മലയിൽ ചെന്നപ്പോൾ
കത്തും മുൾച്ചെടി കണ്ടപ്പോൾ
ചിന്തിച്ചന്തം വിട്ടപ്പോൾ
മോശെ മോശെ മോശേന്ന്
ദൈവം പേരു വിളിച്ചല്ലോ
പറയാൻ പാകതയില്ലാത്ത
വിക്കൻ മോശക്കൊരു കൂട്ടായി
അദ്ഭുത വടിയും അഹറോനും
ദൈവം നൽകിയ കാരുണ്യം
ദൈവം അവരെ നയിച്ചല്ലോ.

ഈ പാട്ട് പഠിച്ച കുട്ടികൾ എന്തായാലും അഹറോനെ മറക്കില്ല. ഇത് കഴിഞ്ഞവർഷം നമ്മുടെ കുട്ടികൾ VFF ലൂടെ അറിഞ്ഞതാണ്. ഇതുപോലെയാണ് ഈ വർഷവും VFF ഒരുക്കിയിരിക്കുന്നത്. ബൈബിൾ കൂടുതൽ അടുത്തറിയുവാനും ആഴത്തിൽ അറിയുവാനും ഓർമിക്കുവാനും പാട്ടുകളിലൂടെയും കളികളിലൂടെയുമാണ് VFF കടന്നുപോകുന്നത്. ഇതൊരനുഭവമാണ്. യഥാർത്ഥ VFF അനുഭവിച്ചുതന്നെ അറിയണം.

ഒരു മതബോധന സമിതിയുടെയോ മതബോധന അധ്യാപകരുടെയോ മാത്രമല്ല, ഇടവകസമൂഹത്തിന്റെ കൂട്ടായ പ്രവർത്തനമാണ് VFF ന്റെ വിജയം. വിശ്വാസച്യുതി നേരിടുന്ന ഇന്നത്തെ കാലത്ത് കുഞ്ഞുങ്ങളെ വിശ്വാസ ജീവിതത്തിലേക്ക് കൈപിടിച്ചു കൊണ്ടുവരുവാനുള്ള ബാധ്യത എല്ലാവർക്കുമുണ്ട്. അവധിക്കാല വിശ്വാസോത്സവം ഒരു ഉത്സവമാണ്. ഒരു നാടിന്റെ ഒരു സമൂഹത്തിന്റെ ഉത്സവം. ഉത്സവത്തിന് ഒരുങ്ങുവാനായി ഒരുപാട് കമ്മിറ്റികളും പ്രവർത്തനങ്ങളും ആവശ്യമായതുപോലെ വിശ്വാസോത്സവത്തിനും എല്ലാപേരുടെയും സഹകരണം ആവശ്യമാണ്. അങ്ങനെ ഈ വിശ്വാസയാത്രയിൽ ഓരോ കുട്ടിയും സന്തോഷത്തോടെ പങ്കുചേരട്ടെ; ഓരോ കുടുംബവും വിശ്വാസത്തിൽ പുതുക്കപ്പെടട്ടെ; ഓരോ ഹൃദയവും ദൈവവചനത്തിന്റെ വെളിച്ചത്തിൽ പ്രകാശിക്കട്ടെ. ഒത്തൊരുമിച്ച്നിന്നു കൊണ്ട് നല്ലൊരു വിശ്വാസസമൂഹത്തിന് രൂപം കൊടുക്കുന്നതിൽ നമുക്കും പങ്കുകാരാകാം.

•

# 'തണ'ലിടങ്ങളിലെ ചെറുതല്ലാത്ത ഉയിർപ്പ്


വീട്, അതിൽ ആവസിക്കുന്ന കുടുംബത്തെ ചേർത്തുവയ്ക്കുന്ന അവരുടെ അസ്തിത്വത്തിന്റെതന്നെ ഭാഗമായ ഇടമാണെന്ന് ജിബ്രാൻ പറയുന്നു. സമാധാനം - നീതി- സ്വാതന്ത്ര്യം-ഓർമകൾ-കനവുകൾ-എല്ലാം കൂട്ടായ്മയിൽ ആവിഷ്കരിക്കപ്പെടുന്ന ഇടം. അതിനാൽത്തന്നെ കുടുംബത്തോടൊപ്പം വീടും കനവ് കാണുന്നു, ഉറങ്ങിയുണരുന്നു, കാത്തിരിക്കുന്നു, കാതോർക്കുന്നു, ഓർത്തിരിക്കുന്നു. പാർപ്പിടമില്ലാതെ, അഭയമില്ലാതെ, നിരന്തരമായി പലായനം ചെയ്യുന്ന, കലാപങ്ങളും യുദ്ധവും കെടുത്തിക്കളയുന്ന കോടാനുകോടി ജീവിതങ്ങളുടെ കുരിശിന്റെ യാത്രയിലേക്കാണ് ഈ വർഷത്തെ നോമ്പുകാലവും വിശുദ്ധവാരവും നാം ചേർത്തുവയ്ക്കുന്നത്.

ഇവരുടെ ഉയിർപ്പ് - മരണത്തിന്മേലുള്ള ജീവിതത്തിന്റെ വിജയമാണ്. വ്യക്തിപരമായും സാമൂഹികമായും വംശീയമായും പ്രാദേശികമായും മാനവരാശിയും പ്രകൃതിയും നേരിടുന്ന രൂക്ഷമായ പ്രതിസന്ധികളിൽ ഒരു പുത്തൻ പ്രതീക്ഷ - സ്വച്ഛത - നവീകരണം ഉയിർപ്പനുഭവമാകും. സ്വന്തമായ ഭൂമി, വീട്, തൊഴിൽ ഇവയെ പോപ്പ് ഫ്രാൻസിസ് വിശുദ്ധമായ അവകാശങ്ങളായാണ് വിശേഷിപ്പിച്ചത്. വീടില്ലാതാകുന്നവരെക്കുറിച്ച് മറ്റുള്ളവർക്ക്, ധാർമികമായ ന്യായീകരണത്തിന് ഒരവകാശവുമില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.


മഹാജൂബിലിയുടെ വർഷത്തിൽ, റോമിലും സിറിയയിലും പ്രതീകാത്മകമായി വീടുകൾ നിർമിച്ചുനല്കാൻ സഭയെ ഒരുക്കിയെടുത്തു. യേശു പിറന്നുവീണ വീടില്ലായ്മയുടെ സാഹചര്യത്തിൽ വി. യൗസേപ്പ് നേരിട്ട വെല്ലുവിളികളുടെ മുഖം ഇന്നും പ്രസക്തിയുള്ളതാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. വീട് വെച്ചുകൊടുക്കൽ ഒരു ജീവകാരുണ്യപ്രവർത്തനമല്ല; ഉത്തരവാദിത്തത്തോടെ സഹജീവികളോടൊപ്പമാകേണ്ട പങ്കാളിത്തപ്രവർത്തനമാണെന്ന് സമൂഹത്തെ ധരിപ്പിക്കുകയും അതിലേയ്ക്ക് അവരെ ഒരുക്കുകയും ചെയ്തു. മഹാജൂബിലി വർഷത്തിൽ, പ്രത്യേകിച്ചും അതിരൂപതയുടെ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ വിശുദ്ധ പദവിയുടെ നൂറാംവാർഷികത്തിന്റെ പശ്ചാത്തലത്തിൽ അതിരൂപതാ ശുശ്രൂഷാസമിതി 'തണൽ' പദ്ധതിയനുസരിച്ച് നൂറ് വീടുകൾ നിർമിച്ചുനല്കുന്ന പ്രവർത്തനമാരംഭിച്ചു. 2026-ന്റെ ആദ്യപകുതിയിലെത്തുമ്പോൾ ആദ്യഘട്ടമായ അമ്പത് വീടുകൾ എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പതിനാല് വീടുകൾ ആവാസയോഗ്യമാക്കി കുടുംബങ്ങൾക്ക് കൈമാറിക്കഴിഞ്ഞിരിക്കുന്നു.

'തണ'ലിന്റെ ചരിത്രം ഒന്ന് കണ്ണോടിക്കാം. തിരുവനന്തപുരം അതിരൂപതയുടെ രണ്ടാമത്തെ മെത്രാനും ആദ്യത്തെ പ്രാദേശിക മെത്രാനുമായ അഭിവന്ദ്യ പീറ്റർ ബർണാഡ് പിതാവി (1917-1978) ന്റെ ഇരുപത്തിമൂന്ന് വർഷക്കാലത്തെ മെത്രാൻ പദവിയിലുള്ള സേവനകാലത്ത് ദീർഘവീക്ഷണത്തോടെ അദ്ദേഹം തുടക്കമിട്ടതാണ് തിരുവനന്തപുരം സോഷ്യൽ സർവിസ് സൊസൈറ്റി എന്ന റ്റി.എസ്.എസ്.എസ് (ജൂൺ7, 1960-ൽ പ്രവർത്തനസജ്ജമായി). 'ജാതി, വംശ, സമുദായ വിവേചനങ്ങൾക്കതീതമായി, പാവപ്പെട്ടവരുടെയും മർദ്ദിതരുടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമന'മായിരുന്നു റ്റി.എസ്.എസ്.എസ് ലക്ഷ്യമാക്കിയത്. ഇക്കഴിഞ്ഞ അറുപത്തിയാറ് വർഷത്തെ അക്ഷീണ പ്രയത്നങ്ങളാൽ കേരളത്തിന്റെ തെക്കേ തീരത്തെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്ക് സാമൂഹികമായ സുസ്ഥിതി വികസന (Sustainable development) മാതൃക നല്കുന്നതിലേക്ക് ജാഗരൂകമാകുന്ന പ്രതിജ്ഞാബദ്ധതയാണ് റ്റി.എസ്.എസ്.എസ്സിന്റേത്.

റ്റി.എസ്.എസ്.എസ് രൂപപ്പെടുത്തി ഒരുവർഷത്തിനകത്താണ് അഭിവന്ദ്യ പീറ്റർ ബർണാഡ് പിതാവ് മര്യനാട് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ട് (1961) എന്ന സ്വപ്നസമാനമായ സാമൂഹികപരീക്ഷണ മാതൃകയുമായി മുന്നോട്ട് നീങ്ങിയത്. പാർപ്പിടം ഒരു സാമൂഹികാവകാശമാണെന്ന് തിരിച്ചറിഞ്ഞ് ജനസാന്ദ്രതയുള്ള തീരങ്ങളിൽനിന്ന് അമ്പതു കുടുംബങ്ങൾക്ക് സ്ഥലവും പാർപ്പിടവും അതുവഴി നവീകരിക്കപ്പെട്ട ജീവിതശൈലിയും നല്കി ശക്തമായ ഒരു സമൂഹത്തിന് അടിത്തറ പാകി. കൃത്യമായ സാമ്പത്തികനയം പ്രാവർത്തികമാക്കി; നിക്ഷേപശീലത്തിലൂടെ



**ജൂബിലി വർഷത്തിൽ, പ്രത്യേകിച്ചും അതിരൂപതയുടെ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ വിശുദ്ധ പദവിയുടെ നൂറാംവാർഷികത്തിന്റെ പശ്ചാത്തലത്തിൽ അതിരൂപതാ ശുശ്രൂഷാസമിതി 'തണൽ' പദ്ധതി യനുസരിച്ച് നൂറ് വീടുകൾ നിർമിച്ചു നല്കുന്ന പ്രവർത്തനമാരംഭിച്ചു. 2026–ന്റെ ആദ്യപകുതിയിലെത്തു മ്പോൾ ആദ്യഘട്ടമായ അമ്പത് വീടുകൾ എന്ന ലക്ഷ്യത്തിലേയ്ക്കു ള്ള പതിനാല് വീടുകൾ ആവാസ യോഗ്യമാക്കി കുടുംബങ്ങൾക്ക് കൈമാറിക്കഴിഞ്ഞിരിക്കുന്നു.**



അവരുടെ സുസ്ഥിരമായ വികസനം സഫലമാക്കി. ആത്മാഭിമാനവും സംഘടിത ബോധവുമുള്ള ജനത്തിന് പലതരത്തിൽ വികസനം തേടാനുള്ള അറിവ് പകർന്ന് അവരുടെ വിശ്വാസത്തെ ഭദ്രമാക്കി. വരുംതലമുറകളെ വിദ്യാഭ്യാസത്തിലൂടെ ആത്മവിശ്വാസംതേടാൻ അന്നത്തെ പാർപ്പിടമൊരുക്കൽ എന്ന കനവ് വഴിന ടത്തി. പലഘട്ടങ്ങളിലും ഈ സുസ്ഥിര വികസനമാതൃക പരീക്ഷിച്ചുകൊണ്ട് വീട് നിർമാണയത്നങ്ങൾ റ്റി.എസ്.എസ്.എസ് തുടർന്നു. ദാരിദ്ര്യ നിർമാർജ്ജനവും സ്വയം സഹായസംഘങ്ങളുടെ വളർച്ചയും തൊഴിൽ ചെയ്യാനുള്ള സന്നദ്ധതയും കടബാധ്യതകൾ ഒഴിവാക്കാനുള്ള മിതവ്യയശീലങ്ങളും നിക്ഷേപശൈലിയും ഇതുവഴി പകർന്ന് സുസ്ഥിരത കൈവരിക്കാൻ ജനത്തോടൊപ്പം നീങ്ങി രൂപതയുടെ സാമൂ ഹികശുശ്രൂഷാസമിതി.

'തണൽ' പദ്ധതിയുടെ പരികല്പനയും പ്രവർത്തനവും വിശദമാക്കിക്കൊണ്ട് സാമൂഹിക ശുശ്രൂഷാ ഡയറക്ടർ ഫാ. ആഷ്‌ലിൻ പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള കനവുകൾ പങ്കിട്ടതിങ്ങനെയാണ്; അതിരൂപതാ സാമൂഹിക ശുശ്രൂഷാസമിതി 2011-ൽ നടത്തിയ സർവേപ്രകാരം അതിരൂപതയിൽ 35% ജനത്തിനും സ്വന്തംപേരിൽ വസ്തുവോ പാർപ്പിടമോ ഇല്ല. നിലവിൽ ഏകദേശം രണ്ടുലക്ഷത്തി അറുപതിനായി രമാണ് ജനസഖ്യയെങ്കിൽ അവരിൽ ഒരുലക്ഷത്തോളംപേർ പാർപ്പിടമില്ലാതെ ജീവിക്കുന്നു. ഒരു ചെറിയ വീടിനുള്ളിൽപ്പോലും ഒന്നിലധികം കുടുംബങ്ങൾ പർക്കുന്ന സ്ഥിതിവിശേഷം അടിയന്തിരമായ ശ്രദ്ധവേണ്ടുന്ന പ്രശ്നമാണ്. തണൽ പദ്ധതി മുൻകാല ഭവന നിർമാണ ശ്രമങ്ങളിൽനിന്ന് വ്യത്യസ്തമാണ്. രൂപതയിൽനിന്ന് സമാഹരിച്ചുനല്കുന്ന തുക രണ്ട് ലക്ഷത്തിൽനിന്ന് നാല് ലക്ഷമായി ഉയർത്തുകയും വീടിന്റെ വിസ്തീർണം 420 ച.മീറ്റർ എന്നതിൽനിന്ന് 650 ച.മീറ്ററായി വിപുലപ്പെടു ത്തുകയും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിലേക്ക് ആവശ്യമായ വായുസഞ്ചാരം ഉറപ്പാക്കുകയും ചെയ്തു. പരിസ്ഥിതി സൗഹൃദശൈലി ഉറപ്പാക്കുന്നതിലേക്ക് നിലവി ലുള്ള മരങ്ങൾ നിലനിർത്തുകയും പുതിയ മരത്തൈകൾ വീട് നിർമിക്കുന്നതിനൊപ്പം നട്ടുപടിപ്പിക്കുകയും ചെയ്യുന്നു. വീടിന്റെ ടെറസ്സിൽ കൃഷിചെയ്യാനുള്ള സൗകര്യം ഉറപ്പാക്കുകയും മിതമായ ചിലവിൽ വീടിന്റെ നിർമാണം പൂർത്തിയാക്കാൻ ശ്രദ്ധി ക്കുകയും ചെയ്യുന്നു. സ്വന്തമായി ഭൂമിയുള്ളവർക്കാണ് വീട് നിർമിച്ചുനല്കുന്നത്. ദീർഘ കാലമായി ജീവിതപങ്കാളി കിടപ്പുരോഗിയായിരിക്കുക, ജീവിതപങ്കാളി നഷ്ടപ്പെടുക, പെൺകുട്ടികൾ കൂടുതലുള്ള കുടുംബങ്ങൾ എന്നിവർക്കൊപ്പം തീരശോഷണംവഴി വീട് നഷ്ടമായവർക്കും തണൽപദ്ധതി സഹായം എത്തിക്കുകയാണ്.

'തണലി'ലേക്ക് രൂപത ധനസമാഹരണം ലക്ഷ്യമാക്കിയത് സാധാരണ വിശ്വാസികൾ ഒരുനേരത്തെ ആഹാരത്തിനുള്ള തുക (നൂറ് രൂപ) നീക്കിവയ്ക്കുകയും അവശ്യം സാമ്പത്തികമുള്ളവർ രണ്ട് നേരത്തെ ആഹാരത്തിനുള്ള തുക (ഇരുന്നൂറ് രൂപ) നീക്കിവയ്ക്കുകയും ചെയ്താൽ നാല് കോടി രൂപ (നൂറ് വീടിന് നാല് ലക്ഷം പ്രകാരം) സമാഹരിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല എന്ന പങ്കാളിത്ത സമാഹരണ ശൈലിയാണ്. ഇതിലേയ്ക്കു നല്കിയ കൂപ്പൺവിതരണം വേണ്ടത്ര അവബോധം പക ർന്നെത്താത്തതിന്റെ പേരിൽ, ലക്ഷ്യമാക്കിയതിന്റെ 15% മാത്രമായി പരിമിതപ്പെട്ടു. സമൂഹത്തിന്റെ നിസ്സംഗമനോഭാവവും വ്യക്തി കേന്ദ്രീകൃത ജീവിതശൈലിയും ഇന്നും പങ്കാളിത്ത - വികേന്ദ്രീകൃത സമൂഹനിർമിതിക്ക് വലിയ തടസ്സങ്ങൾ സൃഷ്ടിക്കുകയാ ണ്. എന്നിരുന്നാലും ഇത്തരം പൊതു ഉത്തരവാദിത്തങ്ങളുടെ യാത്രയിൽ ഈശ്വര കൃപ തുണയാകും എന്ന വിശ്വാസത്തോടെ സന്മനസ്സുള്ളവരുടെ കാരുണ്യത്താൽ പദ്ധതി മുന്നോട്ടുപോകുന്നു.

ഈ വർഷം ആദ്യപകുതിയായപ്പോൾത്തന്നെ, നിർമാണത്തിലിരിക്കുന്ന ആദ്യഘട്ടത്തിൽ (അമ്പത് വീട്) പതിനാലെണ്ണം പണിപൂർത്തിയാക്കി ആവാസ യോഗ്യമാക്കി കുടുംബങ്ങൾക്ക് കൈമാറിക്കഴിഞ്ഞു എന്നത് ചാരിതാർഥ്യം പകരുന്നു. 'തണൽ' വീട് കിട്ടി അതിൽ താമസമാക്കിയവരിൽ ചിലർ അതിരൂപതയ്ക്കുവേണ്ടി അനുഭവം പങ്കിടാൻ തയ്യാറായി. അവരുടെ അനുമതിയോടെ തന്നെ, ജീവിതം പകർന്ന തീക്ഷ്ണമായ അനുഭവങ്ങളുടെ കുരിശേറ്റവും 'സ്വന്തമായ ഒരു വീട്' എന്ന പ്രകാശമുള്ള പ്രതീക്ഷയുടെ ഉയിർപ്പും നേരിൽ കാണാൻകഴിഞ്ഞു.

ജനസാന്ദ്രതയേറിയ പൊഴിയൂർ - പരുത്തിയൂർ ഇടവകകളിൽനിന്ന് ചിലർ മാധ്യമ ടീമിനോട് അവരുടെ നാൾവഴികളെക്കുറിച്ച് വിവരിച്ചു. പൊഴിയൂരിൽനിന്ന് രജനി സെബാസ്റ്റ്യനും ജാക്വിലിനും പുതിയവീടിന്റെ ആശ്വാസത്തോടെയാണ് സംസാരിച്ചുതുടങ്ങിയത്. രജനി, അമ്മയുടെയും അപ്പന്റെയും അഞ്ച് മക്കളിൽ (ഒരു മകനും നാല് പെൺമക്കളും) ഇളയവളാണ്. ജനിക്കുന്നതിനുമുൻപേ അപ്പൻ മരിച്ചു. മക്കളുമായി നിരാശ്രയയായ രജനിയുടെ അമ്മ, തിരുവനന്തപുരത്ത് സന്യാ

സിനികൾ നടത്തുന്ന ഒരനാഥാലയത്തിലേക്ക് നാലും രണ്ടും വയസ്സുള്ള മക്കളെ പഠിപ്പിക്കാനേല്പിച്ചു. മറ്റ് മൂന്നുമക്കളുമായി അവർ മറ്റൊരു അനാഥാലയത്തിലുമെത്തി. അവിടെ പാചകപ്പണിയിൽ അമ്മ ഏർപ്പെട്ടു. മക്കളെല്ലാം പഠിച്ചത് അവിടെനിന്നാണ്. മകൻ എട്ടാംക്ലാസ്സുവരെ പഠിച്ച് മടങ്ങിവന്ന് കടൽപ്പണിയിലേർപ്പെട്ടു. നാല് പെൺമക്കളും പത്താംതരംവരെ പഠിച്ചു. ഇളയവളായ രജനിയെ ലൂർദ്ദുപുരം സ്കൂളിൽ പന്ത്രണ്ടാംക്ലാസ്സുവരെ പഠിപ്പിക്കാൻ അമ്മയ്ക്ക് കഴിഞ്ഞു. കുട്ടികളെല്ലാം വിവാഹിതരായി സ്വന്തം കുടുംബമായത്കണ്ട് ആശ്വസിച്ചാണ് അമ്മ യാത്രയായത്.



രജനിയുടെ ഭർത്താവ് കടൽപ്പണിക്കാരനാണ്. പക്ഷേ, മൂന്ന് വർഷംമുമ്പ് വന്ന ക്യാൻസർ രോഗത്തിൽ കിഡ്നി എടുത്തുകളയാനുള്ള ശസ്ത്രക്രിയയും കഴിഞ്ഞ് ചികിത്സ തുടരുകയാണ്. സ്വന്തമായി കിടപ്പാടമില്ലാത്ത അവസ്ഥയിൽ ഒറ്റപ്പെടലിന്റെയും തള്ളിനീക്കലിന്റെയും അപമാനത്തിന്റെയും നാളുകളിൽ രജനിയെ തുണച്ചത് ഇടവകയും ഇടവകവികാരി ഡൈസനച്ചനുമാണ്. ശസ്ത്രക്രിയയ്ക്ക് വലിയ തുകയ്ക്കായി കൈനീട്ടിയാചിച്ച രജനിക്കും ഭർത്താവിനും ആകെയുണ്ടായിരുന്നത് കൊറോണക്കാലത്ത് വാങ്ങിയിട്ട രണ്ടുസെന്റ് സ്ഥലംമാത്രമാണ് 'തണൽ' വീടിനായി ഇടവകക്കമ്മറ്റിയിൽനിന്ന് ആദ്യമടയ്ക്കേണ്ട ഒരു ലക്ഷം അച്ചൻ കണ്ടെത്തി. വീണ്ടും നല്കേണ്ട രണ്ടുലക്ഷം രൂപയ്ക്ക് സ്പോൺസറെ കണ്ടെത്തി സഹായിച്ചതും അച്ചൻതന്നെ. നിസ്സഹായതകളിൽനിന്നും കരകയറിയ രജനി, സ്വന്തം വീടിന്റെ മുന്നിൽനിന്ന് പറഞ്ഞു: "ആശ്വാസമാണെനിക്ക്! ഒരു വീടായല്ലോ. ഇനി ആരുടെമുന്നിലും കൈ നീട്ടേണ്ട. നിരാശ്രയയായി നീങ്ങിയ ഇരുണ്ടകാലം കഴിഞ്ഞു. ദൈവം കൈവിടാതെ തുണച്ചു. ഡൈസനച്ചനെക്കുറിച്ച് സ്നേഹവും നന്ദിയും നിറഞ്ഞ കണ്ണുകളോടെ കൈകൂപ്പി രജനി പറഞ്ഞത്, "എല്ലാം നോക്കിക്കണ്ട് എത്തിച്ചുതന്ന മഹാകാരുണ്യമാണ് അച്ചൻ!" എന്നാണ്. മരണത്തെ മുന്നിൽക്കണ്ട ഇരുട്ടിൽനിന്ന് പുത്തൻപ്രതീക്ഷകളുടെ ഉയിർപ്പനുഭവവുമായി ജീവിതത്തിലേക്ക് മടങ്ങിവന്നിരിക്കുകയാണ് രജനിയും സെബാസ്റ്റ്യനും.

പൊഴിയൂരിലെത്തന്നെ ജാക്വിലിന്റെയും രണ്ടുപെൺമക്കളുടെയും നാൾവഴികൾ ഏറെ ഇരുണ്ടതായിരുന്നു. ജാക്വിലിൻ അമ്മയ്ക്കും പപ്പയ്ക്കും സഹോദരിമാർക്കുമൊപ്പം കഴിഞ്ഞകാലത്ത് അപ്പൻ കടൽപ്പണിക്ക് പോകുകയും അമ്മ പലഹാരക്കച്ചവടം നടത്തുകയും ചെയ്താണ് കുടുംബം പോറ്റിയത്. ജാക്വിലിന് എട്ടാം ക്ലാസ്സുവരെ പഠിക്കാനായി. വിവാഹത്തിന്റെ ആദ്യംമുതൽക്കേ കടൽപ്പണിക്കാരനായ ഭർത്താവ് രോഗിയായിരുന്നു. കൃത്യമായി രോഗം നിർണയിക്കാനാകാതെ പതിനാറ് വർഷവും പല ചികിത്സകളും തുടർന്നു. ഒടുവിലാണ് കരളിനെ ബാധിച്ച ക്യാൻസറാണെന്ന് തിരിച്ചറിഞ്ഞത്. രണ്ടുപെൺമക്കൾക്കൊപ്പം ജാക്വിലിന് തുണയില്ലാതായി. മാതാപിതാക്കളും മരിച്ചു. ഭർത്താവ് മരിച്ച് അഞ്ചുമാസം കഴി



ഞ്ഞപ്പോൾ ജാക്വിലിൻ മക്കളെ പഠിപ്പിക്കാനും വാടകവീട്ടിലെങ്കിലും കഴിയാനുമായി അമ്മ നടത്തിയ കച്ചവടംതന്നെ വീണ്ടും തുടങ്ങി. മക്കൾ രണ്ടുപേരും പത്തിലും എട്ടിലുമായി പഠനം തുടർന്നു. തണൽ പദ്ധതി പ്രകാരം നാലുസെന്റ് സ്ഥലം ഒരു ബന്ധുവിൽനിന്ന് കടമായി വാങ്ങി. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ട തുകയും ഡൈസനച്ചന്റെ സമയോചിതമായ സഹായത്തിലൂടെ സ്പോൺസർഷിപ്പിൽ നേടിയെടുത്ത് വീട് പൂർത്തിയാക്കി. നിരന്തരമായ അധ്വാനവും മനക്ലേശവും കാരണം ജാക്വിലിൻ രോഗിയാണ്. ഹൃദ്രോഗവും ഡയബറ്റിസും തേയ്മാനവുമൊക്കെയായി ചികിത്സപോലും മാറ്റിവച്ച് ജീവിതം തുടരാനുള്ള നീണ്ട പോരാട്ടമാണ്. എല്ലാ കഷ്ടപ്പാടുകളിലും 'സ്വന്തമായ കിടപ്പാടം' എന്ന സ്വപ്നം ഒപ്പമുണ്ടായിരുന്നു. ഇപ്പോൾ മക്കൾക്ക് സുരക്ഷയും സമാധാനവും തനിക്കും കുടുംബത്തിനും മാന്യതയും അന്തസ്സുമൊക്കെ ഈ വീടിലൂടെ നേടിയെടുക്കാനായി. ഇനിയുമുണ്ട് കാതങ്ങൾ കടക്കാൻ. ഒരത്താണിയിൽ ഒട്ടുനേരം ഭാരം ഇറക്കിവച്ചതുപോലെ കിതപ്പാറ്റി നില്ക്കുകയാണ് ഈ കരുത്തയായ സ്ത്രീ.

പരുത്തിയൂർ ഇടവകയിൽനിന്നുള്ള ജോൺമേരിക്കും കടൽപ്പണിക്കാരനായ കല്ലിയാസിനും മിടുക്കരായ ക്ലിന്റനും റ്റിന്റമോൾക്കും പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും സമാധാനവുമാണ് അവർക്കായി കിട്ടിയ വീട് നല്കുന്നത്. പഞ്ചായത്തിൽനിന്ന് മാതാപിതാക്കൾക്കുകിട്ടിയ ഒന്നേമുക്കാൽ സെന്റിൽനിന്നിരുന്ന പഴകി ജീർണിച്ച വീടിന്റെ ചുമരുകൾ ഇടിഞ്ഞുവീണിരുന്നു. കുട്ടികൾക്ക് ഭയമില്ലാതെ ഉറങ്ങാൻപോലും കഴിഞ്ഞിരുന്നില്ല. ഇടവകക്കാരും ഡേവിഡ്സൺ അച്ചനും ചേർന്ന് തണൽപദ്ധതിയിലെ വീടിന് സൗകര്യമൊരുക്കി. സ്വയം ഇടേണ്ട തുക കടമാണെങ്കിലും മക്കൾക്ക് തുടർന്ന് മികവോടെ പഠിക്കാൻ കഴിഞ്ഞാൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവുമെന്ന പ്രതീക്ഷയാണ് ജോൺമേരിക്കുള്ളത്. ജപമാലയും മാതാവിലുള്ള അളവില്ലാത്ത വിശ്വാസവും നാൾവഴികളെ പ്രകാശമാനമാക്കുന്നു എന്നാണ് ആ കുടുംബിനി കരുതുന്നത്.





മിഷൻ ഇടവകകളുള്ള പുതിയ ഫൊറോനയായ വട്ടിയൂർക്കാവിൽ ലിറ്റിൽ ഫ്ളവർ ഇടവകാംഗങ്ങളായ ബാബു, സുനിത ദമ്പതിമാർക്കും പണിപൂർത്തിയായി ഒരുവീട് സ്വന്തമാക്കാൻ കഴിഞ്ഞു. മേസ്തിരിപ്പണിയിലാണ് ബാബു. ഭാര്യയും രണ്ടുപെൺമക്കളുമായി ഇക്കാലമത്രയും വാടകവീടുകളിലാണ് അവർ കഴിഞ്ഞത്. മൂത്തമകൾ ബിരുദപഠനം പൂർത്തിയാക്കിയിരുന്നു. ഇളയമകൾ പതിനൊന്നാംക്ലാസ്സിൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ പഠിക്കുന്നു. ഇവർക്ക് വസ്തുവാങ്ങേണ്ടിവന്നു. ബാങ്ക് ലോണെടുത്താണ് മൂന്നുസെന്റ് സ്ഥലം വാങ്ങിയത്. തണൽ പദ്ധതിയിൽ രൂപതയിലേക്ക് പണം അടയ്ക്കാൻ സഹായിച്ചത് ഇടവക കമ്മറ്റിയും ഇടവക വികാരി ലോറൻസ് കലാസ് അച്ചനും ചേർന്ന് തുക സമാഹരിച്ചുവഴിയാണ്. പ. അമ്മയോടുള്ള നിസ്സീമമായ ഭക്തിയാൽ പുതിയ വീടിന് 'മേരി നിവാസ്' എന്നാണ് അവർ പേര് നല്കിയത്. മക്കളുടെ പഠനം പൂർത്തിയാക്കി സ്വന്തമായ തൊഴിൽ നേടുവോളം ഏറെ ബദ്ധപ്പെട്ട് കുടുംബത്തെ നോക്കിനടത്തുകയാണ് ബാബു-സുനിത ദമ്പതികൾ. "കേറിക്കിടക്കാൻ സ്വന്തമായ ഒരു വീടും ഒരു മേൽവിലാസവുമാണ് ഞങ്ങൾക്ക് കിട്ടിയത്!" എന്ന് അഭിമാനത്തോടെ പറയുമ്പോൾ സുനിതയുടെ മനസ്സിൽ കഴിഞ്ഞകാലങ്ങളുടെ ദുരിതാനുഭവങ്ങളുടെ അനിശ്ചിതത്വം പ്രതീക്ഷയിലേക്ക് വകഞ്ഞുമാറുന്നത് കാണാൻ കഴിഞ്ഞു.

പതിനായിരക്കണക്കിന് കുടുംബങ്ങൾ ഇന്നും നമ്മുടെ അതിരൂപതയിൽ പാർപ്പിടത്തിനായി കാത്തിരിക്കുകയാണ്. 'തണ'ലിടങ്ങൾ വളരേണ്ടതായുണ്ട്. 'ലാന്റ് ബാങ്കിംഗ് സിസ്റ്റം' എന്ന തരത്തിൽ ഒരുമിച്ച് സ്ഥലംവാങ്ങി കുടുംബങ്ങൾക്ക് വീതിച്ചുനല്കി വായ്പയിനത്തിൽ ചിലവഴിച്ച തുക തിരിച്ചെടുക്കേണ്ട സാമൂഹിക പ്രതിബദ്ധതയുള്ള പങ്കാളിത്തത്തെക്കുറിച്ച് ആഷ്‌ലിൻ അച്ചന്റെ കനവുകൾ വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. സഭ എന്ന നിലയ്ക്ക് ദൈവജനത്തിന് ഈ 'വിശുദ്ധമായ അവകാശ'ത്തിൽനിന്ന് ഒഴിഞ്ഞുമാറിനടക്കുന്നതിൽ ഒരു ന്യായീകരണവും കണ്ടെത്താനാവില്ലതന്നെ. •

• കവിത • ഫാ. ബിജോയ് കെ. സി.



# താളം



നെഞ്ചിലുയരുമെൻ ജീവതാളം
സ്വരമുണർന്നു മനസ്സുണർന്നു
ജീവിതസ്വരരാഗ തന്ത്രികളിൽ
മീട്ടിടുമെൻ ആത്മതാളമായ്
നഷ്ടബോധങ്ങളിൽ നിരാശതാളം
കഷ്ടബോധത്തിൽ ദുഃഖതാളം
ജീവിതകഥനത്തിൽ ഗർത്തതാളം
വേദനകൾ വലിഞ്ഞുമുറുങ്ങവേ
അറിയുന്നു ഞാനെൻ
രാഗതാള സ്വരസമന്വയം
ഗുരുതൻ അതിജീവനതാളം
തകർന്ന മനസ്സിൻ താളസ്വരമായ്
ഹൃദയമന്ത്രമായ് മണ്ണിലലിഞ്ഞു
ആത്മാവിൻ സന്തപ്തരാഗമായ്
അന്തിമരാഗം മീട്ടിയെൻ ഹൃദയം

വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**ഏപ്രിൽ 2026**

തയ്യാറാക്കിയത്: സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം

> **പ്രാർഥനാ ഗാനം**
> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

കാരുണ്യവാനായ ദൈവമേ, ഞങ്ങൾ അങ്ങയുടെ സ്നേഹത്തിൽ വളരാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഉള്ളിൽ നല്ല ചിന്തകളും സത്യങ്ങളുംമാത്രം നിലനിൽക്കട്ടെ. ടിവി, ഫോൺ, ഇൻറർനെറ്റ് എന്നിവ ഉപയോഗിക്കുമ്പോൾ നല്ലതും ശരിയുമായ കാര്യങ്ങൾമാത്രം കാണുവാനും പഠിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. തെറ്റായ കാര്യങ്ങളിൽനിന്ന് ഞങ്ങളെ അകറ്റി ഞങ്ങളുടെ സമയം നല്ലകാര്യങ്ങൾക്ക് ഉപയോഗിക്കുവാനും മാതാപിതാക്കളെയും അധ്യാപകരെയും അനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമേയെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ ഈ മാസത്തെ ചിന്താവിഷയം 'മാധ്യമം'.

ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമം. വിവരവിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. ലോകം മുഴുവനുമായി മാധ്യമങ്ങളുടെ സഹായത്താൽ ബന്ധപ്പെട്ടതാവുന്നു. മാധ്യമങ്ങളാണ് ഇന്ന് നമ്മുടെ ജീവിതശൈലി നിയന്ത്രിക്കുന്നത്. മനുഷ്യന്റെ ജീവിത രീതിയെയും വികാരവിചാരങ്ങളെയും പ്രവൃത്തികളെയും സ്വാധീനിക്കുന്നു.

പ്രധാന മാധ്യമങ്ങൾ

> പത്രം
> ടെലിവിഷൻ
> റേഡിയോ
> ഇൻറർനെറ്റ്

ഇന്റർനെറ്റ് ലഭ്യമാകുന്ന ഉപകരണങ്ങളെ സൂചിപ്പിക്കുന്ന സംജ്ഞയാണ് നവമാധ്യമം. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ അനുബന്ധ മാധ്യമങ്ങളാണ്. ബ്ലോഗ്, Linkedin, Pinterest, യൂട്യൂബ്, ട്വിറ്റർ, വാട്സ്ആപ്, ഇൻസ്റ്റാഗ്രാം, ടെലിഗ്രാം, ടിക്ക് ടോക്ക് എന്നിവ വളരെ പ്രചാരത്തിലുള്ള ഇന്റർനെറ്റ് ആപ്പുകളാണ്.

വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറന്നുതരുന്ന നൂതന സാങ്കേതികവിദ്യയാണ് ഇൻറർനെറ്റ്. ഇന്ന് ഏറ്റവും വ്യാപകവും ശക്തവുമായ സാമൂഹ്യമാധ്യമവും പഠനോപകരണവും ജോലിസ്ഥലവുമൊക്കെയാണ് ഇൻറർനെറ്റ്. ബാങ്കിംഗിനും ബിസിനസ്സിനുംമുതൽ പരീക്ഷാഫലം അറിയുന്നതിനുംവരെ ഇൻറർനെറ്റിനെ ആശ്രയിക്കാതിരിക്കാൻ കഴിയുകയില്ല. ഏതു വിഷയത്തെക്കുറിച്ചുമുള്ള ആധികാരിക വിവരങ്ങൾ തിരഞ്ഞുപിടിച്ചു തരുന്ന ഗൂഗിളും വിക്കിപീഡിയയും ഇന്നു വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ചിരപരിചിതമായിരിക്കുന്നു. മൊബൈൽ വഴിയുള്ള ഇൻറർനെറ്റിന്റെ വ്യാപനവും smart phone-കളുടെ പ്രചാരവും നവമാധ്യമങ്ങളുടെ സമീപകാല വളർച്ചയിൽ നിർണായക പങ്കുവഹിക്കുന്നു.

വിജ്ഞാന സ്രോതസ്സുകളിൽ തിരയുന്നതിനുപകരം അശ്ലീല സൈറ്റുകളിൽ മുഴകി സ്വയം നശിക്കുന്നവരുടെ എണ്ണം ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഫേസ്ബുക്ക് ഓർക്കുട്ട് പോലുള്ള സൗഹൃദ കൂട്ടായ്മകളിലെ അപരിചിതരുമായുള്ള അവിശുദ്ധ സൗഹൃദം വരുത്തിവയ്ക്കുന്ന വിനകൾ വലുതാണ്. ചിത്രങ്ങൾ മോർഫ് ചെയ്ത് ഭീഷണിപ്പെടുത്തുന്നതുമുതൽ കൊലപാതകത്തിലേക്കുവരെ ഇത്തരം അപക്വ സൗഹൃദങ്ങൾ വഴിതെളിക്കുന്നു. മൊബൈൽ ഫോണിന്റെ അതിപ്രസരത്തോടെ ബന്ധങ്ങൾ ശുഷ്കവും സങ്കുചിതവുമായിരിക്കുകയാണെന്നതാണ് ഏറ്റവും വലിയ ദുരന്തം. മൊബൈൽ ഫോണിന്റെ സ്വകാര്യതയാണ് അതിന്റെ ഏറ്റവും വലിയ ബാധ്യത. ജീവിതയാഥാർത്ഥ്യങ്ങളെയും ഉത്തരവാദിത്തങ്ങളെയും അവഗണിക്കുന്നവരുടെ തലയ്ക്കുമുകളിലെ ഡെമോക്ലിസിന്റെ വാളാണ് മൊബൈൽ. മാധ്യമങ്ങൾ ഉപകരണങ്ങളാണെന്നും അതു മനുഷ്യന്റെ ഉപയോഗത്തിനുള്ളതാണെന്നും അതു മനുഷ്യനെ കീഴ്പ്പെടുത്തുവാൻ പാടില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിരിക്കണം.

കുട്ടികളുടെ മാനസിക വികസത്തിൽ ചുറ്റുപാടുകൾ നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. മാധ്യമങ്ങളെ മാറ്റിനിർത്തി ഈ ചുറ്റുപാടുകളെപ്പറ്റി ചിന്തിക്കാനാവില്ല. കാരണം കുട്ടികൾ മാധ്യമങ്ങളുടെ ലോകത്തിലേയ്ക്കാണ് പിറന്നുവീഴുന്നത്. കാണുന്നതും കേൾക്കുന്നതും വിശകലനം ചെയ്യാതെ വിശ്വസിക്കുന്നത് അബദ്ധമാണ്. വേണ്ടതും വേണ്ടാത്തതും വിളമ്പുമ്പോൾ വേണ്ടതുമാത്രം സ്വീകരിക്കാനുള്ള വിവേകവും വിവേചനബുദ്ധിയും കുട്ടിക്ക് ഉണ്ടാകണം. മാതാപിതാക്കൾ വളരെയേറെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് കുട്ടികളുടെ മാധ്യമബന്ധം.

യഥാർത്ഥ മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതാണ് മാധ്യമധർമം. എന്നാൽ മനുഷ്യൻ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ ഇന്ന് മനുഷ്യനെ നിയന്ത്രിക്കുന്നു. ഈ അവസ്ഥ അപകടകരമാണ്. ആയതിനാൽ മാധ്യമ സാക്ഷരത വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കുവാൻ സാധിക്കുന്ന മാധ്യമങ്ങളെസംബന്ധിച്ച് ശരിയായ ബോധവൽക്കരണം ആവശ്യമാണ്. മാധ്യമങ്ങളെ വിമർശന ബുദ്ധിയോടെ നോക്കിക്കാണാനുള്ള പരിശീലനം ഇന്ന് വിദ്യാർത്ഥികൾക്ക് ആവശ്യമാണ്. പുതിയ തലമുറ മാധ്യമ തലമുറയാണ്. നമ്മുടെ ജീവിതത്തെയും മൂല്യങ്ങളെയും സമീപനങ്ങളെയും നിരന്തരമായി രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന മാധ്യമങ്ങൾ നൽകുന്ന സന്ദേശങ്ങളെ വിമർശന ബുദ്ധിയോടെ സ്വീകരിക്കാൻ നാം സജ്ജമാകണം.

വിദ്യാർത്ഥികളുടെ പക്വതയും തുറവിയുള്ളതും ക്രൈസ്തവ മൂല്യാധിഷ്ഠിതവുമായ ശൈലിയിലുള്ള സാങ്കേതികവിദ്യയുടെ ഉപയോഗവും രക്ഷിതാക്കൾ ഉറപ്പുവരുത്തണം. വിശ്വാസവും സഭാസ്നേഹവും ഉജ്ജ്വലിപ്പിക്കുന്ന ധാരാളം സ്രോതസ്സുകൾ നെറ്റിൽ ലഭ്യമാണെന്ന് നാം തിരിച്ചറിയണം. നന്മയെ സ്വീകരിക്കാനും

തിന്മയെ ത്യജിക്കാനും നമുക്ക് പ്രയത്നിക്കാം.

1. വായന മരിക്കുന്നു എന്ന മുറവിളിക്ക് സാമൂഹ്യമാധ്യമങ്ങൾ എത്രമാത്രം കാരണമാകുന്നു?

2. സാമൂഹ്യമാധ്യമങ്ങൾ ജനങ്ങളെ യഥാർത്ഥ സാമൂഹികപ്രശ്നങ്ങളിൽനിന്നും വഴിതിരിച്ചു വിടാറുണ്ടോ?

3. മാധ്യമ സാക്ഷരത വളർത്തിയെടുക്കുവാനും പ്രചരിപ്പിക്കുവാനും നമ്മുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

**വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം / ഇംഗ്ലീഷ്)

**പ്രസംഗ പരിശീലനം** (അഞ്ചുപേർ 2 മിനിറ്റു വീതം)
വിഷയം: ആത്മവിശ്വാസം

**ക്വിസ് മത്സരം**

- കേരളത്തിലെ ഏറ്റവും പഴയ പത്രം?
- സൈബർ ക്രൈം ഡിപ്പാർട്ട്മെൻറ് ഹെൽപ്പ് ലൈൻ നമ്പർ?
- ഇന്ത്യയിലെ ആദ്യത്തെ വർത്തമാന പത്രം?
- ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനം ഏത്?
- കേരളത്തിലെ ആദ്യത്തെ വാർത്താ ചാനൽ?
- ഇൻറർനെറ്റിലെ www എന്നതിന്റെ പൂർണരൂപം?
- ടെലിഫോൺ കണ്ടുപിടിച്ചതാര്?
- ടെലിവിഷൻ കണ്ടുപിടിച്ചതാര്?
- കമ്പ്യൂട്ടർ കണ്ടുപിടിച്ചതാര്?

> **മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

- സ്വപ്നങ്ങൾ ലക്ഷ്യങ്ങളാകുമ്പോൾ
- പഠനശീലങ്ങൾ കരിയറിന് എങ്ങനെ സ്വാധീനിക്കുന്നു

> **ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ**

> **തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡൻറ്)

> **സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫൊറോന/രൂപത)

> **ചർച്ച:**

**'കുറുക്കുവഴി (വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികത)'**

വി.യോഹന്നാൻ 6:35, 44,52-58: യേശു അവരോടു പറഞ്ഞു: 'ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.'

'എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കുവരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയർപ്പിക്കും.'

ദിവ്യകാരുണ്യം സ്വീകരിച്ചതിനുശേഷമുള്ള കൃതജ്ഞത പ്രകടനത്തിന്റെയും ധ്യാനത്തിന്റെയും സമയത്ത് പലപ്പോഴും ഉറക്കം തോന്നുന്നതിനെക്കുറിച്ച് ഞാൻ പര്യാകുലയാകേണ്ടതാണെന്ന് തോന്നുന്നു. പക്ഷേ ശിശുക്കൾ ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും തങ്ങളുടെ മാതാപിതാക്കൾക്ക് പ്രിയങ്കരരാണ്. ശസ്ത്രക്രിയയ്ക്കുവേണ്ടി ഭിഷഗ്വരന്മാർ തങ്ങളുടെ രോഗികളെ മയക്കാറുണ്ട്. കർത്താവ് നമ്മുടെ പ്രകൃതിയെ അറിയുന്നു. 'നാം വെറും പൂഴിയെന്ന് അവനോർക്കുന്നു' (സങ്കീ. 102:14) ഈ കാര്യങ്ങൾ ഞാൻ അനുസ്മരിക്കുന്നുണ്ട്.

എന്റെ സമാശ്വാസം കുറയുന്ന സന്ദർഭങ്ങൾ എനിക്കില്ല. ഇതിനെക്കുറിച്ച് എനിക്ക് അദ്ഭുതം തോന്നുന്നില്ല. കാരണം എന്റെ കർത്താവിനെ സ്വീകരിക്കുവാൻ ഞാനാഗ്രഹിക്കുന്നത് എന്റെ സ്വന്തം സംതൃപ്തിക്കുവേണ്ടിയല്ല. നേരേമറിച്ച് അവിടുത്തേയ്ക്ക് സന്തോഷം നൽകുന്നതിനുവേണ്ടി മാത്രമാണ്.

എന്റെ ആത്മാവിനെ നിരുപയോഗപ്രദമായ ഭൂമിയായി കണക്കാക്കിക്കൊണ്ട് എന്റെ അപൂർണതകളാകുന്ന അതിലെ ചപ്പുകളും ചവറുകളുമെന്നപോലെ എടുത്തു മാറ്റുവാനും സ്വർഗത്തിന് അനുയോജ്യമായ ഒരു മനോഹര മന്ദിരം പണിത് തന്റെ അലങ്കാരംകൊണ്ട് അതിനെ സുന്ദരമാക്കുവാനും ഞാൻ നമ്മുടെ നാഥനോട് അപേക്ഷിക്കുന്നു. അതിനുശേഷം സ്നേഹത്തിന്റെ കീർത്തനങ്ങൾ ആലപിക്കുന്നതിനുവേണ്ടി മാലാഖമാ രെയും വിശുദ്ധരെയും ഞാൻ അ വി



ടേയ്ക്ക് ക്ഷണിക്കുന്നു. ഇത്ര മഹോന്നതമായ നിലയിൽ ഈശോയെ അവിടേയ്ക്ക് സ്വാഗതം ചെയ്യുന്നതിൽ അവിടുന്ന് സംതൃപ്തനാണെന്ന് ഞാൻ കരുതുന്നു. അവിടത്തെ സന്തോഷത്തിൽ ഞാനും പങ്കാളിയാകുന്നു. പക്ഷേ ഇങ്ങനെയൊക്കെയാണെങ്കിലും ഇത് ശ്രദ്ധയുടെ പകർച്ചയും മയക്കവും മാറ്റിക്കളയുന്നില്ല. എന്റെ കൃതജ്ഞതാ പ്രകടനം സമൂഹത്തിൽവച്ച് പകൽ മുഴുവനും നടത്തുന്നതിന് ഞാൻ തീരുമാനിക്കുകയും ചെയ്യുന്നു.

എന്റെ പ്രിയ അമ്മേ, എന്റെ വഴി ഭയത്തിന്റെ വഴിയല്ലെന്ന് കാണുക. എന്റെ വീഴ്ചകളിൽനിന്ന് പഠിക്കേണ്ടതുണ്ട്. അങ്ങനെ ചെയ്യുന്നതിന് നമ്മുടെ കർത്താവുതന്നെ എനിക്ക് പ്രേരണ നൽകുന്നു.

> നന്ദി

> മാതാവിനോടുള്ള ഗാനം

•

തയ്യാറാക്കിയത് : ശ്രീ. സിൽവസ്റ്റർ ജെ
(സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീമംഗം)



• ലേഖനം • എം. ജോൺസൺ റോച്ച്



# പശ്ചിമേഷ്യൻ സമാധാന കാഴ്ചപ്പാട് ലിയോ പാപ്പയിലൂടെ...

**യുദ്ധങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ നേതൃത്വം നൽകുന്ന ക്രിസ്തീയ വിശ്വാസികളായ നേതാക്കളോട് പാപ്പ ഒരു ചോദ്യം ഉയർത്തി; "ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് നിരക്കുന്നതാണോ തങ്ങളുടെ പ്രവൃത്തികളെന്ന് ഗൗരവമായി ചിന്തിക്കണം. രാജ്യത്തിനകത്തും അതിർത്തികൾക്കപ്പുറവും മാനവികതയ്ക്കും സമാധാനത്തിനും മുൻഗണന നൽകാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. "**

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ സംഘർഷം തുടരുന്നതിനിടെ നയതന്ത്ര ചർച്ചകളിലൂടെ യുദ്ധം അവസാനിപ്പിക്കുകയാണ് വേണ്ട തെന്ന് ഞായറാഴ്ച പ്രഭാഷണത്തിനിടെ ലിയോ പതിനാലാമൻ പാപ്പ ലോകത്തോട് ആഹ്വാനം ചെയ്തു. ലോകരാജ്യങ്ങൾ യുക്തിഭദ്രമായ സംഭാഷണങ്ങൾകൊണ്ടും ഉത്തരവാദിത്തപൂർണമായ സംവാദങ്ങൾകൊണ്ടും സംഘർഷം അവസാനിപ്പിക്കാൻ ശ്രമിക്കണമെന്നും അല്ലെങ്കിൽ, പരിഹരിക്കാൻ പറ്റാത്തവിധം ലോകസമാധാനം കൈവിട്ടുപോകുമെന്നും പാപ്പ മുന്നറിയിപ്പ് നൽകുന്നു. ബോധപൂർവ്വമുള്ള സംവാദങ്ങളിലൂടെ യുദ്ധം അവാനിപ്പിക്കാനുള്ള ധാർമിക ഉത്തരവാദിത്തം ഏറ്റെടുക്കാൻ ലോകരാജ്യങ്ങൾ തയ്യാറാകണമെന്നും പാപ്പ ആവശ്യപ്പെട്ടു.

ഇറാനും ഇസ്രയേലും അമേരിക്കയും നടത്തുന്ന ആക്രമണങ്ങൾ തന്നെ അസ്വസ്ഥ പ്പെടുത്തുന്നുവെന്നും ഇപ്പോഴത്തെ സംഘർഷങ്ങളിൽ വലിയ ആശങ്കയുണ്ടെന്നും ലെബനൻ ഉൾപ്പെടെയുള്ള മറ്റുരാജ്യങ്ങളിലേക്ക് സംഘർഷം പടരുന്നത് ഭയപ്പെടുത്തുന്നുവെന്നും സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ പ്രാർത്ഥനാവേളയിൽ പാപ്പ പറഞ്ഞു. യുദ്ധത്തിൽ ഇരകളാകുന്ന സാധാരണക്കാരെ ഓർത്ത് ദുഃഖം പങ്കുവെച്ച പാപ്പ, സമാധാനത്തിനായി ദൈവത്തോടു പ്രാർത്ഥിക്കാനായി വിശ്വാസികളോട് അഭ്യർത്ഥിക്കുകയുംചെയ്തു. വെടിയൊച്ച നിലയ്ക്കാനും തുറന്ന സംഭാഷണങ്ങൾക്കും മാനവജനതയുടെ ശബ്ദത്തിന് ഇടംലഭിക്കാനുമായി പരിശുദ്ധരാജ്ഞിയോട് പ്രാർത്ഥിക്കുകയുമുണ്ടായി. അനുരഞ്ജനത്തിന്റെയും പ്രത്യാശയുടെയും പാതയിലൂടെ രാജ്യങ്ങളെ നയിക്കണമേയെന്നുള്ള പാപ്പയുടെ പ്രാർത്ഥന ഏറെ ശ്രദ്ധേയമായി.

യുദ്ധങ്ങളും സംഘർഷങ്ങളും ലോകത്തെ അശാന്തിയിലേക്ക് ആഴ്ത്തുമെന്നും ആയുധങ്ങൾ ഉപേക്ഷിച്ച് സമാധാനത്തിന്റെ മാർഗമാണ് സ്വീകരിക്കേണ്ടതെന്നും ഓരോ വ്യക്തിയുടെയും ഹൃദയത്തിൽനിന്ന് തുടങ്ങേണ്ട യാത്രയാണ് സമാധാനമെന്നും ഹൃദയത്തിൽനിന്നും വെറുപ്പും വിദ്വേഷവും നീക്കംചെയ്ത് അവിടെ സ്നേഹവും കാരുണ്യവും നിറയ്ക്കുകയാണ് വേണ്ടതെന്നും പ്രാർത്ഥനാനിയോഗത്തിൽ പാപ്പ ഉദ്‌ബോധിപ്പിച്ചു. ആയുധങ്ങളിലൂടെയോ പരസ്പര ഭീഷണികളിലൂടയോ സമാധാനം സ്ഥാപിക്കാൻ കഴിയില്ല. അവ മരണവും സർവനാശവും വേദനകളും മാത്രമേ സമ്മാനിക്കൂ. ന്യായപൂർണവും അവരവരുടെ അധികാരം അംഗീകരിച്ചുകൊണ്ടുള്ളതുമായ സംഭാഷണങ്ങളിലൂടെ മാത്രമേ സമാധാനം കൊണ്ടുവരാനാകൂ. അതിനായി രാജ്യങ്ങൾ യത്നിക്കുകയാണ് വേണ്ടത്, പാപ്പ ആവശ്യപ്പെട്ടു.

യുദ്ധങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ നേതൃത്വം നൽകുന്ന ക്രിസ്തീയ വിശ്വാസികളായ നേതാക്കളോട് പാപ്പ ഒരു ചോദ്യം ഉയർത്തി; "ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് നിരക്കുന്നതാണോ തങ്ങളുടെ പ്രവൃത്തികളെന്ന് ഗൗരവമായി ചിന്തിക്കണം. രാജ്യത്തിനകത്തും അതിർത്തികൾക്കപ്പുറവും മാനവികതയ്ക്കും സമാധാനത്തിനും മുൻഗണന നൽകാനാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. അധികാര മോഹത്തിനായി ആയുധമെടുക്കുന്നത് വിശ്വാസത്തോടുള്ള വെല്ലുവിളിയാണ്. അധികാരവും ആയുധങ്ങളും അശാന്തിക്കുള്ള ഉപാധികളായി മാറ്റുന്നവർ മാനസാന്തരത്തിലേക്ക് തിരിയണം."

മനുഷ്യൻ വികസിപ്പിച്ചെടുത്ത അത്യാധുനികമായ വ്യോമയുദ്ധസംവിധാനങ്ങൾ മനുഷ്യകുലത്തെ വിസ്മയിപ്പിക്കുകയും പേടിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകം ഇതുവരെ നേടിയെടുത്ത പരിഷ്കാരത്തെയും പുരോഗതിയേയുമൊക്കെ വെല്ലുവിളിച്ചുകൊണ്ട് സംഘർഷ വഴികളിലേക്ക് രാജ്യങ്ങൾ നീങ്ങുന്നു. ഓരോ യുദ്ധവും ശേഷിപ്പിക്കുന്നത് മനുഷ്യജീവനടക്കമുള്ള മഹാനാശങ്ങളാണ്. ആ നാശത്തിന്റെ ഹൃദയവിലാപങ്ങൾ ലോകം കണ്ടുകൊണ്ടിരിക്കുന്നു. കളിയുടെയും ചിരിയുടെയും പ്രായത്തിൽ ജീവൻ നഷ്ടപ്പെട്ട പെൺകുഞ്ഞുങ്ങളുടെ വിലാപം നമ്മുടെ മനസുകളിൽ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. അമേരിക്ക-ഇസ്രയേൽ-ഇറാൻ, റഷ്യ-യുക്രൈൻ യുദ്ധങ്ങളിലൂടെ ലോകത്തിന് ദുഃഖം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. ലോകത്തിന്റെതന്നെ സമാധാനപരമായ ഭാവി ഉറപ്പാക്കണമെങ്കിൽ യുക്രെയിനിലെയും പശ്ചിമേഷ്യയിലെയും സ്ഥിതഗതികൾ നിയന്ത്രിച്ചേപറ്റൂ. അടിക്കുന്നവരും തിരിച്ചടിക്കുന്നവരും സമാധാനം ആഗ്രഹിക്കുന്ന ബഹുഭൂരിപക്ഷത്തെ കാണാതെ പോകുന്നു. ഇപ്പോഴത്തെ സംഘർഷ സാഹചര്യങ്ങൾക്കറുതി വരുത്താൻ ഐക്യരാഷ്ട്രസഭയ്ക്ക് കഴിയണം എന്നാൽ, ഐക്യരാഷ്ട്രസഭ വെറും കാഴ്ചക്കാരായി മാറിനിൽക്കുന്ന കാഴ്ചയാണ് നാം കാണുക. ആധുനികലോകത്തെ യുദ്ധങ്ങൾ വെറും അതിർത്തി തർക്കങ്ങളോ രാഷ്ട്രീയ വിയോജിപ്പുകളോ മാത്രമല്ല, പലപ്പോഴും അധികാരഭ്രാന്തും സഹാനുഭൂതിയില്ലായ്മയും വലിയപങ്ക് വഹിക്കുന്നുണ്ട്. ആധുനിക ആയുധങ്ങളെക്കാൾ അപകടരമാണ് അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ മാനസികാവസ്ഥ. സഹാനുഭൂതിയും മാനുഷിക പരിഗണനയുമില്ലാത്ത വ്യക്തികൾ രാജ്യങ്ങളെ നിയന്ത്രിക്കുമ്പോൾ അത് അവസാനിക്കാത്ത യുദ്ധങ്ങൾക്കും മാനുഷിക ദുരന്തങ്ങൾക്കും വഴിതെളിക്കുന്നു. ലോകസമാധാനത്തിനായി ആയുധശേഖരം കുറയ്ക്കുന്നതിനൊപ്പം വിവേകവും മനുഷ്യത്വവുമുള്ള നേതൃത്വങ്ങൾ ഉണ്ടാവുക എന്നതും അത്യന്താപേക്ഷിതമാണ്.

വത്തിക്കാനിലെ ഉന്നത നയതന്ത്രപ്രതിനിധി ഇങ്ങനെ പ്രതികരിച്ചു; ഇറാൻ ആണവായുധങ്ങൾ നിർമ്മിച്ച് ഭാവിയിൽ രാജ്യാന്തര സമാധാനത്തിന് ഭീഷണി സൃഷ്ടിക്കുമെന്ന അമേരിക്കയുടെയും ഇസ്രയേലിന്റെയും വാദവും തള്ളിക്കളയാനാകില്ല. എന്നാൽ അതിന് ഇറാന്റെ പരമാധികാരത്തെയും സുരക്ഷയെയും മാനിച്ചുകൊണ്ടുള്ള തീരുമാനങ്ങളാണ് വേണ്ടിയിരുന്നത്. അധികാരത്തിനും ആജ്ഞകൾക്കും വഴങ്ങാൻ വിസമ്മതിക്കുന്ന രാജ്യങ്ങളെ ഇല്ലാതാക്കുമെന്ന പ്രവണതകളെ ലിയോ പാപ്പ അംഗീകരിക്കുന്നില്ല. യു.എസ്-ഇസ്രയേൽ സംയുക്തമായി ഇറാനിൽ നടത്തുന്ന ആക്രമണം രാജ്യാന്തര നിയമങ്ങൾക്ക് എതിരാണെന്നും പ്രതിരോധത്തിനെന്ന പേരിൽ യുദ്ധം നടത്താൻ രാജ്യങ്ങൾക്ക് അവകാശമില്ലെന്നും പ്രതികാരത്തിന്റെ പാത വിനാശത്തിന്റെ ഗർത്തമാണ് എന്ന നിലപാടാണ് വത്തിക്കാൻ സ്വീകരിച്ചിരിക്കുന്നത്.

യുദ്ധം ഒന്നിനും പരിഹാരമല്ല. യുദ്ധം മനുഷ്യരാശിയിൽ വിദ്വേഷവും ഭയവും വർദ്ധിപ്പിക്കുന്നു. യുദ്ധം, ദുഃഖം മാത്രമാണ് ചരിത്രത്തിൽ അവശേഷിപ്പിച്ച് കടന്നുപോയിട്ടുള്ളത്. നിയമവാഴ്ച, സംഭാഷണം, നയതന്ത്രം, ഉഭയകക്ഷി ചർച്ച എന്നിവയിലൂന്നിയ സമാധാന ചർച്ചകളല്ലാതെ മറ്റൊരു പോംവഴിയും നമ്മുടെ മുന്നിലില്ലെന്ന് ലിയോ മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആയുധങ്ങൾക്ക് സമാധാനം കൊണ്ടുവരാൻ കഴിയില്ലെന്നും യുദ്ധം അവസാനിപ്പിക്കാനായി കാര്യഗൗരവമുള്ള സംവാദങ്ങളാണ് വേണ്ടതെന്നും പാപ്പ അഭിപ്രായപ്പെടുന്നു.

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ മുൻഗണന നൽകുന്ന ലോകവ്യവസ്ഥ ഉണ്ടാകണമെന്ന പാപ്പയുടെ ആഗ്രഹം സഫലമാക്കാനുള്ള പ്രവർത്തനങ്ങളാണ് ലോകം ഏറ്റെടുക്കേണ്ടത്. സൈനിക ഏറ്റുമുട്ടലുകളിലൂടെ മനുഷ്യരെ കൊന്നൊടുക്കിക്കൊണ്ട് ഒരു പ്രശ്നവും പരിഹരിക്കാൻ പോകുന്നില്ല. സംഘർഷ സാഹചര്യങ്ങളിൽനിന്ന് രാഷ്ട്രങ്ങളെ രക്ഷിച്ച് ലോകത്ത് നിരായുധീകരണവും സമാധാനവും ഉറപ്പുവരുത്താൻ പാപ്പ നമ്മുടെ മുന്നിൽവച്ച പ്രാർത്ഥന നമുക്ക് ഉരുവിടാം; "ബോംബുകളുടെ ഇടിമുഴക്കം ഇല്ലാതാക്കണമേ ദൈവമേ! ആയുധങ്ങളെ നിശ്ശബ്ദമാക്കണമേ ദൈവമേ! സമാധാനത്തിനുള്ള ചർച്ചകൾക്കുള്ള വഴി തുറക്കണമേ ദൈവമേ!"

•


• ചരിത്രപഥം • ഇഗ്നേഷ്യസ് തോമസ്



# തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ 3

സഭയുടെ വിവിധ ശുശ്രൂഷാരംഗങ്ങളിൽ പ്രത്യേകിച്ച് നേതൃത്വതലങ്ങളിൽ അല്മായരുടെ പങ്കാളിത്തം പൊതുവ കേരളസഭയിൽ കുറവായിരുന്നു. ഈയൊരു പശ്ചാത്തലത്തിൽ സഭയുടെ സാമൂഹ്യ ശുശ്രൂഷയെന്നാൽ ദരിദ്രജനസേവനം എന്ന പ്രബല ചിന്താഗതിയിൽ നിലനിന്നുകൊണ്ട് ബിഷപ്പ് പെരേരയുടെ നേതൃത്വത്തിൽ രൂപതയിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ മുന്നോട്ടുപോയി. വിമോചന സമരമുന്നേറ്റത്തിന് രൂപതാംഗങ്ങളെ അണിനിരത്തുകയും സമരമുഖത്തെ ശക്തമായ സാന്നിധ്യമായി നിലകൊള്ളുകയുംചെയ്ത പെരേര പിതാവിന്റെ നേതൃപാടവം പ്രശംസനീയമായിരുന്നു. ഇന്ത്യയുടെ ശാസ്ത്രപുരോഗതിയിൽ നാഴികക്കല്ലായിത്തീർന്ന ISRO-യുടെ സ്ഥാപനത്തിനുവേണ്ടി സ്വന്തം ജനതയുടെ കിടപ്പാടവും, പൂർവികർ നിദ്രകൊള്ളുന്ന സെമിത്തേരിയും ദേവാലയവുമൊക്കെ രാജ്യനന്മയ്ക്കായി വിട്ടുകൊടുക്കാൻ തന്റെ ജനത്തോട് ആവശ്യപ്പെടുകയും അവരെ അതിനായി സന്നദ്ധരാക്കുകയും ചെയ്ത ഈ ആത്മീയാചാര്യനെ ഏറെ ആദരവോടെയത്രെ ഇന്ത്യയുടെ മുൻരാഷ്ട്രപതി ഡോ. APJ അബ്ദുൾകലാം നിരവധി വേദികളിൽ അനുസ്മരിച്ചത്.





സെക്കന്ററിതലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അക്കാലത്ത് രൂപതയിൽ നിലവിലുണ്ടായിരുന്നത്. എന്തുകൊണ്ടോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപത നേരിട്ടുനടത്തുന്നതിന് അദ്ദേഹം സന്നദ്ധനായില്ല. എന്നാൽ, രൂപതയിൽ ജസ്വീറ്റ്, കാർമലൈറ്റ് സന്യാസ സഭകളുടെ നേതൃത്വത്തിൽ ആരംഭിച്ച തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിന്റെയും ആൾ സെയിന്റ്സ് കോളേജിന്റെയും സ്ഥാപനത്തിനും വളർച്ചയ്ക്കും അകമഴിഞ്ഞ പ്രോത്സാഹനം അദ്ദേഹം നല്കി. പെരേര പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി ഏർപ്പെടുത്തിയ ബിഷപ്പ് പെരേര ജൂബിലിസ്മാരക വിദ്യാഭ്യാസട്രസ്റ്റ്







വഴി നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നല്കുകയുണ്ടായി. ഇന്ന് മേനംകുളത്തെ വിശാലമായ ഭൂമിയിൽ നിലകൊള്ളുന്ന അതിരൂപതയുടെ അഭിമാനമായ മരിയൻ എഡ്യുസിറ്റി ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ അദ്ദേഹം സമ്പാദിച്ചത് രൂപതയുടെ ഭാവി വികസനത്തിന് ഉപകരിക്കും എന്ന ലക്ഷ്യത്തോടെയായിരുന്നു.

യുവജനശക്തിയെ കർമ്മോന്മുഖമായ പാതയിലേക്ക് തിരിച്ചുവിടാൻ കെ.സി.വൈ.എം. എന്ന സംഘടനയെ രൂപതയിലെ വിവിധ ഇടവകകളിൽ സ്ഥാപിക്കുവാനും വളർത്തുവാനും അദ്ദേഹം കാട്ടിയ താല്പര്യം ശ്രദ്ധേയമായിരുന്നു. ഇടവകകൾ കേന്ദ്രീകരിച്ച് കായികകലാമത്സരങ്ങളും തുടർന്ന് രൂപതാതല മത്സരങ്ങളും രൂപതാതലത്തിൽ വിജയികളായവരെ തൃശ്ശൂരിൽ അഖിലകേരളാടിസ്ഥാനത്തിൽ നടന്ന മത്സരങ്ങളിൽ പങ്കെടുപ്പിച്ച് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാനും ആദ്യകാല കെ.സി.വൈ.എം. പ്രവർത്തകർക്ക് കഴിഞ്ഞു. ശ്രദ്ധേയമായ ഈ നേട്ടം കൈവരിക്കാൻ പിതാവ് യുവജന പ്രസ്ഥാനത്തെ നിരന്തരമായി പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്തിരുന്നു.

കേവലം 12 വർഷം മാത്രമാണ് അദ്ദേഹം രൂപതാ ഭരണത്തിൽ സ്വതന്ത്രമായി ശുശ്രൂഷ നടത്തിയത്. 6 വർഷം സഹായമെത്രാനായും 5 വർഷം സഹമെത്രാനായും അദ്ദേഹം വിൻസന്റ് ദെരേര പിതാവിനോടൊപ്പമുണ്ടായിരുന്നു. ലത്തീൻ സമുദായ മുന്നേറ്റത്തിന് ശക്തമായ പിന്തുണ അദ്ദേഹം നല്കിയിരുന്നു. പിന്നാക്കവിഭാഗങ്ങളുടെ സംവരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ നിയമിക്കപ്പെട്ട നെട്ടൂർ കമ്മിഷൻ അതിന്റെ റിപ്പോർട്ടിൽ ലത്തീൻ കത്തോലിക്കർക്ക് അർഹതപ്പെട്ട സംവരണാനുകൂല്യങ്ങൾ വെട്ടിക്കുറക്കാൻ ശുപാർശ ചെയ്തതിനെതിരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട സമുദായ അംഗങ്ങളുടെ പ്രതിഷേധ റാലിക്ക് നേതൃത്വം നല്കുകയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഭരണാധികാരികളെക്കണ്ട് പ്രതിഷേധം രേഖപ്പെടുത്തുകയും തത്ഫലമായി സമുദായത്തിന് ദോഷകരമായി ഭവിക്കുന്ന ശുപാർശകൾ നടപ്പിലാക്കുന്നത് നിറുത്തിവയ്പ്പിക്കുവാനും കഴിഞ്ഞു.

തിരുവനന്തപുരം രൂപതയുടെ സങ്കീർണങ്ങളായ പ്രശ്നങ്ങളുടെ ആഴങ്ങളിൽനിന്നുകൊണ്ട് വ്യത്യസ്തവും വൈവിധ്യപൂർണവുമായ ചുറ്റുപാടുകളിൽ രൂപതയുടെ സമഗ്രവളർച്ചയ്ക്കായി അവിശ്രമം യത്നിച്ച രൂപതാധ്യക്ഷനായിരുന്ന ബിഷപ് പീറ്റർ ബർണാഡ് പെരേര. പീറ്റർ ബർണാർഡ് പെരേര പിതാവിന്റെ വേർപാടിനെത്തുടർന്ന് ചുരുങ്ങിയൊരു കാലയളവിൽ മോൺ. മാർക്ക് നെറ്റോ വികാർ കാപ്പിറ്റുലറായി ചുമതല വഹിച്ചു.

## ബിഷപ്പ് ജേക്കബ് അച്ചാരുപറമ്പിൽ പിതാവിന്റെ രൂപതാ നവീകരണ സംരംഭങ്ങൾ



1979 ഒക്ടോബർ 7-ന് പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ തിരുവനന്തപുരം രൂപതയുടെ മൂന്നാമത്തെ മെത്രാനായി കപ്പൂച്ചിൻ സഭാംഗമായ ഡോ. ബനഡിക്റ്റ് ജേക്കബ് അച്ചാരുപറമ്പിൽ അഭിഷേകം ചെയ്യപ്പെട്ടു. രൂപതയുടെ നവീകരണത്തിനും വികസനത്തിനുംവേണ്ടിയുള്ള ശ്രദ്ധേയമായ സംരംഭങ്ങൾക്ക് തുടക്കംകുറിക്കപ്പെട്ടത് അച്ചാരുപറമ്പിൽ പിതാവിന്റെ ശുശ്രൂഷാ കാലയളവിലായിരുന്നു. മതബോധനം, വിദ്യാഭ്യാസം, യുവജന പ്രസ്ഥാനം, ആരാധനക്രമം എന്നീ മേഖലകളിൽ നവീകരണത്തിനുള്ള നിരവധി നൂതന കർമ്മപരിപാടികൾക്ക് രൂപംനല്കുകയും അവ ഫലപ്രദമായി നടപ്പിലാക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വിശ്വാസികളുടെ അംഗസംഖ്യയിൽ ഇന്ത്യയിലെ ജനസംഖ്യയിൽ ഇന്ത്യയിലെ രൂപതകളുടെ കൂട്ടത്തിൽ രണ്ടാം സ്ഥാനത്തായിരുന്നു 1980-കളിൽ തിരുവനന്തപുരം രൂപതയുടെ സ്ഥാനം. അതിനാൽത്തന്നെ അജപാലനശുശ്രൂഷയിൽ വൈവിധ്യവത്ക്കരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും മാർഗങ്ങൾ അവലംബിച്ചുകൊണ്ടാണ് അദ്ദേഹം മുന്നോട്ടുപോയത്.

രൂപതയുടെ പുരോഗതിയുടെ മുഖമായി ഉയർത്തിക്കാട്ടാവുന്ന ബിഷപ് പെരേര ഹാൾ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്റർ, കഴക്കൂട്ടം മേനംകുളം സെന്റ് വിൻസന്റ് മൈനർ സെമിനാരി തുടങ്ങിയ സ്ഥാപനങ്ങൾ രൂപതയുടെ അഭിമാന സ്തംഭങ്ങളായി നിലകൊള്ളുന്നു. സാമൂഹിക വികസനത്തിന് ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് റ്റി.എസ്.എസ്.എസ് ഇടവക യൂണിറ്റുകൾ സ്ഥാപിതമായി. ആരോഗ്യ വിദ്യാഭ്യാസ പദ്ധതി, മാതൃശിശു സംരക്ഷണ പദ്ധതി, സേവ് എ ഫാമിലി പ്രോഗ്രാം, ഭവന നിർമ്മാണ പദ്ധതികൾ, മിച്ച നിക്ഷേപ പദ്ധതി തുടങ്ങിയവയെല്ലാം പിതാവിന്റെ ശുശ്രൂഷാ കാലയളവിൽ ആവിഷ്കൃതമായ പദ്ധതികളായിരുന്നു.

(തുടരും)

• ടാക്കീസ് • സുനിൽ സി.ഇ.



# പ്രണയത്തിന്റെ ഇരട്ട മനഃസാക്ഷികൾ

## (ഭീഷ്മർ എന്ന സിനിമയുടെ വായന)

മറയില്ലാതെ സ്നേഹത്തിന്റെ ആധുനിക സാങ്കേതികതയെ അംഗീകരിക്കാൻ ഒരു തുറസ്സ സൃഷ്ടിക്കുന്ന ഒരുപാട് സിനിമകൾ ഇന്നുണ്ടാവാറില്ല. രണ്ടോ അതിലധികമോ ആണത്തങ്ങളുടെ ഇടയ്ക്ക് പെട്ടുപോകുന്ന സ്ത്രീകഥാപാത്രത്തെ വരയാനും ജെൻഡർ രാഷ്ട്രീയത്തിന്റെ കാലത്തിലെ സിനിമ മുതിരാറില്ല. ഒരു സ്ത്രീ അവളുടെ സ്ത്രീത്വത്തെയും ഭാര്യത്വത്തെയും എങ്ങനെ നേരിടുന്നു എന്നതിന്റെ വ്യംഗ്യഭാഷ്യമായിട്ടാണ് ഒരുപക്ഷേ ഭീഷ്മർ എന്ന സിനിമ കാണിക്കു മുന്നിലേക്കെത്തുന്നത്. മലയാള സിനിമയിലെ റൊമാൻറിക് ഗീതങ്ങളുടെ നല്ല തച്ചനായ ഈസ്റ്റ് കോസ്റ്റ് വിജയൻ സംവിധാനം ചെയ്ത ഭീഷ്മർ പ്രണയത്തിന്റെ ഇരട്ട മനഃസാക്ഷിയുടെ മനഃശാസ്ത്രത്തെയാണ് തുറന്നു കാട്ടുന്നത്. കുടുംബപ്രേക്ഷകരെയും പുതിയ തലമുറയെയും ഒരുപോലെ ലക്ഷ്യംവച്ചുള്ള ഈ സിനിമ വന്ധ്യത്വം പിടികൂടിയ നവീന കാലത്തിന്റെ സ്നേഹത്തിന്റെ തത്വചിന്തയെക്കുറിച്ചുള്ള കനംവച്ച വിഹ്വലതകളാണ്. പ്രണയം ന്യൂനീകരിക്കപ്പെട്ട ആണത്തങ്ങളെ മുൻനിർത്തിയാണ് കഥയുടെ ആത്മാവ് കാണിയുടെ ബോധത്തിലേയ്ക്ക് ചേക്കേറുന്നത്. കഥാപാത്രങ്ങളെ ഒരു കാരിക്കേച്ചർ സ്വഭാവത്തിലേക്ക് കൊണ്ടു പ്രതിഷ്ഠിക്കാത്തവിധമുള്ള വൈകാരികമായ കഥയാണ് അൽസാജ് ഗോപി ഒരുക്കിയിരിക്കുന്നത്. സ്നേഹം

**ഈ സിനിമ വന്ധ്യത്വം പിടികൂടിയ നവീന കാലത്തിന്റെ സ്നേഹത്തിന്റെ തത്വചിന്തയെക്കുറിച്ചുള്ള കനംവച്ച വിഹ്വലതകളാണ്. പ്രണയം ന്യൂനീകരിക്കപ്പെട്ട ആണത്തങ്ങളെ മുൻനിർത്തിയാണ് കഥയുടെ ആത്മാവ് കാണിയുടെ ബോധത്തിലേയ്ക്ക് ചേക്കേറുന്നത്.**



അഥവാ പ്രണയം എന്ന വൈകാരികതയെക്കുറിച്ച് രണ്ടുകാലങ്ങളുടെ ബഹുവിധ ധാരണകളെയും അനുമാന നിരീക്ഷണങ്ങളെയും വികസിതമാക്കാൻ ഈസ്റ്റ് കോസ്റ്റ് വിജയൻ നടത്തുന്ന പ്രണയ വൈകാരികാഖ്യാനങ്ങൾ കഥാസമാപ്തിയിലെ തീവ്രപരിണാമത്തിനു ഗാഢതയണയ്ക്കുകകൂടി ചെയ്യുന്നുണ്ട്. പാട്ടിന് കഥാപ്ലോട്ടിനോട് ഏറെ പ്രാധാന്യം നല്കിയിട്ടുള്ളതിനാൽ സിനിമയിൽ ക്യാമറാക്കണ്ണുകൾ നേരിട്ട് സംവദിച്ച് സാമൂഹികവും മാനസികവുമായ ഭൂനിലങ്ങൾ സൃഷ്ടിക്കുകയും കാണിയുടെ കാഴ്ചയെ സ്നേഹത്തെക്കുറിച്ചുള്ള വെളിപാടാക്കി ഉയർത്തുകയും ചെയ്യുന്നു. പ്രണയം എന്ന കാര്യസാധ്യത്തിന് സ്നേഹത്തിന്റെ ആക്രാന്തിയില്ലായെന്നും, എന്നാൽ അത് ഒരു അത്യാകുലതയായി മാറിയേക്കാമെന്നുള്ള ധാരണയാണ് സിനിമ പടർത്തിവിടുന്നത്. പ്രണയിക്കാനും സ്നേഹിക്കാനും ഉതകുന്ന ശരീരഭാഷ ധ്വജഭംഗമാണെന്ന് ഇതിലെ എല്ലാ പ്രണയബന്ധങ്ങളും കാട്ടിത്തരുന്നുണ്ട്. ജീവിതത്തിന്റെ ഉറക്കറയിൽ ആണിനെ നിർവീര്യമാക്കാൻ പ്രാപ്തരോ പര്യാപ്തരോ ആയ രണ്ട് പെൺകരുത്തുകളെയാണ് പുതുമുഖ നാട്യശരീരങ്ങളായ ദിവ്യ പിള്ളയും അമൈറ ഗോസ്വാമിയും അവതരിപ്പിച്ചിരിക്കുന്നത്.

## പ്രണയത്തിന്റെ വ്യാകരണം

മാർക്കറ്റിലെ പച്ചക്കറി വ്യാപാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുരുകൻ (ധ്യാൻ ശ്രീനിവാസൻ) എന്ന യുവാവിന്റെ ജീവിതത്തിലൂടെയാണ് കഥ വികസിക്കുന്നത്. പാലക്കാടുള്ള ഒരു അഗ്രഹാര തെരുവിലാണ് മുരുകൻ പാർക്കുന്നത്. തന്റെ നഷ്ടപ്രണയിനിയായ ഗൗരിയാണ് വീടിന്റെ എതിർവശം താമസിക്കുന്നത്. ദുഷ്ടനായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പതിയാകാൻ വിധിക്കപ്പെട്ട ഗൗരിയുടെ ജീവിതം മുരുകന്റെ ഉള്ളിലെ നീറുന്ന നോവാണ്. വേർപിരിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും പ്രണയം ഉലയിലെന്നപോലെ നീറി നീറി കിടപ്പുണ്ടായിരുന്നു. ഇതൊക്കെ ഉള്ളാലേ പുകഞ്ഞു കിടക്കുമ്പോഴാണ് അരവിന്ദൻ (വിഷ്ണു ഉണ്ണികൃഷ്ണൻ) എന്ന യുവാവ് ഓടിക്കിതച്ചെത്തുന്നത്. പ്രണയം, സ്നേഹം എന്നീ സമൂഹനിർമ്മിതികളുടെ തനിമ കണ്ടുപിടിക്കുന്ന രീതിയിലാണ് ഇനി കഥ മുന്നേറുന്നത്. ഈ രണ്ടു നിലകളെയും ഖണ്ഡിക്കുന്ന കഥാസന്ധികളിലൂടെയാണ് മുരുകന്റെയും അരവിന്ദന്റെയും തിരിച്ചറിവുകൾ പുരോഗമിക്കുന്നത്. രണ്ടു കാലഘട്ടങ്ങളിലെ പ്രണയത്തെ ചൊല്ലിയുള്ള ഈ ബോധജ്ഞാനം സമൂഹം കല്പിച്ചരുളിയ മൂല്യങ്ങളെ ചോദ്യംചെയ്യുന്നതും നീതിബോധങ്ങളുടെയും അവയുടെ സാംഗത്യങ്ങളുടെയും പൊള്ളത്തരം മറകൾക്കിപ്പുറം പ്രതിഷ്ഠിക്കുന്നവയുമാണ്. ഇവിടെ ഈസ്റ്റ് കോസ്റ്റ് വിജയൻ പ്രണയത്തിന്റെ ഭാഷയ്ക്ക് പുതിയ രൂപവും ഭാവവും നല്കിയിട്ടുണ്ട്. അത് രണ്ടുതരത്തിലാണ് ആവിഷ്കരിക്കുന്നത്.

1. പഴയകാല പ്രണയാഖ്യാനങ്ങൾ ജെൻഡർ രാഷ്ട്രീയത്തിനുള്ളിലെ സ്ത്രീയെ വിചാരണ ചെയ്യുന്നില്ല. കാരണം അത് സ്നേഹത്തിന്റെ വ്യാകരണമായി നിൽക്കാൻ ഇഷ്ടപ്പെടുന്നു.

2 . പുതിയ കാലത്തിലെ പ്രണയം അസുഖം ബാധിച്ച ഒരു പദവിയാണെന്ന് സിനിമ പറഞ്ഞുവയ്ക്കുന്നു.

പ്രണയിനി എന്ന പദവി ഭോഷ്ക്കാണെന്ന് സമൂഹനീതിയുടെ ദയനീയ ഉണ്മകൾ പിടികിട്ടിയ ഇതിലെ കേന്ദ്ര പെൺകഥാപാത്രം തിരിച്ചറിയുകയും ദുഷ്ടനായ പോലീസുദ്യോഗസ്ഥനെ (സെന്തിൽ) ഉപേക്ഷിച്ച് താൻ ആദ്യം 'സ്നേഹി'ച്ചിരുന്ന മുരുകനോടൊപ്പം രണ്ടാംജീവിതം ആരംഭിക്കുകയും ചെയ്യുന്നു. ദാമ്പത്യത്തിലെ ജെൻഡർ പദവിയെക്കുറിച്ചുള്ള ധാരണകൾ അപ്പാടെ മാറിമറിയുന്ന ഒരു കാലത്തിൽ സ്നേഹം കയറി ഇറങ്ങി, കയറി ഇറങ്ങി പരുവമാകേണ്ടുന്ന ഒരു കാലത്തിലെ സുകൃതമാണ് പ്രണയമെന്ന് ഭീഷ്മർ പറഞ്ഞുവയ്ക്കുന്നു. ആണത്തം എന്നത് ആപേക്ഷികമാണെന്ന് തീർപ്പുകൽപ്പിക്കാൻ ഇതിലെ കേന്ദ്രനായക കഥാപാത്രത്തിനാവുന്നു.

•



• ലേഖനം





# മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ട്

ഇക്കഴിഞ്ഞ യു. പി. എസ്. സി സിവിൽ സർവീസ് പരീക്ഷയിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയിരിക്കുകയാണ് ശ്രീജയും നിധിനും. രണ്ടുപേരും നെയ്യാറ്റിൻകര ലത്തീൻ രൂപതാംഗങ്ങളാണ്. ശ്രീജയ്ക്ക് 57ാം റാങ്കും നിധിന് 699ാം റാങ്കും. വിജയകരമായ ഈ നേട്ടം കൈവരിക്കുന്നതിനു മുൻപുള്ള അവരുടെ ആത്മീയതയിലൂന്നിയുള്ള പഠനവും കഠിനാധ്വാനവും നിശ്ചയദാർഢ്യവും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. രണ്ടുപേരുടെയും മുന്നോട്ടുള്ള ഔദ്യോഗിക ജീവിതത്തിന് ജീവനും വെളിച്ചവും മാസികയുടെ എല്ലാവിധ ഭാവുകങ്ങളും.

## ശ്രീജയുടെ വിജയവീഥിയിൽ പ്രകാശമായ് പരിശുദ്ധ കന്യാമറിയം

**സ്മിത ജി. കെ**

2025-26 ലെ സിവിൽ സർവീസ് പരീക്ഷയിൽ 57-ാം റാങ്ക് കരസ്ഥമാക്കി ലോകമലയാളികളുടെയും ഇന്ത്യയുടെയും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്ത് ഏഴാംവാർഡിലെ വെള്ളാപ്പള്ളി എന്ന കൊച്ചു പ്രദേശത്തിന്റെയും നെയ്യാറ്റിൻകര ലത്തീൻ രൂപതയിലെ അമ്മാനിമല ഇടവകയുടെയും വെള്ളാപ്പള്ളി സെൻറ് ജൂഡ് ബി.സി.സി യൂണിറ്റിന്റെയും അഭിമാനമായി മാറിയിരിക്കുകയാണ് ശ്രീജ ജെ.എസ്. ദാരിദ്ര്യത്തെയും കഷ്ടപ്പാടുകളെയും അതിജീവിച്ച്, നിരന്തരമായ പരിശ്രമത്തിലൂടെയും ജപമാല പ്രാർഥനയിലൂടെയും മാതാപിതാക്കളുടെ കഠിനാധ്വാനത്തിലൂടെയും ഇന്ത്യൻ ഫോറിൻ സർവീസ് എന്ന തന്റെ ജീവിതസ്വപ്നത്തെ യാഥാർത്ഥ്യമാക്കിത്തീർത്തു.

ശ്രീജയുടെ അമ്മ ഷീജകുമാരിയുടെ ജന്മസ്ഥലം പെരിങ്ങമ്മലയാണ്. ഹിസ്റ്ററിയിൽ ബിരുദാനന്തര ബിരുദം നേടിയ അവർ പല ജോലികൾക്കായി ശ്രമിച്ചിരുന്നു. എന്നാൽ ഉചിതമായ ജോലികളൊന്നും കിട്ടാത്ത സാഹചര്യത്തിൽ വീട്ടിൽത്തന്നെ കുട്ടികൾക്കായി ട്യൂഷൻ എടുത്തു. കോഴിവളർത്തൽപോലുള്ള ചെറിയ വരുമാനമാർഗങ്ങൾ കണ്ടെത്തി കുടുംബശ്രീയിലും മറ്റ് സ്വയംസഹായസംഘങ്ങളിലും നിക്ഷേപിച്ചു. അതിൽനിന്നും ലഭിക്കുന്ന ലോണുകൾ ഉപയോഗിച്ചാണ് മക്കളുടെ പഠനാവശ്യങ്ങൾക്കുള്ള തുക കണ്ടെത്തിയിരുന്നത്. നരുവാമൂട് തളയർകോണത്താണ് ശ്രീജയുടെ അച്ഛൻ ജയകുമാർ ജനിച്ചത്. ജയകുമാർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സൈക്കിളിലാണ് കൂലിപ്പണിക്കായി പോകുക. ശ്രീജയുടെ സഹോദരൻ ജ്യോതിഷ് ഇപ്പോൾ പഠനത്തിലാണ്. പണിപൂർത്തിയാകാത്ത വീട്ടിലെ ഒരു ചെറിയ മുറിയിലിരുന്നാണ് ശ്രീജ പഠിച്ചത്. പലവിധമായ ക്ലേശങ്ങളുടെ ഇടയിലും മക്കളുടെ വിദ്യാഭ്യാസത്തിനും വിശ്വാസജീവിതത്തിനും ഷീജകുമാരിയും ജയകുമാറും വളരെയധികം പ്രാധാന്യം നൽകിയിരുന്നു. ഷീജ ഗർഭാവസ്ഥയിലായിരുന്നപ്പോൾ കുഞ്ഞിന് അംഗവൈകല്യവും മറ്റു ചില ബുദ്ധിമുട്ടുകളും ഉണ്ടെന്നും അതിനാൽ ഗർഭച്ഛിദ്രംചെയ്യണമെന്നും ഡോക്ടർമാർ പറഞ്ഞു. എന്നാൽ അമ്മ അത് വിസമ്മതിക്കുകയും വിശ്വാസപൂർവം ജപമാല പ്രാർഥനയിൽ തന്റെ കുഞ്ഞിനെ സമർപ്പിക്കുകയുംചെയ്തു. തങ്ങൾ അനുഭവിച്ചറിഞ്ഞ പരിശുദ്ധമാതാവിന്റെ സ്നേഹം മക്കൾക്ക് ഇന്നും പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു.

പ്ലസ് ടു പഠനത്തിനുശേഷം ഏറ്റവും മികച്ച ഒരു കോളേജിൽ ഡിഗ്രി പഠിക്കുന്നതിനായി അന്വേഷിക്കുകയും ഇന്ത്യയുടെ രണ്ടാമത്തെ പ്രസിഡൻറായിരുന്ന ഡോക്ടർ എസ്. രാധാകൃഷ്ണൻ പഠിച്ചിരുന്ന മദ്രാസ് ക്രിസ്ത്യൻ കോളേജ് തിരഞ്ഞെടുക്കുകയുംചെയ്തു. അതോടൊപ്പം NET (National Eligibility Test) ആദ്യ പ്രാവശ്യംതന്നെ നേടുകയുംചെയ്തു. ഏഴാം ക്ലാസ്സുമുതൽ IAS ആകാനുള്ള ആഗ്രഹം ഉള്ളിലുണ്ടായിരുന്ന ശ്രീജ, തന്റെ ഡിഗ്രി പഠനങ്ങൾക്കിടയ്ക്കുവച്ച് IFSനോട് താല്പര്യംതോന്നുകയും തുടർന്ന് അതിനായുള്ള ശ്രമങ്ങൾ ആരംഭിക്കുകയുംചെയ്തു. ഒന്നാമത്തെ Prelims Exam ആദ്യ ശ്രമത്തിൽതന്നെ നേടിയെടുത്തു. രണ്ടാമത്തെ Mains പരീക്ഷയും തുടർന്നുനടന്ന ഇൻറർവ്യൂവിലും മികച്ച പ്രകടനം കാഴ്ചവച്ച് ആദ്യശ്രമത്തിൽതന്നെ IFS എന്ന തന്റെ ഏറ്റവും വലിയ



ആഗ്രഹത്തെ 57-ാം റാങ്കിലൂടെ ലക്ഷ്യത്തിലെത്തിക്കുകയും 24-ാം വയസ്സിൽ ഇന്ത്യൻ ഫോറിൻ സർവീസിലേക്ക് പ്രവേശിക്കുകയുംചെയ്തു.

ചെറുപ്പംമുതൽ വായനാശീലം ഉണ്ടായിരുന്ന ശ്രീജ പുസ്തകങ്ങളിലൂടെ ധാരാളം അറിവുകൾ സ്വായത്തമാക്കുകയും തന്റെ ജീവിതവിജയത്തിനായി അവ പ്രയോജനപ്പെടുത്തുകയുംചെയ്തു. 'സ്വപ്നങ്ങൾക്ക് ചിറകുണ്ടെങ്കിൽ ദാരിദ്ര്യവും കഷ്ടപ്പാടുകളും പഠനത്തിന് ഒരു തടസ്സമല്ല, ലക്ഷ്യമാണ് പ്രധാനം' എന്ന് തന്റെ ഈ അഭിമാനനേട്ടത്തിലൂടെ ശ്രീജ നമുക്ക് കാണിച്ചുതരുന്നു. തന്റെ പഠനമുറിയിലെ ചുവരുകളിൽ എഴുതിയ ആഗ്രഹങ്ങളും ദൈവവചനങ്ങളുമാണ് ഇത്തരത്തിലൊരു വിജയം നേടിയെടുക്കുന്നതിനുള്ള ആത്മധൈര്യം നല്കിയത്. ഈ സമയങ്ങളിലെല്ലാം ഓരോനിമിഷവും പരിശുദ്ധമാതാവിലുള്ള വിശ്വാസത്തിന് സാക്ഷ്യംവഹിക്കുവാനും ശ്രീജ തയ്യാറായി.

പരിശ്രമത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രാർഥനയുടെയും ഫലമാണ് ശ്രീജ കൊയ്തെടുത്തIFS എന്ന സ്വപ്നം. വിശ്വാസജീവിതത്തെ മുറുകെപ്പിടിച്ചുകൊണ്ട് രാജ്യത്തിനും ജനങ്ങൾക്കുംവേണ്ടി നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ശ്രീജയ്ക്ക് കഴിയട്ടെ. എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും.

## നെയ്യാറ്റിൻകര രൂപതയ്ക്കും വെള്ളറട മലയോര ഗ്രാമത്തിനും അഭിമാനമായി നിധിൻ ആർ. എച്ച്

**ബനഡിക്ട്**




നെയ്യാറ്റിൻകര രൂപതയ്ക്കും പ്രത്യേകിച്ച് ആനപ്പാറ ഹോളിക്രോസ് ഇടവകയ്ക്കും അഭിമാനമായി മാറിയിരിക്കുകയാണ് നിധിൻ ആർ. എച്ച് എന്ന മിടുക്കൻ. ഇക്കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ 699-ാം റാങ്കുമായി നിധിൻ നില്ക്കുമ്പോൾ ആനപ്പാറ ഇടവകയും തെക്കൻ കുരിശുമലയും വെള്ളറട ഗ്രാമപ്രദേശവും അത്യധികം സന്തോഷത്തിലാണ്.

വെള്ളറട 'നയന'ത്തിൽ റിട്ടയേഡ് ഫാർമസിസ്റ്റ് ശ്രീ.ടി.ജി.രാജേന്ദ്രന്റെയും റിട്ടയേഡ് സെക്രട്ടേറിയേറ്റ് കംപ്യൂട്ടർ അസിസ്റ്റന്റ് ശ്രീമതി. ഡി. ഹെലന്റെയും മകനാണ് നിധിൻ ആർ. എച്ച് . സഹോദരി നയന ആർ. എച്ച് കെമിക്കൽ എൻജിനീയറിംഗ് ബിരുദധാരിയാണ്. മാതാപിതാക്കളും ബിരുദാനന്തര ബിരുദധാരികളാണ്. ഇടവകയുടെയും തെക്കൻ കുരിശുമല തീർഥാടന കേന്ദ്രത്തിന്റെയും എല്ലാവിധ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാണ് ഈ കുടുംബം. ആത്മീയ-സാമൂഹിക-സാംസ്കാരിക ജീവിതത്തിലും ഏവർക്കും മാതൃകയുമാണ്.

1997 ജൂലായിലാണ് നിധിന്റെ ജനനം. മേഴക്കോട് സെന്റ് ഫ്രാൻസിസ് കോൺവെന്റ് സ്കൂളിൽനിന്നാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്. SSLC ക്കും, പ്ലസ് ടൂ പരീക്ഷയ്ക്കും ഫുൾ എ പ്ലസോടെ വിജയം. ഐസറിൽ നിന്നും ഫിസിക്സിൽ ഡിസ്റ്റിംഗ്ഷനോടുകൂടി ബിരുദാനന്തരവിജയം നേടി. ഇപ്പോൾ കേന്ദ്ര സർക്കാർ സർവീസിൽ ഗസറ്റഡ് റാങ്കിൽ കൗൺസിൽ ഓഫ് സയന്റിഫിക് ഇൻഡസ്ട്രീയൽ റിസർച്ചിൽ (സി.എസ്.ഐ.ആർ ) നാഷണൽ എയ്റോ സ്പൈസ് ലാബിൽ സെക്ഷൻ ഓഫീസറായി ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. ഇക്കഴിഞ്ഞ കെ എ എസ് റാങ്ക് പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്.

കുഞ്ഞുനാൾമുതൽ ഇടവകയിൽ ലിറ്റിൽ വേ, അൾത്താര ബാലസഖ്യം, മതബോധനം, കെ.സി. വൈ.എം സംഘടനകളിലെ സജീവ സാന്നിധ്യമാണ് നിധിൻ. മതബോധനപരീക്ഷകൾക്ക് രൂപതാതലത്തിലും തെക്കൻ കുരിശുമല തീർഥാടന കേന്ദ്രത്തിന്റെ വിവിധ മത്സരപ്പരീക്ഷകളിലും ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്. കലാ-കായിക- സാംസ്കാരികരംഗങ്ങളിലും സജീവമാണ്. ക്രിക്കറ്റിലാണ് കൂടുതൽ താല്പര്യം.

കുഞ്ഞുനാൾമുതൽ എല്ലാ ശനിയാഴ്ചയും വൈകുന്നേരം 7 മണി മുതൽ 9 മണി വരെ മതബോധന വിഷയം മാത്രമേ മക്കൾക്ക് പഠിപ്പിക്കുകയുള്ളുവെന്ന് മതബോധന അധ്യാപകർ കൂടിയായ മാതാപിതാക്കൾ അഭിമാനത്തോടുകൂടി പറയുന്നു. വിശ്വാസ ജീവിതത്തിനും ആത്മീയ പ്രവർത്തനങ്ങൾക്കുംവേണ്ടി മറ്റ് പലതും മാറ്റിവെച്ച് ആത്മാർത്ഥമായി മാതാപിതാക്കളും മക്കളും സഭയ്ക്കുവേണ്ടിയുളള പ്രവർത്തനങ്ങൾ തുടരുന്നത് അനുകരണീയമായ ഒരു മാതൃകയാണ്. അതുതന്നെയാണ് ഈ കുടുംബത്തിന്റെ ദൈവാനുഗ്രഹവും വിജയവും.

പിതാവ് ടി.ജി.രാജേന്ദ്രൻ ചെറുപ്പകാലം മുതൽ തെക്കൻ കുരിശുമല തീർഥാടന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. തീർഥാടനകേന്ദ്രത്തിന്റെ ഔദ്യോഗിക ഗാനമായ "തെക്കിന്റെ തിലകമായി വാഴും കുരിശേ... " മുതൽ 2025 ലെ ജൂബിലിഗാനമായ "മാനവ സംസ്കൃതി ജൂബിലി നിറവിൽ" തുടങ്ങി 75 ലധികം തീർത്ഥാടനഗാനങ്ങളുടെ രചയിതാവാണ്.

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 മേയ് മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മീഷൻ തയ്യാറാക്കിയത്

## "കുഞ്ഞുങ്ങൾ: നാളെയുടെ പ്രത്യാശപകരുന്ന വസന്തകാലം"

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

**2. ആമുഖം**

**സങ്കീർത്തനം 127:3 'കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലവും ഒരു സമ്മാനവും.'**




**പ്രിയ സഹോദരങ്ങളേ, ഇന്നത്തെ ബി.സി.സി. പ്രാർത്ഥന കൂട്ടായ്മയിൽ നമ്മുടെ കുട്ടികളെക്കുറിച്ച് നമുക്കൊന്ന് ചിന്തിക്കാം, അവരെ സമർപ്പിച്ച് പ്രാർത്ഥിക്കാം. മക്കൾ നമ്മുടെ സ്വന്തമല്ല. മറിച്ച്, ദൈവത്തിന്റെ ദാനമാണ്, സമ്മാനമാണ്. യേശുനാഥൻ എപ്പോഴും കുഞ്ഞുങ്ങളെ തന്റെ അരികിലേക്ക് ക്ഷണിച്ചിരുന്നു. കുട്ടികളുടെ നിഷ്കളങ്കതയും ആശ്രയബോധവുമാണ് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻവേണ്ട അടിസ്ഥാന യോഗ്യത എന്ന് അവിടന്ന് പ്രഖ്യാപിക്കുന്നു. തന്റെ അരികിലേക്കുവരുന്ന കുഞ്ഞുങ്ങളെ ഒരിക്കലും തടയരുത് എന്ന് അവൻ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ക്രിസ്തുജയന്തിയുടെ 2000 ആണ്ട് ജൂബിലിയോടനുബന്ധിച്ചുള്ള കുടുംബങ്ങളുടെ സംഗമത്തിൽ സഭ ധ്യാനിച്ച, ചർച്ച ചെയ്ത വിഷയം 'കുട്ടികൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വസന്തകാലം' എന്നതായിരുന്നു. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളിലൂടെയും കുട്ടികൾക്ക് നാം നൽകേണ്ട പരിഗണനയേയും, പ്രത്യേകമായ ശ്രദ്ധയേയുംകുറിച്ച് സഭ നമ്മെ ഓർമിപ്പിക്കുന്നു. നമ്മുടെ കുട്ടികൾക്ക് നൽകേണ്ട, അവർ അർഹിക്കുന്ന പ്രാധാന്യം, ശ്രദ്ധ നമ്മുടെ കുടുംബങ്ങളിലും നമ്മുടെ കുടുംബ കൂട്ടായ്മകളിലും നമ്മുടെ ഇടവക കൂട്ടായ്മയിലും നൽകുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഇന്ന് കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകുന്നതാണ് നാളത്തെ സമൂഹത്തിന്റെ നന്മയുടെ ആധാരം. ഇന്ന് കുടുംബവും സമൂഹവും കുട്ടികളിൽ നിക്ഷേപിക്കുന്ന മൂല്യങ്ങളാണ് വരുംകാല സമൂഹത്തെ സംസ്കാരികമായി രൂപാന്തരപ്പെടുക. ജായിറോസിന്റെ മകളെ സുഖപ്പെടുത്തുന്ന ഈശോയെ നമ്മൾ സുവിശേഷത്തിൽ കാണും. ആ കുഞ്ഞിനെ ജീവനിലേക്ക് കൈപിടിച്ചുയർത്തിയതിനുശേഷം, എല്ലാവരും അദ്ഭുതത്തിൽ വിസ്മയം പൂണ്ടുനിൽക്കുമ്പോൾ, യേശുനാഥൻ മാതാപിതാക്കളോടായി പറയുന്നത് അവൾക്ക് എന്തെങ്കിലും കഴിക്കാൻകൊടുക്കുക എന്നാണ്. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളിലേക്ക് പൂർണ്ണമായും ചെവി ചായ്ക്കുന്ന കർത്താവ്. ഈ മാസത്തെ നമ്മുടെ പ്രാർത്ഥന കൂട്ടായ്മയിൽ കുഞ്ഞുങ്ങളെ ഗൗരവത്തോടെ എടുക്കുവാനായി, അവരെക്കുറിച്ചൊന്ന് ചിന്തിക്കുവാനായി, അവർക്കായി നല്ല തീരുമാനങ്ങൾ കൈക്കൊള്ളുവാനായി ദൈവം നമ്മെ ഒരുക്കട്ടെ എന്ന പ്രാർത്ഥിച്ച് നമുക്ക് ആരംഭിക്കാം.**

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം:**

**നിയമാവർത്തനം 6:7**

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശ്ശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

ക്രിസ്തുവിൽ പ്രിയമുള്ളവരേ, '

'അവ നിന്റെ മക്കളെ അഭ്യസിപ്പിക്കണം; നീ വീട്ടിലിരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കണം.' കർത്താവിന്റെ നിയമങ്ങൾ മക്കൾക്ക് ശ്രദ്ധയോടെ പറഞ്ഞു പഠിപ്പിക്കണം എന്ന് മോശ ജനത്തെ അറിയിക്കുകയാണ്. നമ്മുടെ ഏറ്റവും വലിയ സമ്പാദ്യം എന്ത് എന്ന് മാതാപിതാക്കളോട് ചോദിച്ചാൽ, മറുപടി മക്കൾ എന്നായിരിക്കും. എന്നാൽ, വാക്കുകളിലെ ഈ മുൻഗണന യഥാർത്ഥത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ. നാളെയുടെ വാഗ്ദാനങ്ങളായ, പ്രതീക്ഷയായ കുഞ്ഞുങ്ങളെ ശ്രദ്ധയോടെ പരിഗണിക്കുമ്പോൾ ദൈവത്തിന്റെ കല്പന നാം പാലിക്കുകയും അതുവഴി അവിടുത്തെ മഹത്വപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

മക്കളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ; ജോലിത്തിരക്കിലും മൊബൈലിലും മുഴുകി മാതാപിതാക്കൾ ഇരിക്കുമ്പോൾ മക്കൾക്ക് നൽകേണ്ട സമയമാണ് (quality time) നഷ്ടമാകുന്നത്. കുഞ്ഞുങ്ങളെ എന്റെ അരികിലേക്ക് വരുവാൻ അനുവദിക്കുവിൻ എന്ന യേശു വചനത്തിന്റെ പൂർത്തീകരണം ഇന്നിന്റെ കുടുംബങ്ങളിൽ സംഭവിക്കേണ്ടത് കുഞ്ഞുങ്ങൾക്ക് മാതാപിതാക്കൾ നൽകുന്ന സമയത്തിലൂടെയാണ്. അവരുടെ സന്തോഷങ്ങളും അവരുടെ ദുഃഖങ്ങളും പരിഭവങ്ങളും എല്ലാം ശ്രദ്ധാപൂർവം കേട്ട് അവർക്കൊപ്പം ആയിരിക്കുന്നത് ഏറ്റവും അനുഗ്രഹ

പ്രദമാണ്. കുഞ്ഞുങ്ങളുടെ ഭൗതിക വളർച്ച ശ്രദ്ധിക്കുന്നതുപോലെതന്നെ ആത്മീയ വളർച്ചയും പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടതാണ്. വിവിധ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതുപോലെ മതബോധനവും പരിശുദ്ധ കുർബാനയും പ്രധാനപ്പെട്ടതാണ് എന്ന് അവരെ പഠിപ്പിക്കണം. മാതാപിതാക്കളുടെ പരസ്പര സ്നേഹവും, സംസാരിക്കുമ്പോൾ നല്ല വാക്കുകൾ ഉപയോഗിക്കുന്നതും കുട്ടികൾ കണ്ട് പഠിക്കുമെന്ന് നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികൾക്ക് മാതാപിതാക്കൾ നൽകുന്ന സ്നേഹം, അതായത് അപ്പനും അമ്മയും കുഞ്ഞുങ്ങളുടെ കാര്യത്തിൽ ഒരുപോലെ ശ്രദ്ധാലുക്കൾ ആകുന്നത്, കുടുംബബന്ധത്തെ സുദൃഢമാക്കുന്നു. കാരുണ്യ പ്രവൃത്തികൾ കുട്ടികളുടെ സാന്നിധ്യത്തിൽ ചെയ്യുന്നതും കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നതും അവരെ നന്മയിലും സ്നേഹത്തിലും വളർത്തും. ചുറ്റിലുമുള്ള മനുഷ്യരെ അലിവോടെ, ആർദ്രതയോടെ നോക്കുവാൻ അവരെ സഹായിക്കും ഈ പുണ്യ പരിശീലനങ്ങൾ. മാതാപിതാക്കളുടെ വിയർപ്പിന്റെ വില മക്കൾ അറിഞ്ഞുതന്നെ വളരുന്നുവെന്ന് ഉറപ്പുവരുത്തണം. മക്കളുടെ പ്രായത്തിനനുസരിച്ച് കുടുംബത്തിന്റെ ബുദ്ധിമുട്ടുകൾ അവർ അറിഞ്ഞു വളരണം. എങ്കിൽ മാത്രമേ വൈകാരികമായി അവർ പക്വത പ്രാപിക്കുകയുള്ളൂ. അത് ജീവിതത്തിൽ ഉണ്ടാകുന്ന പരാജയങ്ങളെയും എതിർപ്പുകളെയും ആരോഗ്യപരമായി അഭിമുഖീകരിക്കുന്നതിനും ആത്മഹത്യപോലുള്ള തിന്മകളിലേക്ക് വഴുതി വീഴാതിരിക്കുവാനും കുഞ്ഞുമനസ്സുകളെ സഹായിക്കും. ലോകത്തിന്റെ ചതിക്കുഴികളിൽ വീഴാതെ, ചൂഷണങ്ങൾക്ക് ഇരയാകാതെ, ഭയമില്ലാത്ത സ്വതന്ത്രമായ മനസ്സോടെ നമ്മുടെ കുഞ്ഞുങ്ങൾ ഈ ഭൂമിയിൽ പറന്നുയരട്ടെ.



(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1. മുകളിൽ പറഞ്ഞ വിചിന്തനത്തിന്റെ പശ്ചാത്തലത്തിൽ കുഞ്ഞുങ്ങളെ നാം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് ചർച്ച ചെയ്യുക.**

**2. കുറേക്കൂടി ശ്രദ്ധയോടെ കുഞ്ഞുങ്ങളെ പരിഗണിക്കുവാൻ കുടുംബത്തിൽ, കുടുംബ കൂട്ടായ്മകളിൽ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും?**

**9. ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർതൃപ്രാർഥന**
**12. സമാപനപ്രാർഥന**

### രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

2. വരവ് ചെലവ് അവതരണം;

3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;

5. ഹാജർ

6. രഹസ്യപ്പിരിവ്

7. അറിയിപ്പുകൾ

8. നന്ദി

9. സമാപനഗീതം





**2026 ഏപ്രിൽ 05 മുതൽ**
**ഏപ്രിൽ 12 ഞായർ വരെ**

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## സ്വാശ്രയ മേഖലയിലെ ആദ്യത്തെ നൈപുണ്യ വികസന ഉപകേന്ദ്രം മരിയൻ എഞ്ചിനീയറിംഗ് കോളേജിന് നൽകി ഉന്നത വിദ്യാഭ്യാസ വകുപ്പ്



തിരുവനന്തപുരം: മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സിസിഇകെ) യുടെ സ്കിൽ ഡെവലപ്മെന്റ് സബ് സെന്റർ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ, സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു മന്ത്രിയുടെ ചേംബറിൽ ഉദ്ഘാടനം ചെയ്തു. ഈ കേന്ദ്രം സ്ഥാപിതമായതോടെ, സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസവും വ്യവസായാധിഷ്ഠിത നൈപുണ്യ വികസനവും ശക്തിപ്പെടുത്തുന്നതിനുള്ള സി.സി.ഇ.കെ സ്കിൽ ഡെവലപ്മെന്റ് സബ് സെന്റർ ആതിഥേയത്വം വഹിക്കുന്ന കേരളത്തിലെ ആദ്യത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനമായി മരിയൻ എഞ്ചിനീയറിംഗ് കോളേജ് മാറുന്നു. ഇത് സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസവും വ്യവസായാധിഷ്ഠിത നൈപുണ്യ വികസനവും ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ്.

ഈ അവസരത്തിൽ, സോളാർ പിവി ഇൻസ്റ്റാളർ & വിൻഡ് ഫാം ടെക്നീഷ്യൻ, ജെറിയാട്രിക് & പാലിയേറ്റീവ് കെയർ എന്നീ രണ്ട് പുതിയ നൈപുണ്യ വികസന പരിപാടികളും മന്ത്രി ഡോ. ആർ. ബിന്ദു പ്രഖ്യാപിച്ചു. അതിവേഗം വളരുന്ന പുനരുപയോഗ ഊർജ്ജ, ആരോഗ്യ സംരക്ഷണ മേഖലകളിൽ പ്രായോഗികവും വ്യവസായവുമായി ബന്ധപ്പെട്ടതുമായ കഴിവുകൾ വിദ്യാർത്ഥികളെയും പ്രൊഫഷണലുകളെയും സജ്ജമാക്കുക, അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ഉയർന്നുവരുന്ന സാങ്കേതിക, പ്രൊഫഷണൽ ആവശ്യങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നതാണ് ഈ പരിപാടികളുടെ ലക്ഷ്യം. മരിയൻ എഞ്ചിനീയറിംഗ് കോളേജ് മാനേജർ ഡോ. ഫാ. എ. ആർ. ജോൺ, സി.സി.ഇ.കെ ഡയറക്ടർ ഇഷിത റോയ് ഐ.എ.എസ്, സി.സി.ഇ.കെ കോഴ്സ് കോർഡിനേറ്റർ സുധീർ എൻ, ഡീൻ ഡോ. സാംസൺ, പ്രിൻസിപ്പൽ ഡോ. അബ്ദുൾ നിസാർ, സബ് സെന്റർ കോർഡിനേറ്റർ രഞ്ജു സി. എം. എന്നിവർ സന്നിഹിതരായിരുന്നു.

## ഏകം: അതിരൂപത കുടുംബ ശുശ്രൂഷയുടെനേതൃത്വത്തിൽ ദമ്പതികൾക്കായുള്ള ത്രിദിന ആത്മീയ ധ്യാനം നടന്നു



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത കുടുംബശുശ്രൂഷയുടെ നേതൃത്വത്തിൽ 'ഏകം ദമ്പതി ദർശനം' എന്ന പേരിൽ ദമ്പതികൾക്കായുള്ള ത്രിദിന ആത്മീയ ധ്യാനം ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ വെള്ളയമ്പലം ആനിമേഷൻ സെൻററിൽ നടന്നു. കുടുംബശുശ്രൂഷ കുടുംബങ്ങളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി സന്തുഷ്ട കുടുംബ രൂപീകരണമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

ഫാ. പീറ്റർ പണ്ടിക്കാരൻ കപ്പൂച്ചിൻ, ഫാ. വർഗീസ് വാഴയിൽ കപ്പൂച്ചിൻ എന്നിവരും രണ്ട് ദമ്പതികളുമാണ് ധ്യാനം നയിച്ചത്. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ധ്യാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന സന്ദേശത്തിൽ കുടുംബജീവിതത്തിന്റെ പവിത്രതയും ദാമ്പത്യബന്ധത്തിന്റെ ആഴവും അദ്ദേഹം ഓർമ്മിപ്പിച്ചു. കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. റിച്ചാർഡ് സക്കറിയ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. ലീൻ മാർക്കോസ് എന്നിവർ സന്നിഹിതരായിരുന്നു.

മൂന്ന് ദിവസം നീണ്ടുനിന്ന ഈ ധ്യാനത്തിൽ ദാമ്പത്യജീവിതത്തെ ഊഷ്മളമാക്കുകയും കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന വിവിധ പരിപാടികൾ നടന്നു. ക്ലാസുകൾ, പ്രെസന്റേഷനുകൾ, ദിവ്യബലി, കുമ്പസാരം, ധ്യാനം, വർക്ക്ഷോപ്പുകൾ, വിവാഹ ഉടമ്പടി നവീകരണം, കൗൺസിലിംഗ് തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടു. സമാപന ദിവസം ദമ്പതികൾ അനുഭവങ്ങൾ പങ്കുവച്ചു.

## തിരുവനന്തപുരം ലത്തീൻ അതിരൂപത KLCWA-ക്ക് പുതിയ ഭരണസമിതി



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.എൽ. സി.ഡബ്ലിയു.എ അതിരൂപതാതല 2026 -'29 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. ഐറിൻ ദാസൻ ( പ്രസിഡൻറ്), സുശീല ലോപ്പസ് (ജനറൽ സെക്രട്ടറി ), നക്ഷത്ര, ഉണ്ണിമേരി (വൈസ് പ്രസിഡന്റുമാർ), ഷേർളി ( ട്രഷറർ), ലതിക സേവിയർ, ദീപ (ജോയിൻറ് സെക്രട്ടറിമാർ) എന്നിവരെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു. കൗൺസിൽ യോഗത്തിന് വിമല സ്റ്റാൻലി സ്വാഗതവും, ഐറിൻ ദാസൻ നന്ദിയും രേഖപ്പെടുത്തി.

## 'കാൽവരിയിലേക്ക്' കെ.സി.വൈ.എം. തിരുവനന്തപുരം അതിരൂപതാ സമിതിയും, പുതുക്കുറിച്ചി ഫെറോന സമിതിയും സംയുക്തമായി കുരിശിന്റെ വഴി നടത്തി



പുതുക്കുറിച്ചി: കെ.സി.വൈ.എം. തിരുവനന്തപുരം അതിരൂപതാ സമിതിയും, പുതുക്കുറിച്ചി ഫെറോന സമിതിയും സംയുക്തമായി സംഘടിപ്പിച്ച "കാൽവരിയിലേക്ക്" കുരിശിന്റെ വഴി ഭക്തിസാന്ദ്രമായി. തപസ്സുകാലത്തിന്റെ ചൈതന്യമുൾക്കൊണ്ട് നൂറിലധികം യുവജനങ്ങൾ അണിനിരന്ന പ്രാർത്ഥനായാത്ര വിശ്വാസപ്രഘോഷണത്തിന്റെ വേറിട്ട അനുഭവമായി മാറി.

ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം വിളിച്ചോതിയ യാത്ര പുതുക്കുറിച്ചി ഫെറോനയിലെ ഇടവകകളുടെ സഹകരണത്തോടെ ഭക്തിസാന്ദ്രമായി. അതിരൂപതാ ഡയറക്ടർ ഫാ. ഡാർവിൻ, പുതുക്കുറിച്ചി ഫെറോനയിലെ ഇടവക വികാരിമാർ തുടങ്ങിയവർ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. സിസ്റ്റർ ആനിമേറ്റേഴ്സും അതിരൂപതാ-ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളും പ്രാർത്ഥനാ യാത്രയ്ക്ക് വഴികാട്ടികളായി.

പ്രതിസന്ധികളെ അതിജീവിച്ച് കുരിശിന്റെ വഴിയിൽ അണിനിരന്ന എല്ലാ യുവജനങ്ങൾക്കും കെസിവൈഎം അതിരൂപതാ സമിതിയും പുതുക്കുറിച്ചി ഫെറോന കെ.സി.വൈ.എം. സമിതി നന്ദി അറിയിച്ചു. ക്രൂശിതനായവന്റെ സ്നേഹത്തിലധിഷ്ഠിതമായ ഒരു യുവസമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

## അഞ്ചുതെങ്ങ് ഇടവകയിൽ സാന്ത്വന ആരോഗ്യ സമൃദ്ധി പദ്ധതിക്ക് തുടക്കമായി



2026 മാർച്ച് 22ന് അഞ്ചുതെങ്ങ് സെന്റ് പീറ്റേഴ്സ് ഫെറോനാ ദൈവാലയത്തിൽ സാന്ത്വന ആരോഗ്യ സമൃദ്ധി പദ്ധതിക്ക് ആരംഭം കുറിച്ചു. 40 മണിക്കൂർ ആരാധനയുടെ സമാപന ദിനത്തിൽ, ദിവ്യബലി അർപ്പണ വേളയിൽ ഇടവകയിലെ രോഗികൾക്ക് ഒരു കൈത്താങ്ങാകാൻ, അവരുടെ വേദനയിൽ ആശ്വാസമാകാൻ, അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ തയ്യാറായ ഒരു കൂട്ടം ഇടവക മക്കളുടെ കൂട്ടയ്മയിൽ ജൂബിലി ഹോസ്പിറ്റൽ ഡയറക്ടർ ലെനിൻ രാജ് അച്ചൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

## മത്സ്യ മേഖലയിൽ അതിരൂപത ഫിഷറീസ് മിനിസ്ട്രി വിവിധ പരിപാടികൾ നടത്തി

ഫിഷറീസ് മിനിസ്ട്രി പ്രേത വലകളും കടൽ മാലിന്യഭീഷണിയും എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തി. സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ക്ലാസിന് നേതൃത്വം നൽകി. കടലിൽ നഷ്ടപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതോ, വലിച്ചെറിയപ്പെട്ടതോ ആയ മത്സ്യബന്ധന വലകളാണ് പ്രേതവലകൾ. കടലിലോ തീരപ്രദേശത്തോ എത്തിച്ചേരുന്ന മനുഷ്യ നിർമ്മിതങ്ങളായ മാലിന്യങ്ങളെ ഇല്ലാതാക്കാനുള്ള മാർഗങ്ങൾ ക്ലാസിൽ വിശദീകരിച്ചു.



ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓരോ ഫെറോനയിലേയും മത്സ്യക്കച്ചവടസ്ത്രീകൾക്ക് 318 വെയിൽ സംരക്ഷണ കുടകൾ നൽകി. ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ.ലൂസിയാൻസ് തോമസ് കോവളം ഫെറോന ഫിഷറീസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ ഫാ. ലീനിന് വെയിൽ സംരക്ഷണ കുട നൽകിക്കൊണ്ട് ആദ്യവിതരണം നടത്തി. പുതുക്കുറിച്ചി-53 അഞ്ചുതെങ്ങ്-30 വലിയതുറ-35 തുത്തൂർ-50 കോവളം-75 പുല്ലുവിള -75 വീതം കുടകളാണ് വിതരണം ചെയ്തത്.

ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓരോ ഫെറോനയിലേയും റ്റി.എം.എഫ്. അംഗങ്ങൾക്ക് 420 റെയിൻ കോട്ട് നൽകി. മിനിസ്ട്രി ഡയറക്ടർ ഫാ.ലൂസിയാൻസ് കുടകളുടെ ആദ്യവിതരണം നടത്തി. പുതുക്കുറിച്ചി-50 അഞ്ചുതെങ്ങ്-50 വലിയതുറ-70 തുത്തൂർ-100 കോവളം-50 പുല്ലുവിള -100 വീതം വിതരണം ചെയ്തു.

## സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ വനിതാദിനമാഘോഷിച്ചു




തിരുവനന്തപുരം: സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ വനിതാദിനമാഘോഷിച്ചു. കനകക്കുന്നിൽ നിന്ന് ആരംഭിച്ച വാക്കത്തോൺ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ശ്രീ. സന്തോഷ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. മ്യൂസിയം എസ്. ഐ., ശ്രീ. ജെയ്സൺ ജോസഫ് ലഹരിവിരുദ്ധ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. വനിതാദിനാഘോഷവും പ്രതിനിധി സമ്മേളനവും കേരള വനിതാ വികസന കോർപറേഷൻ എം.ഡി. ശ്രീമതി. ബിന്ദു വി.സി. ഉദ്ഘാടനം ചെയ്തു. ലത്തീൻ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. ആഷ്‌ലിൻ ജോസ് സന്ദേശം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളെയും മികച്ച വനിതാ സംരംഭകരേയും ചടങ്ങിൽ ആദരിച്ചു.

# നീർച്ചാൽ

## ഉത്ഥാനം: അടയാളവും അനുഭവവും

ഈസ്റ്റർ (ഏപ്രിൽ 5)

**അപ്പ: 10:34, 37-43, കൊളോ 3:1-4, യോഹ 20:1-9**

**ഫാ. സി.കെ. തോപ്പിൽ**

'Risen' എന്ന ഹോളിവുഡ് ചിത്രം ക്രിസ്തുവിന്റെ ഉയിർപ്പിനെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്; 'The most important event in human history.' ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലാണ് സഭ വേരുപാകിയിരിക്കുന്നതും പണിതുയർത്തപ്പെട്ടിരിക്കുന്നതും. ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും അന്തസ്സത്തയുമാണ്. സഭയുടെ അടിസ്ഥാന ദൗത്യമായ സുവിശേഷപ്രഘോഷണത്തിന്റെ വിഷയവും മിശിഹായുടെ ഉത്ഥാനം തന്നെയാണ്.

### അധിക സ്നേഹത്തിന്റെ ആദ്യ സന്ദർശനം

മഗ്ദലേന മറിയമാണ് ആദ്യം യേശുവിന്റെ ശവകുടീരം സന്ദർശിക്കുന്നത്. കരിശിന്റെ നിഴലിൽ നിൽക്കാനും ഇരുട്ടിനെ ഭയപ്പെടാതെ ശവകുടീരത്തിന് സമീപമെത്താനും സാഹസികമായ സ്നേഹം വേണം. ഈ സ്നേഹത്തെ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് 'അധികസ്നേഹം' എന്നാണ്. കുരിശിന്റെ നിഴലിൽ നിൽക്കാനും ഇരുളിനെ ഭയപ്പെടാതെ ശവകുടീരത്തിന് സമീപമെത്താനും സാഹസികമായ സ്നേഹം വേണം. ഈ സ്നേഹത്തെ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് 'അധികസ്നേഹം' എന്നാണ്. അധികം ക്ഷമിച്ചവനെ അധികം സ്നേഹിക്കുമ്പോഴുണ്ടാകുന്ന അധിക സന്തോഷവും സമാധാനവുമാണ് ഉത്ഥാന അനുഭവം എന്നു നിരീക്ഷിക്കാം. ആരൊക്കെ യേശുവിനെ ഭയംകൂടാതെ ആത്മാർത്ഥമായി, ആഴമായി, അധികം സ്നേഹിക്കുന്നുവോ അവർക്ക് ഉറപ്പുള്ള ഉണ്മയാണ് ഉത്ഥാനാനുഭവം.

### ഉത്ഥാനാനുഭവത്തിന്റെ ആധികാരികത

മാറ്റപ്പെട്ട കല്ലും ശൂന്യമായ കല്ലറയും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് മഗ്ദലേന തന്റെ അനുഭവം ആദ്യം പങ്കുവച്ചത് പത്രോസിനോടും യോഹന്നാനോടുമാണ്. ശിഷ്യന്മാർക്കിടയിൽ പത്രോസിനും യോഹന്നാനുമുള്ള പ്രാമുഖ്യം സുവിദിതമാണ്. വാർത്ത കേട്ടമാത്രയിൽ ഇരുവരും ശവകുടീരത്തിങ്കലേക്ക് ഓടി. ആദ്യം ഓടിയെത്തിയത് യോഹന്നാനാണെങ്കിലും ആദ്യം കല്ലറയിൽ പ്രവേശിക്കാനുള്ള അവകാശം ശിഷ്യപ്രമുഖനായ പത്രോസിനുള്ളതാണെന്ന ബോധ്യത്തിൽ യോഹന്നാൻ ആദ്യം അകത്ത് പ്രവേശിക്കുന്നില്ല.

ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന ശരീരമല്ല ഈശോയ്ക്ക് ഇനിയുള്ളത്. അവൻ മഹത്വപൂർണനായ് ഉയിർത്തെഴുന്നേറ്റു. CCC 654 ഇപ്രകാരം പഠിപ്പിക്കുന്നു. തന്റെ കുരിശുമരണംവഴി നമ്മെ പാപത്തിൽനിന്ന് മോചിപ്പിച്ച്, തന്റെ ഉയിർപ്പുവഴി പുതുജീവിതത്തിലേക്കുള്ളവഴി തുറന്നുതന്ന് മൂന്നാം ദിനം അവിടന്ന് കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു. മരണമേ, നിന്റെ വിജയമെവിടെ? മരണമേ നിന്റെ ദംശനമെവിടെ? (1 കോറി 15:54-55) പ്രസിദ്ധ ഗ്രന്ഥകാരനായ Clarence W. Itall പറയുന്നത് ശ്രദ്ധിക്കുക; "Easter to you, You can put truth in the grave, but it will not stay there?''

### ഉത്ഥാനാനുഭവത്തിന്റെ ആധികാരികമായ അനുഭവവും അടയാളവുമാണ് ശൂന്യമായ കല്ലറയും കച്ചയും തൂവാലയും.

ഇന്നലെയുടെ അടിമത്തത്തിൽനിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത് ഇന്നിൽ ക്രിസ്തുവിന്റെ സ്വന്തമായി നാം ജീവിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തുവിന്റെ ഉത്ഥാനം ആധികാരികമായി പ്രഘോഷിക്കുന്ന തിരുസഭയോടു ചേർന്നുനിന്നാലേ ഈ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ നമുക്കും സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ ഉത്ഥാനം നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവരോട് പ്രഘോഷിച്ചുകൊണ്ട് നാമായിരിക്കുന്ന ഇടങ്ങളിൽ ഉത്ഥാന സന്തോഷവും സമാധാനവും പങ്കുവച്ച് ജീവിക്കാം.

## കരുണ

പെസഹാക്കാലം 2-ാം ഞായർ (ഏപ്രിൽ 12)

**അപ്പ: 2:42-47a, 1 പത്രോ 1:3-9, യോഹ 20:19-31**

**ഫാ. പ്രബൽ**

ദിവ്യകരുണയുടെ അപ്പസ്തോലയെന്നാണ് സിസ്റ്റർ ഫൗസ്റ്റിന അറിയപ്പെടുക. 2000 ഏപ്രിൽ 30 ന് ഈസ്റ്ററിന്റെ രണ്ടാം ഞായറാഴ്ച സിസ്റ്റർ ഫൗസ്റ്റിനയെ വിശുദ്ധയായി പ്രഖ്യാപിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ പാപ്പ പറഞ്ഞു; "തന്റെ പുത്രന്റെ വിലയേറിയ രക്തത്താൽ നമ്മെ രക്ഷിച്ച, കരുണയാൽ സമ്പന്നനായ പിതാവായ ദൈവത്തിൽ നമ്മുടെ വിശ്വാസവും പ്രത്യാശയും അർപ്പിക്കാൻ ഈ വിശുദ്ധ ആഹ്വാനം ചെയ്യുന്നു."

യേശു സിസ്റ്റർ ഫൗസ്റ്റിനയെ അവളുടെ ഹ്രസ്വകാല ജീവിതത്തിനിടയിൽ മൂന്ന് അടിസ്ഥാന ജോലികൾ ഏല്പിച്ചു.

1) ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, ദൈവത്തിന്റെ അഗ്രാഹ്യമായ കാരുണ്യത്തിൽ അവരെ ഭരമേല്പിക്കുക. 2) ദൈവത്തിന്റെ ഉദാരമായ കാരുണ്യത്തെക്കുറിച്ച് ലോകത്തെ അറിയിക്കുക. 3) ദൈവകരുണയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സഭയിൽ ഒരു പുതിയ നവീകരണം ആരംഭിക്കുക.

ഫയദോർ ദസ്തയേവിസ്കിയുടെ വിശ്വവിഖ്യാതമായ കരാമസോവ് സഹോദരന്മാർ എന്ന നോവലിലെ കഥാപാത്രമായ സോസിമ എന്ന വൈദികന്റെ വാക്കുകൾ ഫ്രാൻസിസ് പാപ്പ പ്രഭാഷണത്തിൽ ഉദ്ധരിക്കുന്നുണ്ട്. തന്നെ ശാരീരികവും മാനസികവുമായി ഉപദ്രവിച്ചിരുന്ന ഭർത്താവിനെ കൊന്ന ഭാര്യയോട് സോസിമ എന്ന വൈദികൻ പറയുന്നു: ഭയപ്പെടേണ്ടാ, ഒരിക്കലും ഭയപ്പെടരുത്. ദുഃഖിക്കുകയും വേണ്ട. നിന്റെ അനുതാപം വറ്റിപ്പോകാത്തിടത്തോളംകാലം ദൈവം എല്ലാം ക്ഷമിക്കുന്നു. യഥാർത്ഥമായ അനുതാപം ഉണ്ടെങ്കിൽ ദൈവം ക്ഷമിക്കാത്ത ഒരു പാപവും ഈ ഭൂമിയിൽ ഇല്ല. ദൈവത്തിന്റെ അനന്തസ്നേഹത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പാപവും മനുഷ്യന് ചെയ്യാൻ സാധിക്കുകയില്ല. ഇതിനോട് ഫ്രാൻസിസ് പാപ്പ കൂട്ടിച്ചേർക്കുന്നു. അനുരഞ്ജന കൂദാശയിലൂടെ ആ സ്ത്രീക്ക് ജീവിതം നവീകരിക്കാനും ഒരു നവ്യമായ പ്രത്യാശയിലേക്ക് ജീവിതത്തെ തിരിച്ചുവിടാനും സാധിച്ചു. പാപം ഏതുതരം ആയാലും ദൈവത്തെ ദുഃഖിപ്പിക്കുന്നു. എന്നാൽ അനുതാപം അവിടത്തെ പ്രീതിപ്പെടുത്തുകയും പാപപ്പൊറുതി നല്കാൻ മനസ്സാകുകയും ചെയ്യുന്നു.

കരുണയുടെ ലാറ്റിൻ വാക്ക് Misericordia എന്നാണ്. ദുരിതം എന്നർത്ഥമുള്ള Miseriae എന്ന വാക്കും ഹൃദയം എന്നർത്ഥമുള്ള Cor എന്ന വാക്കും കൂടിച്ചേർന്നതാണ് അത്. അപ്പോൾ ദൈവകരുണ എന്നാൽ നമ്മുടെ സകല ദുരിതങ്ങളെയും പാപങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിൽ വികസിതമായ ദൈവത്തിന്റെ ഹൃദയം എന്നർത്ഥം. സിസ്റ്റർ മരിയ ഫൗസ്റ്റീന കൊവാൽസ്ക്കയ്ക്ക് യേശു നേരിട്ടുനൽകിയ സന്ദേശങ്ങളിൽ തന്റെ അനന്ത കാരുണ്യത്തെ വെളിപ്പെടുത്തുന്നു. ഒരാത്മാവിന്റെ ദയനീയത എത്ര അധികമാണോ അത്ര ശക്തമാണ് എന്റെ കരു

ണയ്ക്കുള്ള അതിന്റെ അവകാശവും (1182). പാപവും ബലഹീനവുമായ ആത്മാവ് എന്നെ സമീപിക്കാൻ ഭയപ്പെടേണ്ടാ. ആത്മാവിന്റെ പാപങ്ങൾ ലോകത്തിലെ മുഴുവൻ മൺതരികളേക്കാൾ അധികം ആണെങ്കിൽപോലും അവയെല്ലാം അത്യ ഗാധമായ എന്റെ കരുണയുടെ അഗാധ തയിൽ ആഴ്ന്നുപോകും (1059).

യേശു സിസ്റ്റർ ഫൗസ്റ്റീനയോട് പറയുക, അനുരഞ്ജനകൂദാശ കരുണ യുടെ സിംഹാസനമാണ്. അനുരഞ്ജന കൂദാശ ഒരു torture chamber അല്ല എന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പി ക്കുന്നു. അനുരഞ്ജനകൂദാശയോടുള്ള എന്റെ മനോഭാവം എന്താണ്? അനു രഞ്ജനകൂദാശ ദൈവകരുണയുമായുള്ള ഒരു കണ്ടുമുട്ടൽ ആകുന്നുണ്ടോ? അതോ അത് വെറും ഒരു യാന്ത്രികമായ അനു ഷ്ഠാനമാണോ? ആത്മാർത്ഥമായാണോ ഞാൻ അനുരഞ്ജനത്തിനായി അണയു ന്നത്?

## പാഥേയം

പെസഹാക്കാലം 3-ാം ഞായർ (ഏപ്രിൽ 19)

**അപ്പ: 2:14,22-23. 1 പത്രോ 1:17മ-21. ലൂക്കാ 24:13-35**

**ഫാ. റോബിൻ ബാൾഡ്‌വിൻ**

**എമ്മാവൂസിലേക്കുള്ള യാത്രയിൽ കർത്താവ് ശിഷ്യന്മാർക്ക് വിശുദ്ധലിഖിതം വ്യാഖ്യാനിച്ചുകൊടുത്തതും അപ്പമെടുത്ത് മുറിച്ചുനൽകിയപ്പോൾ അവർ അവിടുത്തെ തിരിച്ചറിഞ്ഞതും തനിക്ക് മനുഷ്യരോടുള്ള സഹാനുഭൂതി വ്യക്തമാക്കുന്നു. ഈ യാത്രയുടെ അർത്ഥം എന്തായിരുന്നു...**

### 1. കർത്താവിന്റെ അസാന്നിധ്യത്തിലുള്ള ശിഷ്യന്മാർ

**ജെറുസലേമിൽനിന്ന് ഏകദേശം 11 കിലോമീറ്റർ (60 സ്താദിയോൺ) അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്ക് രണ്ട് ശിഷ്യന്മാർ യാത്ര തിരിക്കുന്നു. പണ്ട് ശിഷ്യന്മാരെ രണ്ടു പേർവീതം വേലയ്ക്ക് അയച്ചതിന്റെ സ്മരണ ഇവിടെ കാണാം (ലൂക്കാ. 10:1) യേശുവും ശിഷ്യന്മാരുംകൂടെ ഒരുമിച്ചുനടത്തിയ രണ്ടാം ജെറുസലേം യാത്രയും ഇവിടെ നിഴലിക്കുന്നുണ്ട് (9:51-19:28). രണ്ടുപേരിൽ ഒരാളുടെ പേര് ക്ലയോപാസ്. മറ്റേയാൾ? പേരില്ലാത്ത അയാൾ ഞാനായിരിക്കുമോ? പ്രതീക്ഷകൾ എല്ലാം അസ്തമിച്ച അവരുടെകൂടെ അറിയപ്പെടാത്തവനും അപരിചിതനുമായി യേശു സഞ്ചരിക്കുന്നു. എന്തിനായിരുന്നു ഈ യാത്ര? അതും മൂന്നാംദിവസംതന്നെ? ഉത്തരം നൽകപ്പെടുന്നില്ല. എല്ലാം നഷ്ടപ്പെട്ടവരുടെ നിരാശയുടെ തീർത്ഥാടനം ആണോ ഇത്?**

### 2. ജെറുസലേമിലേക്ക് യാത്രചെയ്യുന്ന യേശു

**പിതാവിന്റെ പക്കലേക്കുള്ള യാത്ര. ജെറുസലേമിൽനിന്ന് തുടങ്ങി ഭൂമിയുടെ അതിർത്തികൾവരെ സഭ ചെയ്യാനിരിക്കുന്ന യാത്രയുടെ മുന്നോടിയാണ് ഇത് (അപ്പോ-18). സഭയുടെ എല്ലാ യാത്രകളിലും യേശുവിന്റെ സാന്നിധ്യമുണ്ട്.**

### 3. മറഞ്ഞുപോകുന്ന കർത്താവിന്റെ സാന്നിധ്യം

**വേദപുസ്തകത്തിന്റെ വ്യാഖ്യാനത്തിലും കർത്താവിന്റെ അത്താഴത്തിലും അവൻ സന്നിഹിതനാണ്. ദൈവവചനത്തോട് തുറന്ന മനോഭാവമുള്ളവർക്ക് അനുദിന സംഭവങ്ങളിൽ ഉത്ഥിതനെ ദർശിക്കാനാകും. ഉത്ഥാനം എന്നത് കർത്താവിന്റെ രണ്ടാം ആഗമനമാണ്. അനുദിന ജീവിതത്തിലൂടെ പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ സാന്നിധ്യംതന്നെയാണ് ഈ ആഗമനം. മഹത്വത്തിലായിരിക്കുമ്പോൾ ശിഷ്യന്മാരോടൊപ്പം നടക്കുന്നവനും യാത്ര ചെയ്യുന്നവനുമാണ് യേശു. ഉൾക്കാഴ്ചയുള്ളവർക്കൊക്കെ അവനെ തിരിച്ചറിയാൻ കഴിയും.**

**മാനസങ്ങളിൽ മനസ്സാന്നിധ്യമായി ഉത്ഥിതൻ എന്നും നിറഞ്ഞുനിൽക്കട്ടെ. അപ്പമായവൻ പാഥേയമായി പരിപാലിക്കട്ടെ. എന്റെ വഴികളിൽ കൂട്ടായി എന്നും ഉത്ഥിതൻ കൂടെയുണ്ട്.**

## നല്ലിടയ ഞായർ

പെസഹാക്കാലം 4-ാം ഞായർ (ഏപ്രിൽ 26)

**അപ്പ: 2:14, 36-41, 1 പത്രോ 2:20-25, യോഹ 10:1-10**

**ഫാ. വിശാൽ വർഗീസ്**

ഈസ്റ്റർ കഴിഞ്ഞുള്ള നാലാം ഞായർ തിരുസഭയിൽ നല്ലിടയന്റെ ദിനമായി ആചരിക്കപ്പെടുന്നു. കൂലിക്കാരായ വ്യാജ ഇടയന്മാരുമായി തുറന്ന താരതമ്യം നടത്തിക്കൊണ്ടാണ് ക്രിസ്തു തന്നെത്തന്നെ നല്ലിടയനായി നിർവചിക്കുന്നത്. കൂലിക്കാരായ ഇടയനിൽനിന്നും വ്യത്യസ്തമായി ആടുകളുടെ നന്മയും ജീവനും പോഷണവും അല്ലാതെ മറ്റൊരു ചിന്തയുമില്ലാത്തവനാണ് യഥാർത്ഥ നല്ലിടയൻ. ആയതിനാൽ ഈ ലക്ഷ്യങ്ങളിൽ എത്തിച്ചേരുവാൻവേണ്ടി അയാൾ സ്വജീവൻ സമർപ്പിക്കാൻപോലും സന്നദ്ധത കാട്ടുന്നു. ക്രിസ്തുവിന്റെ നല്ലിടയ ദൗത്യത്തിൽ നാം കാണേണ്ടതും ധ്യാനിക്കേണ്ടതും ഇസ്രായേൽ ജനത്തോടുള്ള ദൈവത്തിന്റെ പിതൃരൂപവും അവിടുത്തെ പരിപാലനയും അവിടുത്തെ ജനത്തോടുള്ള സ്നേഹവും വാത്സല്യവുമാണ്.

ദൈവത്തെ ഇടയനായി ഇസ്രായേൽ ജനം കണക്കാക്കിയിരുന്നു. ദൈവജനത്തെ നയിക്കുന്നവർ ഇടയന്മാരാണ്. ദാവീദ് ഇടയച്ചെറുക്കനായിരുന്നു. പിന്നീട് അദ്ദേഹം ഇസ്രായേലിന്റെ നല്ലിടയനായി, രാജാവായി ഉയർത്തപ്പെട്ടു. എന്നാൽ ഇസ്രായേലിൽ പിന്നീടുവന്ന ഇടയരാജാക്കന്മാർ ആളുകളെ പോറ്റുന്നതിനുപകരം തങ്ങളെത്തന്നെ പോറ്റുന്നവരായിത്തീർന്നു. മാത്രമല്ല, കഠിനമായും ക്രൂരമായും അവർ ജനത്തോട് പെരുമാറി. അതിനാൽ ദൈവംതന്നെ ഇസ്രായേലിൽ ഇടയനായി വരുമെന്ന് എസെക്കിയേൽ പ്രവചിക്കുന്നുണ്ട്. 'ഇതാ, ഞാൻതന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും. ഞാൻ അവയെ തേടിയിറങ്ങും. നയിക്കും.'

പുതിയ നിയമത്തിൽ ക്രിസ്തുവാണ് ആട്ടിൻപറ്റത്തെ ജീവനിലേക്ക് നയിക്കുന്ന സ്നേഹകവാടമായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. അവിടന്ന് നിത്യതയിലേക്കുള്ള വാതിലാണ്. വാതിൽ എന്ന പ്രതീകം ഹെബ്രായ ശീലത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് നാടോടി ഇടയന്മാർ തങ്ങളുടെ ആളുകളുമായി പച്ചയായ മേച്ചിൽപ്പുറങ്ങൾതേടി യാത്ര പുറപ്പെടും. രാത്രിയിൽ ഏതെങ്കിലും ഗുഹയിലേക്ക് അവയെ സുരക്ഷയ്ക്കായി ആനയിക്കും. വാതിൽ ഇല്ലാത്തതുകൊണ്ട് ഗുഹാമുഖം അടയ്ക്കുക സാധ്യമല്ല. അതുകൊണ്ട് ഇടയൻതന്നെ ഗുഹാമുഖത്ത് കുറുകെ കിടക്കും. അങ്ങനെയെങ്കിൽ ഒരാടിന് പുറത്തു കടക്കണമെങ്കിൽ ഇടയന്റെ നെഞ്ചിൽ ചവിട്ടാതെ മറ്റ് പോംവഴികളില്ല. എന്നാൽ, ഒരു കള്ളനോ, കുറുനരിക്കോ അകത്തുവരണമെങ്കിലും അയാൾ അറിയാതെ മറ്റുവഴികളില്ല. അതുകൊണ്ടുതന്നെയാണ് 'ആടുകളുടെ വാതിൽ ഞാനാണ്' എന്ന് ക്രിസ്തു പറഞ്ഞപ്പോൾ കേൾവിക്കാരുടെ മിഴികൾ നിറഞ്ഞത്. ക്രിസ്തുപറഞ്ഞ ഈ വരികൾ അസാധാരണമായ സംരക്ഷണത്തിന്റെയും ദൈവിക കാരുണ്യത്തിന്റെയും ഓർമ്മപ്പെടുത്തലാണ്. നല്ലിടയൻ പേരുചൊല്ലി വിളിക്കുമ്പോൾ നമുക്ക് അവന്റെ സ്വരം തിരിച്ചറിയാം. അവനെ അനുഗമിക്കാം. നമുക്ക് ജീവനുണ്ടാകാം, അത് സമൃദ്ധമായി ഉണ്ടാവുകയും ചെയ്യും. ●

നേർക്കാഴ്ച

ജെ. സി.




# എ.ഐ ഉച്ചകോടി
## പ്രയോജനം എല്ലാപേർക്കും ലഭ്യമാക്കണം

രാജ്യത്തെ ഏറ്റവും വലിയ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഉച്ചകോടിക്കാണ് ഡൽഹി സാക്ഷ്യംവഹിച്ചത്. സാങ്കേതികവിദ്യ ധനകേന്ദ്രീകൃതമാകാതെ മനുഷ്യകേന്ദ്രീകൃതമായിരിക്കാനുള്ള ആഗോളധാരണ രൂപപ്പെടുത്തണമെന്ന ഉച്ചകോടിയുടെ ധാർമ്മികലക്ഷ്യം എത്രത്തോളം സാധ്യമാവും എന്നത് വരുംകാലമാണ് തെളിയിക്കേണ്ടതെങ്കിലും എ.ഐ സമത്വം എന്ന ആവശ്യത്തിനുവേണ്ടി ഉച്ചകോടിയിൽ പങ്കെടുത്ത രാജ്യങ്ങളെല്ലാം കൈകോർത്തത് ശുഭോദർക്കമാണ്. ശാസ്ത്ര സാങ്കേതിക മേഖലയിൽ ലോകം കൈവരിച്ച ഏറ്റവും വലിയ നേട്ടമാണ് എ.ഐ (നിർമിത ബുദ്ധി). മനുഷ്യരാശിക്കുവേണ്ടിയും അവകാശപ്പെട്ടതാണ് എ.ഐ ഇംപാക്ട്. ഉച്ചകോടിയുടെ സമാപനത്തോടനുബന്ധിച്ച് "ഡൽഹി - പ്രഖ്യാപനം" എന്നപേരിൽ പുറത്തിറക്കിയ പ്രസ്താവന ഈ കാലവും നവലോകവും ആവശ്യപ്പെടുന്നതുതന്നെ. എ.ഐയുടെ ജനാധിപത്യവൽക്കരണമാണ് 88 രാജ്യങ്ങളും യൂറോപ്യൻ യൂണിയനടക്കം 2 സംഘടനകളും ഒപ്പിട്ട സംയുക്ത പ്രസ്താവന ഊന്നൽനൽകുന്നത്.

> എഐ സാങ്കേതിക വിദ്യ ഒരു കമ്പനിയിലോ ഒരു രാജ്യത്തിലോ കേന്ദ്രീകരിക്കുന്നത് നാശത്തിന് കാരണമാകും. മനുഷ്യകുലത്തിന്റെ നന്മ ഉറപ്പിക്കാൻ എഐയെ ജനാധിപത്യവത്ക്കരിക്കുകയാണ് വേണ്ടത്.

ചില രാജ്യങ്ങൾ എ.ഐ സംവിധാനങ്ങൾ കുത്തകയാക്കിവയ്ക്കുന്നതിനെതിരെയുള്ള ഇന്ത്യയുടെ വിയോജിപ്പായിട്ടാണ് ഇത് വിലയിരുത്തപ്പെടുന്നത്. ഇതിനുപകരം എ.ഐയെ ജനാധിപത്യവൽക്കരിക്കുന്ന ഓപ്പൺ സോഴ്സ് സംവിധാനങ്ങൾ വികസിക്കപ്പെടണം എന്ന ഇന്ത്യൻ നിലപാടിനോടൊപ്പംചേർന്ന് പോകുന്നതാണ് ഡൽഹി പ്രഖ്യാപനം. എ.ഐ. രംഗത്തെ കുത്തകവത്ക്കരണത്തിനെതിരെ മോദിക്കു പുറമേ ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മക്രോയും ഐക്യരാഷ്ട്ര സംഘടന ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടെറസുമാണ്  ഉച്ചകോടിയിൽ നിലപാട് സ്വീകരിച്ചത്. എഐ സാങ്കേതിക വിദ്യ ഒരു കമ്പനിയിലോ ഒരു രാജ്യത്തിലോ കേന്ദ്രീകരിക്കുന്നത് നാശത്തിന് കാരണമാകുമെന്നും മനുഷ്യകുലത്തിന്റെ നന്മ ഉറപ്പിക്കാൻ എഐയെ ജനാധിപത്യവത്ക്കരിക്കുകയുമാണ് വേണ്ടതെന്നും ഓപ്പൺ എ.ഐ സ്ഥാപകൻ സാം ഓൾട്ടുമാൻ പറഞ്ഞതും ഈ ദിശയിലേക്കുള്ള ശ്രദ്ധേയ നിലപാടായി.

എ.ഐ എല്ലാപേർക്കും ലഭ്യമാക്കാൻ കുറഞ്ഞ ചിലവിലുള്ള ഇന്റർനെറ്റും ഡിജിറ്റൽ അടിസ്ഥാന സൗകര്യവും നിർണായകമാകുമെന്നും സംയുക്ത പ്രസ്താവനയിൽ ഒപ്പിട്ട രാജ്യങ്ങൾ വിലയിരുത്തുകയുണ്ടായി. രാജ്യത്തിന്റെ ആഭ്യന്തര നിയമങ്ങളെ മാനിച്ചുകൊണ്ടുതന്നെ അടിസ്ഥാന എ.ഐ സംവിധാനങ്ങൾ സാധാരണക്കാർക്ക് എത്തിക്കുന്നതിനു നടപടികൾ സ്വീകരിക്കുമെന്നും പ്രസ്താവനയിലുണ്ട്.

ഉച്ചകോടിയിൽനിന്ന് ആതിഥേയ രാജ്യത്തിന് കൈവരുന്ന നേട്ടങ്ങളെക്കുറിച്ച് പറയുന്നുണ്ട്. എ.ഐ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് 25000 കോടി ഡോളറിന്റെ നിക്ഷേപം സംബന്ധിച്ച് ഉറപ്പുകൾ വിവിധ കമ്പനികളിൽനിന്നായി ലഭിച്ചതായാണ് കേന്ദ്രസർക്കാർ പറഞ്ഞത്. ഇതുവരെയുള്ള സാങ്കേതിക വിദ്യയും എ.ഐയെക്കാൾ വലിയ സ്വപ്നം ലോകത്തിന് നൽകിയിട്ടില്ലെന്നും ഗൂഗിൾ സിഇഒ സുന്ദർ പിച്ചെ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. ലോകത്തിന്റെയാകെ ശ്രദ്ധ ആകർഷിച്ച ഈ ഉച്ചകോടി മാനവരാശിയുടെ വളർച്ചയിലേക്ക് പങ്ക് നല്കണമെങ്കിൽ ഡൽഹി പ്രഖ്യാപനം കർമ്മപഥത്തിലെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായ തുടർ നടപടികൾ ഉണ്ടാവുകയും വേണം.

M.CAP
MARIAN COLLEGE OF ARCHITECTURE & PLANNING

Approved by AICTE
Approved by COA
Affiliated to KTU

Council of Architecture

National Association of Students of Architecture NASA

# B.ARCH | B.DES | MCA ADMISSION!

## YOUR FUTURE, BUILT ON EXCELLENCE



Career-Ready Graduates

10+ Years of Academic Excellence

Scholarships for Merit & Talented

Global Partnerships

No. 1 Elite Design & Architectural Legacy of Trivandrum Latin Arch Diocese

9188917753
9188917754

MARIAN EDUCITY

mcap.official

www.mcap.edu.in

Marian Educity, Kazhakuttam, Thiruvananthapuram, Kerala

Subject to Affiliation

## ADMISSIONS 2026 | NATA PREPARATION PROGRAM

# B.ARCH 2026 ENTRANCE COACHING



- Architect-Led Mentorship
- Hand Sketching + Perspective Training
- NATA-Based Mock Tests

BOTH OFFLINE & ONLINE CLASSES

APRIL 6 ONWARDS

+91 7034646099

For Booking your seats

LATIN ARCHDIOCESE of TRIVANDRUM

# EXPANDING HORIZONS AT MARIAN EDUCITY

**Introducing new-age programs designed for the future.**

- Integrated MCA (BCA + MCA)
- Bachelor of Design (B.Des)
- B.Tech – Electrical & Computer Engineering (ECE)

*More pathways.*
*One vision of excellence.*

MARIAN EDU CITY

MCA/B.tech Admission
+91 8281377111

Pub. Date: 01.04.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26



Total Pages 44
Rs. 30/-







Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George